ജനകീയ ആസൂത്രണം

പുറമറ്റം ഗ്രാമ പഞ്ചായത്ത്

സമഗ്ര വികസന രേഖ

കവർ

പി. ഡി. രഘു, വെണ്ണിക്കുളം

ടൈപ്പ് സെറ്റിംഗ്, പ്രിന്റിംഗ്

നോബിൾ പ്രിന്റേഴ്സ്, ഇരവിപേരൂർ

"ഭാരതത്തിന്റെ ആത്മാവ്
ഗ്രാമങ്ങളിൽ വസിക്കുന്നു."

പുറമറ്റം ഗ്രാമ പഞ്ചായത്തിന്റെ ഭൂപടം



പുറമറ്റം ഗ്രാമ പഞ്ചായത്ത് കാര്യാലയം

അഭിമാന പൂർവ്വം.....

പ്രൊഫ. പി.ജെ. കുര്യൻ M.P

ശ്രീ. ടി.എസ്. ജോൺ M.L.A.

ഡോ. മേരി തോമസ്, മാടോലിൽ
(ജില്ലാ പഞ്ചായത്ത് പ്രസിഡൻറ്)

ശ്രീമതി. നബീസ ബീവി
(ബ്ലോക്ക് പഞ്ചായത്ത് അംഗം)

പുറമറ്റം ഗ്രാമപഞ്ചായത്ത് ഭരണസമിതി



ടി.എസ്. മന്മഥൻ (പ്രസിഡൻറ്)

സുജാ ജേക്കബ് (വൈസ്- പ്രസിഡൻറ്)

മേരി ചെറിയാൻ
(സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ)

അമ്മിണി കുര്യൻ (മെംബർ)



ലാലു തോമസ് (മെംബർ)



രാജൻ ഏബ്രഹാം (മെംബർ)



ഏബ്രഹാം പുലിപ്ര (മെംബർ)



പി.വി. ചാക്കോ (മെംബർ)

നന്ദിപൂർവ്വം . . .

"ഭാരതത്തിന്റെ ആത്മാവ് ഗ്രാമങ്ങളിൽ വസിക്കുന്നു." രാഷ്ട്രപിതാവിന്റെ ഈ വാക്കുകൾക്ക് സ്വാതന്ത്ര്യ ലബ്ധിയുടെ സുവർണ്ണജൂബിലി വർഷത്തിൽ ചിറകു മുളയ്ക്കുന്നു. ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ ഒൻപതാം പഞ്ചവത്സര പദ്ധതിക്ക് രൂപം നല്കുമ്പോൾ കേരളം, ഭാരതത്തിനാകമാനം മാതൃകയാകുകയാണ്. ഗ്രാമസഭകളിലൂടെ ഉയർന്നുവന്ന ജനശബ്ദം, ഗ്രാമത്തിന്റെ സമഗ്രവികസന രേഖയായി പ്രകാശനം ചെയ്യപ്പെടുന്ന ഒരു ധന്യ മുഹൂർത്തത്തിൽ എത്തി നിൽക്കുന്നു നാമിന്ന്.

ഒരു ഗ്രാമത്തിന്റെ ചിന്തകളെ, ചിന്തേരിട്ടു മിനുക്കി, ചന്തമുള്ള ചിന്തകളാക്കി ജനമദ്ധ്യത്തിൽ അവതരിപ്പിക്കുകയാണ് ഈ വികസന രേഖയിലൂടെ. ഈ പണിപ്പുരയിൽ പണിയെടുത്തവർ അനേകരാണ്. അവരെ നന്ദിപൂർവ്വം സ്മരിക്കുന്നു.

ഈ വികസന റിപ്പോർട്ടിലൂടെ അനാവരണം ചെയ്യപ്പെട്ട ആശയാഭിലാഷങ്ങളെ, അക്ഷരങ്ങൾകൊണ്ട് കോർത്തിണക്കി, വർണ്ണച്ചിറകുകളുള്ള ചിത്രശലഭങ്ങളാക്കി, നമ്മുടെ കൈകളിൽ എത്തിച്ചതാകട്ടെ, നോബിൾ പ്രിന്റേഴ്സ്, ഇരവിപേരൂർ.

പുറമറ്റം ഗ്രാമപഞ്ചായത്ത് വിഭാവനം ചെയ്യുന്ന ഈ വികസനരേഖയ്ക്ക് വീര്യം പകർന്ന ഏവർക്കും നന്ദിയുടെ പൂച്ചെണ്ടുകൾ അർപ്പിക്കുന്നു.

ആശംസകളോടെ,

എഡിറ്റോറിയൽ ബോർഡിനുവേണ്ടി

ചെറിയാൻ.പി ചെറിയാൻ

ചീഫ് എഡിറ്റർ

ഉള്ളടക്കം

1. ആമുഖം

2. പഞ്ചായത്ത്-ഒറ്റനോട്ടത്തിൽ

3. സാമൂഹ്യ-സാംസ്കാരിക ചരിത്രം

4. വികസന മേഖലകളുടെ അവലോകനം

4 - 1. കൃഷിയും ജലസേചനവും

4 - 2. മൃഗസംരക്ഷണം, മത്സ്യബന്ധനം

4 - 3. വിദ്യാഭ്യാസം

4 - 4. കുടിവെള്ളവും പൊതുജനാരോഗ്യവും

4 - 5. വ്യവസായം

4 - 6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

4 - 7. പാർപ്പിടം

4 - 8. സംസ്കാരം

4 - 9. വനിത

4 - 10. സഹകരണം

4 - 11. പട്ടികജാതി-വർഗ്ഗ ക്ഷേമം

4 - 12. വിഭവ സമാഹരണം

5. ഉപസംഹാരം

സമഗ്ര വികസന രേഖയുടെ ശില്പികൾ

എഡിറ്റോറിയൽ ബോർഡ്

ചെറിയാൻ പി. ചെറിയാൻ - ചീഫ് എഡിറ്റർ
പി.വി.ചാക്കോ
ലാലു തോമസ്
രാജൻ ഏബ്രഹാം
പ്രൊഫ:ഒ.എ.ചെറിയാൻ
പ്രൊഫ:ടോണി മാത്യു
ഇ.വി.ഏബ്രഹാം
ജയിംസ്.കെ.തോമസ്
വറുഗീസ് പി. പീറ്റർ
എ.എസ്.ജേക്കബ്
എൻ.ടി.ജോർജ്ജ്
മാമ്മൻ ഫിലിപ്പ്
ബോബൻ ജോൺ
നബീസാ ബീവി

ജില്ലാ റിസോഴ്സ് പേഴ്സൺസ്

ഇ.വി. ഏബ്രഹാം
പി.വി. ചാക്കോ
ചെറിയാൻ പി. ചെറിയാൻ
കെ.കെ.കൊച്ചുകുഞ്ഞ്

കീ റിസോഴ്സ് പേഴ്സൺ

കെ.പി.രാധാകൃഷ്ണൻ

പഞ്ചായത്ത് സെക്രട്ടറി

എം.സി.ജെയിംസ്

വികസന രേഖയ്ക്കു പിന്നിൽ പ്രവർത്തിച്ചവർ

ടി.എസ്.മന്മഥൻ - പ്രസിഡന്റ്

പി.വി.ചാക്കോ

ലാലു തോമസ്

രാജൻ ഏബ്രഹാം

ഏബ്രഹാം, പുലിപ്ര

നബീസാ ബീവി

സുജാ ജേക്കബ്

മേരി ചെറിയാൻ

അമ്മിണി കുര്യൻ

ലീലാമ്മ മാത്യു

എൻ.കൃഷ്ണൻ നായർ

എം.രാമദാസ്

പി.എം.ലൂർദ്

കെ.കെ.ഗോപിനാഥൻ

സി.പി.റോയി

പി.ഡി.രഘു

പി.എ.ഹബീബ് റാവുത്തർ

വി.വി.ദാനിയേൽ

കെ.ഒ.ഭാസ്കരൻ

പി.ജി.രാമചന്ദ്രൻ നായർ

ഇ.പി.ഫിലിപ്പ്

പൂറമറ്റം ഗ്രാമപഞ്ചായത്ത്

പൊതു സ്ഥാപനങ്ങൾ

പോസ്റ്റോഫീസ്	-	2
സബ്ബ് - പോസ്റ്റോഫീസ്	-	3
മൃഗാശുപത്രി	-	1
സബ്ബ് - സെന്റർ	-	3
കൃഷിഭവൻ	-	1
ഗ്രാമ വികസന ഓഫീസുകൾ	-	2
പബ്ലിക് ഹെൽത്ത് സെന്റർ	-	1
ആയുർവ്വേദ ആശുപത്രി	-	1
ഹൈസ്കൂൾ	-	2
യു.പി.സ്കൂൾ	-	3
എൽ.പി.സ്കൂൾ	-	4
ഗവ:പോളി ടെക്നിക്	-	1
ഗ്രന്ഥശാലകൾ	-	2
റേഷൻ കടകൾ	-	12
മാവേലി സ്റ്റോർ	-	1
വാണിജ്യ ബാങ്കുകൾ	-	3
സഹകരണ ബാങ്കുകൾ	-	2
വായ്പാസംഘം	-	1
ക്ഷീരോല്പാദക സഹകരണസംഘം	-	3

1

ആമുഖം

നമുക്ക് സ്വാതന്ത്ര്യം ലഭിച്ചിട്ടും അമ്പതുകൊല്ലം കാത്തിരിക്കേണ്ടി വന്നു, അധികാരം ജനങ്ങളിലേക്കെത്തിച്ചേരാൻ. ''ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ ഭരിക്കപ്പെടുന്ന ജനങ്ങളുടെ സർക്കാർ'' എന്ന ജനാധിപത്യത്തിന്റെ നിർവ്വചനം പൂർണ്ണമായി സാക്ഷാത്കരിക്കപ്പെടുന്ന ശുഭ മുഹൂർത്തമാണിത്. പഞ്ചായത്ത്രാജ് ബിൽ പാസ്സായതോടെ ഭാരത ജനത ചിരകാലമായി പ്രതീക്ഷിച്ചിരുന്ന ഒരു സുന്ദര സ്വപ്നവും പൂവണിയുകയായി. ഇനി സർവ്വ ശക്തിയും സമാഹരിച്ച് ജനങ്ങൾ മുന്നേറുകയേ വേണ്ടൂ. ഭാവി നമ്മുടേതാണ്!

ജനാധിപത്യത്തിന്റെ അടിസ്ഥാന പ്രമാണങ്ങളിലൊന്നായ അധികാര വികേന്ദ്രീകരണം, ഭരണ സമ്പ്രദായത്തെ കൂടുതൽ ഫലപ്രാപ്തിയിലെത്തിക്കും. തദ്ദേശ സ്വയംഭരണം സ്ഥാപനങ്ങളുടെ കർമ്മശേഷി വർദ്ധിപ്പിക്കാനും ഇതുപകരിക്കും. ആസൂത്രണത്തിനും സ്വമേധയായുള്ള ധനവിനിയോഗത്തിനും കൂടി അവസരം ലഭിക്കുമ്പോൾ, ഓരോ ഗ്രാമ പഞ്ചായത്തും ഉത്തരോത്തരം പുഷ്ടി പ്രാപിക്കും. സ്വന്തം ഭാവി നിശ്ചയിക്കാൻ ലഭിച്ചിട്ടുള്ള ഈ അസുലഭാവസരത്തെ നമുക്കു ശക്തിയോടും ബുദ്ധിയോടും കൂടി വിനിയോഗിക്കാം.

പുറമറ്റം ഗ്രാമ പഞ്ചായത്തിനെക്കുറിച്ചുള്ള സമഗ്രമായ ഒരു വികസന രേഖയാണ് ഇവിടെ അവതരിപ്പിക്കുന്നത്. ജനകീയ പങ്കാളിത്തത്തോടുകൂടിയുള്ള പഠനങ്ങളിൽ നിന്നും ചർച്ചകളിൽ നിന്നും ഉരുത്തിരിഞ്ഞുവന്ന നിരീക്ഷണങ്ങളും നിഗമനങ്ങളും ഇതിലുണ്ട്. ഭൂത-വർത്തമാന-ഭാവി കാലങ്ങളെക്കുറിച്ചുള്ള അവലോകനങ്ങളുമുണ്ട്. എല്ലാംകൊണ്ടും അഭിമാനിക്കാവുന്ന ഒരു ഗതകാലത്തിന്റെ ഉടമകളാണു നമ്മൾ. അനുഗൃഹീതമായ ആ സാംസ്കാരിക പൈതൃകത്തിൽ ഉറച്ചു നിന്നുകൊണ്ടുവേണം നമുക്കു ഭാവിയെ സങ്കല്പിക്കാനും പ്രതീക്ഷിക്കാനും. അതിനുവേണ്ടിയുള്ള ജനകീയവും ശാസ്ത്രീയവുമായ സമീപനമാണ് ഈ സമഗ്ര വികസന രേഖയിലുള്ളത്.

''ഭാരതം ജീവിക്കുന്നത് അതിന്റെ ഗ്രാമങ്ങളിലാണ്'' എന്ന ഗാന്ധിജിയുടെ അഭിപ്രായത്തെ അർത്ഥപൂർണ്ണമാക്കാനുള്ള തീവ്ര ശ്രമമാണ് ഓരോ ഗ്രാമപഞ്ചായത്തും നടത്തേണ്ടത്. കാർഷിക-വ്യാവസായിക രംഗത്ത് അഭിവൃദ്ധിയുണ്ടാവണം. സാമൂഹിക-സാംസ്ക്കാരിക രംഗത്ത് നവോത്ഥാനമുണ്ടാവണം. ജീവിത നിലവാരം ഉയരണം. ശുചിത്വത്തിലും ആരോഗ്യ പരിപാലനത്തിലും വേണ്ടത്ര ശ്രദ്ധ പതിപ്പിക്കണം. സർവ്വോപരി പരിസ്ഥിതി സംരക്ഷണത്തിൽ തൽപരരായിരിക്കണം. ഈ ഉത്തരവാദിത്വങ്ങളൊക്കെ നിറവേറ്റാൻ നമുക്കു പ്രതിജ്ഞാബദ്ധരാകാം.

നാടിന്റെ വികസനത്തെ ഇനി ആർക്കും പ്രതിരോധിക്കാനാവാത്തവിധം മാറ്റിത്തീർത്തതാണ്, ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ വിപ്ലവകരമായ സന്ദേശം. ഇതിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി ഒൻപതാം പഞ്ചവത്സര പദ്ധതിയിൽ വമ്പിച്ച സാമ്പത്തിക സഹായം വാഗ്ദാനം ചെയ്യുന്നുമുണ്ട്. ജനങ്ങളുടെ സജീവ സാന്നിധ്യത്തോടുകൂടി മുന്നേറിയാൽ ഗ്രാമത്തിന്റെ മുഖച്ഛായതന്നെ മാറ്റിയെടുക്കാം.

കേന്ദ്രീകൃതമായ ആസൂത്രണത്തിൽനിന്ന് വ്യതിചലിച്ച്, പ്രാദേശികമായ ആസൂത്രണത്തിലൂടെയും വിഭവ സമാഹരണത്തിലൂടെയും പുരോഗതി പ്രാപിക്കുക എന്ന നയമാണ്, ജനകീയ ആസൂത്രണപ്രസ്ഥാനം വിഭാവനം ചെയ്യുന്നത്. രാജ്യത്തിന്റെ വളർച്ച സമതുലിതമാകാൻ പറ്റിയ മാർഗ്ഗമാണിത്. നഗരങ്ങൾ മാത്രം വികസിക്കുകയും ഗ്രാമങ്ങൾ നശിക്കുകയും ചെയ്യുന്ന ദുരന്തം ഒഴിവാകും. രാഷ്ട്രത്തിന്റെ ഭാഗധേയം നിർണ്ണയിക്കുന്നതിൽ തനിക്കും പങ്കുണ്ടെന്ന ബോധം ഓരോ ഗ്രാമീണനിലും ജനിപ്പിക്കാനും ഈ പദ്ധതിക്ക് കഴിയുന്നുണ്ട്. "ഇൻഡ്യ ജീവിച്ചാൽ പിന്നെ ആരു മരിക്കും? എന്ന സന്ദേശത്തെ നാം മറക്കാതിരിക്കുക.

"കർമ്മണ്യേവാധികാരസ്തേ
മാഫലേഷു കദാചന."

-ഫലം ഇച്ഛിക്കാതെതന്നെ നീ കർമ്മം ചെയ്യുക- എന്ന ഗീതാ സൂക്തത്തെ നമുക്കു മനസ്സുകൊണ്ടും മസ്തിഷ്ക്കംകൊണ്ടും ഏറ്റെടുക്കാം. സൽക്കർമ്മത്തിനു സൽഫലം ലഭിക്കുകതന്നെ ചെയ്യും. ജനകീയ ആസൂത്രണ പ്രസ്ഥാനത്തിലൂടെ നാടിന്റെ സിരകളിൽ പുതുരക്തം പ്രവഹിക്കും, സംശയമില്ല.

2

പഞ്ചായത്ത് - ഒറ്റനോട്ടത്തിൽ

പേര്	:	പുറമറ്റം ഗ്രാമപഞ്ചായത്ത്
ആസ്ഥാനം	:	പുറമറ്റം
ജില്ല	:	പത്തനംതിട്ട
താലൂക്ക്	:	മല്ലപ്പള്ളി
ബ്ലോക്ക്	:	കോയിപ്രം
വില്ലേജ്	:	പുറമറ്റം
പാർലമെന്റ് മണ്ഡലം	:	മാവേലിക്കര
അസംബ്ലി മണ്ഡലം	:	കല്ലൂപ്പാറ
വിസ്തീർണ്ണം	:	14.66 ച.കി.മീ.
വാർഡുകളുടെ എണ്ണം	:	എട്ട്
ജനസംഖ്യ	:	14308 (1991 കാനേഷുമാരി അനുസരിച്ച്)
പുരുഷന്മാർ	:	6891
സ്ത്രീകൾ	:	7417
ജനസാന്ദ്രത	:	976
പട്ടികജാതി	:	2134
പട്ടികവർഗ്ഗം	:	16
അതിരുകൾ	:	വടക്ക് : മണിമല ആറ്, മല്ലപ്പള്ളി പഞ്ചായത്ത്
		കിഴക്ക് : എഴുമറ്റൂർ പഞ്ചായത്ത്
		പടിഞ്ഞാറ് : ഇരവിപേരൂർ പഞ്ചായത്ത്
		തെക്ക് : കോയിപ്രം പഞ്ചായത്ത്

ആകെ കെട്ടിടങ്ങൾ	:	4353
ഭവനങ്ങൾ	:	4036
പ്രസിഡന്റിന്റെ പേര്	:	ടി.എസ്.മന്മഥൻ
വൈസ് പ്രസിഡന്റിന്റെ പേര്	:	സുജാ ജേക്കബ്
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴൺ	:	മേരി ചെറിയാൻ

ഗ്രാമ പഞ്ചായത്ത് ഓഫീസ് ജീവനക്കാർ

സെക്രട്ടറി	:	എം.സി.ജയിംസ്
ഹെഡ് ക്ലാർക്ക്	:	കെ.ആർ.വിജയമ്മ
യു.ഡി.ക്ലാർക്ക്	:	ചാക്കോ ഡേവിഡ് കെ.
		ജയചന്ദ്രൻ പിള്ള സി.
		സുജാത പി.കെ
എൽ.ഡി.ക്ലാർക്ക്	:	ബാബു നൈനാൻ
പ്യൂൺ	:	ഭാസ്കരൻ പിള്ള കെ.വി
പി.ടി.സ്വീപ്പർ	:	ലീല പി.സി
		സരോജിനി
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	:	പി.എൻ.ദിവാകരൻ
ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	:	അന്നമ്മ ഏബ്രഹാം
കൃഷി ഓഫീസർ	:	ജോജി ഫിലിപ്പ്
വെറ്ററിനറി ഡോക്ടർ	:	റോണി റേ
പ്രൈമറി ഹെൽത്ത് സെന്റർ	:	ഡോ.ഷാജി ഈപ്പൻ
ആയുർവ്വേദം	:	ഡോ. ഡി. വിജയകുമാർ

''ഇടപ്പള്ളി തമ്പുരാന്റെ ആസ്ഥാന മാളിക''



3

സാമൂഹിക - സാംസ്കാരിക ചരിത്രം

ഭൂപ്രകൃതികൊണ്ടും പ്രകൃതി സൗന്ദര്യംകൊണ്ടും അനുഗൃഹീതമായ മദ്ധ്യ തിരുവിതാംകൂറിലെ ഒരു മനോഹരമായ ഒരു ഗ്രാമമാണ് പുറമറ്റം. താരും തളിരും തെളിനീരും നിറഞ്ഞ കുന്നിൻ ചരിവുകൾ, പച്ചപ്പട്ടു വിരിച്ച വിശാലമായ നെൽ പാടങ്ങൾ, പാറിപ്പറക്കുന്ന വെൺപൂക്കൾ കഴുത്തിലേറ്റി കാവടി തുള്ളുന്ന കരിമ്പിൻതോട്ടങ്ങൾ, നന്മയുടെ നിറകുടങ്ങളേന്തി നിറഞ്ഞു നിൽക്കുന്ന തെങ്ങിൻ തോപ്പുകൾ, നാണംകൊണ്ട് നമ്ര ശിരസ്കയായി നിന്ന് നവോഢയേപ്പോലെ നടനമാടുന്ന വാഴത്തോപ്പുകൾ, മാവും കമുകും, കശുമാവും, കർഷക പുത്രന്റെ കറുത്ത പൊന്നും കനിഞ്ഞനുഗ്രഹിച്ച കരയോരങ്ങൾ-ഇതെല്ലാം കൂടി ഒത്തു ചേർന്ന്, ചരിത്രം ഉറങ്ങുന്ന നാടാണ് പുറമറ്റം എന്ന ഈ കൊച്ചു ഗ്രാമം.

അരയിലണിഞ്ഞ അരഞ്ഞാൺപോലെ, കെട്ടിപ്പിടിച്ച്, പൊട്ടിച്ചിരിച്ചൊഴുകുന്ന മനോഹാരിയായ മണിമലയാർ, ഈ ഗ്രാമത്തിന്റെ വടക്കേ അതിർത്തിയെ തല്ലിയും തഴുകിയും തലോടുമ്പോൾ 'ഇരവിയുടെ പെരിയ ഊരായ' ഇരവിപേരൂർ പടിഞ്ഞാറേ അതിർത്തിയെ തൊട്ടുണർത്തി താരാട്ടു പാടുമ്പോൾ, 'കോവിലപുര'മായ കോയിപ്പുറവും, ഐതീഹ്യ പ്രസിദ്ധമായ എഴുമറ്റൂരും, തെക്കും കിഴക്കുമുള്ള അതിർത്തികളിൽ കോട്ടപോലെ കാവൽ നിൽക്കുന്നു.

മഹത്തായ ഒരു ചരിത്ര പൈതൃകം പേറുന്ന ഈ ഗ്രാമത്തിന്റെ പേരിന്റെ ഉല്പത്തിയെപ്പറ്റി പല ഐതീഹ്യങ്ങളും ഉണ്ട്. സ്ഥല പുരാണമനുസരിച്ച് 'പുറകിലെ മുറ്റം' പുറമുറ്റം ആകുകയും, കാലാന്തരത്തിൽ അത് 'പുറമറ്റം' എന്നായി രൂപാന്തരപ്പെടുകയും ചെയ്തു എന്നാണ് ഇതിൽ ഒരു ഭാഷ്യം. ഇതിനു പിന്നിൽ വിശ്വസനീയമായ ഒരു ചരിത്ര സത്യവും നിലവിലുണ്ട്. കൊല്ലവർഷം ഒന്നാം ശതകത്തിന്റെ അവസാന കാലയളവിൽ "കണ്ണൻ ചോവൻ" എന്നൊരാൾ ഈ പ്രദേശത്ത് താമസിച്ചിരുന്നു. വിശാലമായ ഒരു ഭൂപ്രദേശത്തിന്റെ ഉടമയായിരുന്ന ഇയാളുടെ പുരയുടെ പുറകിലെ മുറ്റത്തോടു ചേർന്ന് ഒരു ചെറിയ ചന്ത പ്രവർത്തിച്ചിരുന്നു. പിൽക്കാലത്ത് ഈ ചന്ത ഗ്രാമത്തിലെ ഒരു സുപ്രധാന വ്യാപാര കേന്ദ്രമായി വളരുകയും, 'പുറകിലെമുറ്റ'ത്ത് പ്രസിദ്ധമായിത്തീർന്ന ഈ പ്രദേശം ആദ്യം 'പുറമുറ്റം' ആയി തീരുകയും പിന്നീട് പുറമറ്റം എന്നായി മാറുകയും ചെയ്തുവെന്നാണ് ചരിത്രം സൂചിപ്പിക്കുന്നത്.

കഴുത്തിലണിഞ്ഞ കസവുനൂൽപോലെ ഗ്രാമത്തെ തഴുകി ഒഴുകുന്ന മനോഹാരിയായ മണിമലയാറിന് ഈ നാടിന്റെ പൗരാണിക ചരിത്രത്തിൽ ശ്രദ്ധേയമായ പങ്കാളിത്തമുണ്ട്. ഗ്രാമത്തെ ഉമ്മവച്ചൊഴുകുന്ന ഈ പുഴയുടെ തീരങ്ങളിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ചരിത്ര പ്രസിദ്ധങ്ങളായ മഠങ്ങൾ ഈ നാടിന്റെ പുരാചരിത്രത്തെ ഉത്ഘോഷിക്കുന്നവയാണ്. ഈ ചരിത്രത്തിന്റെ ചുരുൾ നിവരുന്നത് എണ്ണൂറു വർഷക്കാലത്തെ ഇടപ്പള്ളിത്തമ്പുരാക്കന്മാരുടെ രാജഭരണത്തെ സവിസ്തരം അനാവരണം ചെയ്തുകൊണ്ടാണ്.

പഴയ തിരുവിതാംകൂറിലെ അജയ്യനായ ഭരണാധികാരി ചേരമാൻ പെരുമാൾ, തന്റെ ഇഷ്ട തോഴനായ ഇടപ്പള്ളി തമ്പുരാന്, ഇഷ്ടദാനം ചെയ്ത അഞ്ച് ഭൂപ്രദേശ

ങ്ങളിൽ ഒന്നായിരുന്നു കല്ലൂപ്പാറ പ്രദേശം. കല്ലൂപ്പാറ മുതൽ കോട്ടാങ്ങൽവരെ വ്യാപിച്ചു കിടക്കുന്ന ഈ പ്രദേശം 25000-ൽപ്പരം ഏക്കറായിരുന്നത്രെ. കല്ലൂപ്പാറ, പുറമറ്റം, മല്ലപ്പള്ളി, ആനിക്കാട്, കോട്ടാങ്ങൽ എന്നിങ്ങനെ അഞ്ചു ഗ്രാമങ്ങൾ ഉൾക്കൊള്ളുന്ന ഈ പ്രദേശത്തിന്റെ ആസ്ഥാനം കല്ലൂപ്പാറയായിരുന്നു. സുപ്രസിദ്ധമായ കല്ലൂപ്പാറ ദേവീക്ഷേത്രത്തിന്റെ മറുകരയിലായി, മണിമലയാറിന്റെ തീരത്ത് പുറമറ്റം ഗ്രാമത്തിലായിരുന്നു ഇടപ്പള്ളിത്തമ്പുരാക്കന്മാരുടെ ആസ്ഥാനമാളിക. തടിയിൽ പണിതീർത്ത ഈ രാജവസതിയെ കുളിപ്പുര മാളികയെന്നും വേനൽക്കാല വസതിയെന്നു വിളിച്ചുപോന്നിരുന്നു. രാജാക്കന്മാർ ഭരണ നിർവ്വഹണം നടത്തിയിരുന്നത് ഈ മാളികയിൽ എളുന്നള്ളിയിരുന്നാണ്. പുറമറ്റത്തിന്റെ പുരാണേതിഹാസം വിളിച്ചോതുന്ന ഈ മാളികയോടു ചേർന്ന് ഒരു മഠവും സ്ഥാപിച്ചിരുന്നു. ഈ മഠത്തിൽ സ്ഥിര താമസമാക്കിയിരുന്ന ഒരു തമ്പുരാൻ കൊല്ലവർഷം 1080-ൽ തീപ്പെട്ടു. പിന്നീട് ഏറെക്കാലം താമസമില്ലാതെ അനാഥമായിക്കിടന്ന ഈ മഠവും ചുറ്റു പ്രദേശവും ഇന്ന് ഒരു സ്വകാര്യ വ്യക്തിയുടെ കൈവശാവകാശത്തിലാണ്. കാലപ്പഴക്കത്താൽ ഇടിഞ്ഞുപൊളിഞ്ഞുപോയ ഈ മാളികയും മഠവും ഇന്നും ചരിത്രസ്മരണകൾ ഉണർത്തിക്കൊണ്ട് പുറമറ്റം പഞ്ചായത്തിൽ നിലനിൽക്കുന്നു.

വിസ്തൃതമായ കല്ലൂപ്പാറ പ്രദേശത്തിന്റെ ഭരണ നിർവ്വഹണത്തിന് മണിമലയാറ്റിലൂടെയുള്ള സഞ്ചാരമേ അന്നു സാധ്യമായിരുന്നുള്ളൂ. ഈ ജല മാർഗ്ഗമദ്ധ്യേ, ഇടത്താവളങ്ങളായി മറ്റു ചില മഠങ്ങളും സ്ഥാപിച്ചിരുന്നു. ഈ കൂട്ടത്തിൽ പ്രസിദ്ധമായ ഒരു മഠമായിരുന്നു പുറമറ്റം പഞ്ചായത്തിലെ കവുങ്ങുംപ്രയാറിനു സമീപമുള്ള 'ചെറുനാട്ടു' മഠം. പിൽക്കാലത്ത് ഈ മഠവും അതിനോടു ചേർന്നുള്ള പ്രദേശങ്ങളും ചെറുനാട്ട് ഇല്ലക്കാരുടെ കൈവശാവകാശത്തിലായി. പ്രസിദ്ധമായ ഈ ഇല്ലമാണ് മലയാളികളുടെ മഹാകവിയായ ശ്രീ. വെണ്ണിക്കുളം ഗോപാലക്കുറുപ്പിന് ജന്മമേകിയത്.

കൊല്ലവർഷം 990-ൽ ഇടപ്പള്ളി രാജാക്കന്മാർ കണ്ടെഴുത്തു നടത്തി, തങ്ങളുടെ ഈ ഭൂപ്രദേശം പ്രജകൾക്കായി പതിച്ചു നൽകി, കരം പിരിച്ചിരുന്നു. എന്നാൽ 1956 ജനുവരിയിൽ, ഈ അവകാശാധികാരം ജനകീയ സർക്കാരിൽ നിക്ഷിപ്തമായി. സുപ്രധാനമായ ഈ അധികാരമാറ്റത്തിന് വഴിതെളിച്ച 1956-ലെ' ഇടവക അബോളിഷ് ബിൽ' നിയമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കിയെടുക്കുന്നതിൽ നിർണ്ണായകമായ പങ്കു വഹിച്ചത് പുറമറ്റം സ്വദേശിയും അന്നത്തെ കല്ലൂപ്പാറ എം. എൽ.എ. യും ആയിരുന്ന ശ്രീ. എം.എം. മത്തായി ആയിരുന്നു എന്നത് സുസ്മരണീയമാണ്.

എണ്ണൂറോളം വർഷം പുറമറ്റം ഉൾപ്പെടെയുള്ള കല്ലൂപ്പാറ ദേശത്തിന്റെ ഭരണചക്രം തിരിച്ച ഇടപ്പള്ളി തമ്പുരാക്കന്മാർ അധികാരം പൂർണ്ണമായി വിട്ടൊഴിഞ്ഞിട്ട് ഇപ്പോൾ കാൽ ശതാബ്ദത്തിലധികമാകുന്നു. പുറമറ്റത്തെ ആസ്ഥാന മാളിക സ്വകാര്യ വ്യക്തിക്കായി കരാർ എഴുതുന്നത് 1971-ൽ ആണ്.

പുറമറ്റത്തിന്റെ സാമൂഹിക ചരിത്രം ചികഞ്ഞു നോക്കിയാൽ തെളിഞ്ഞു കാണുന്നത് സർവ്വ മതക്കാരെയും ഒന്നുപോലെ കണ്ട്, നാടുവാണ, നാടുവാഴികളെത്തന്നെയാണ്. ഈ പ്രദേശത്തെ ഹിന്ദു-ക്രിസ്ത്യൻ-മുസ്ലീം പ്രജകളെ ഒന്നുപോലെ വീക്ഷിച്ച ഭരണ കർത്താക്കൾ ഈ നാട്ടിലെ ജനങ്ങളുടെ മനസ്സിൽ ഇന്നും ആരാധനാപാത്രങ്ങളായി നിലകൊള്ളുന്നു.

മതസൗഹാർദ്ദം മുഖമുദ്രയാക്കിയ ഈ ഗ്രാമത്തിന്റെ ഇന്നോളമുള്ള ചരിത്രം പരിശോധിച്ചാൽ, ആ ചരിത്രത്താളുകളിലെങ്ങും, മതവിദ്വേഷത്തിന്റെയോ, സാമുദായിക സംഘട്ടനത്തിന്റെയോ, വർഗ്ഗീയ ലഹളയുടേയോ ഒരു പോറൽപോലും കാണാൻ കഴിയില്ലെന്നുള്ളത് നാടിനഭിമാനമാണ്. എന്നാൽ നൂറ്റാണ്ടുകൾക്കു മുൻപുള്ള സാമൂഹിക ചരിത്രത്തിന്റെ പുറം ചട്ടകൾ പൊട്ടിച്ചാൽ, അസമത്വങ്ങളും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഈ പ്രദേശത്തും നിലനിന്നിരുന്നതായി കാണാം. അന്ധവിശ്വാസങ്ങളുടെ അത്തരം ഒരു ഭാണ്ഡക്കെട്ടിൽ നിന്നും ചൂഴ്ന്നെടുത്ത സാമൂഹിക ജീർണ്ണതയുടെ ഒരു ചിത്രം മാത്രം ഇവിടെ അനാവരണം ചെയ്യട്ടെ.

പ്രകൃതിക്ഷോഭത്തിൽ തകർന്നുപോയ ഒരു മൺചിറയുടെ സുസ്ഥിരമായ ഉറപ്പിനുവേണ്ടി 'കണ്ടൻ' എന്ന

സാധുവിനെ ജീവനോടെ കുരുതി കഴിച്ച്, മൺചിറയെ 'മൺകോട്ട' യാക്കി മാറ്റിയ 'കണ്ടൻചിറ' ഈ ഗ്രാമത്തിന്റെ സാംസ്കാരിക ചരിത്രത്തിലെ ഒരു കറുത്ത പാടായി ഇന്നും അവശേഷിക്കുന്നു. പക്ഷെ ഈ കറുത്ത യുഗത്തിലും ഇത്തരം സാമൂഹിക ജീർണ്ണതയ്ക്കെതിരെ പടപൊരുതുകയും ജനങ്ങളെ ബോധവത്കരിക്കുകയും ചെയ്ത ഒരു സാമൂഹിക വിപ്ലവകാരിയായിരുന്നു, ഈ ഗ്രാമത്തിന്റെ പുരാചരിത്രത്തിൽ വെള്ളിവെളിച്ചം വിതറിയ ''പുല്ലേലിൽ തേവൻ ആശാൻ''.

കാലചക്രം തിരിഞ്ഞപ്പോൾ, വിദ്യാഭ്യാസ- സാംസ്കാരിക മേഖലകളിലുണ്ടായ വളർച്ച, സാംസ്കാരിക പരിവർത്തനത്തിന്റെ ശംഖൊലി മുഴക്കുകയും, അതിലൂടെ സാമൂഹിക പരിഷ്കാരങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു.

എന്നാൽ ഈ കാലഘട്ടത്തിലും അവിടവിടെയായി സാമൂഹിക അസമത്വങ്ങളും സാമ്പത്തിക ഉച്ചനീചത്വങ്ങളും ചൂഷണങ്ങളും ദൃശ്യമായിരുന്നു. സാമ്പത്തികപരമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിന്നിരുന്ന ഒരു വിഭാഗം ജനങ്ങളെ അവരുടെ അജ്ഞതയുടെ മറവിൽ ചൂഷണം ചെയ്യാനുള്ള പ്രവണത പലയിടത്തും പ്രകടമായി. സാമ്പത്തിക ചൂഷണത്തിന് വിധേയരാകേണ്ടിവന്ന അസംഘടിതരായ ഈ ജനവിഭാഗത്തെ ഒന്നിപ്പിക്കുകയും ബോധവത്കരിക്കുകയും ചെയ്യുക ഒരു സാമൂഹിക പ്രതിബന്ധതയായി മാറി. ഈ സാഹചര്യത്തിൽ, നാമമാത്ര കർഷകരെയും, കർഷക തൊളിലാളികളെയും ബോധവത്കരിച്ചുകൊണ്ട് ഒരു വിമോചന പ്രസ്ഥാനത്തിനു രൂപം നല്കിയത് ശ്രീ. വി.പി. രാഘവൻ നായർ ആയിരുന്നു. അങ്ങനെ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും സംഘടിത തൊഴിലാളിവർഗ്ഗ പ്രസ്ഥാനം ശക്തമായി. അവകാശങ്ങൾ ചോദിച്ചു വാങ്ങാനും, സാമ്പത്തിക ചൂഷണത്തിനെതിരെ ശക്തമായി പ്രതികരിക്കുവാനും ഇതിലൂടെ സാധിച്ചു. സാമൂഹിക രംഗത്തുണ്ടായ ഈ നവോത്ഥാനത്തിനു പിന്നിൽ ശക്തിയായി പ്രവർത്തിച്ച ഒരു വ്യക്തിയായിരുന്നു ശ്രീ. എൻ.ടി. ജോർജ്ജ്.

തൊഴിലാളിവർഗ്ഗ പ്രസ്ഥാനം കൂടുതൽ കർമ്മനിരതമായതോടുകൂടി, അവകാശങ്ങൾക്കുവേണ്ടിയുള്ള ധർമ്മസമരം, ചിലയിടങ്ങളിലൊക്കെ തൊഴിൽ സമരങ്ങളുടെ രൂപം പൂണ്ടു. കൂലിത്തർക്കത്തെത്തുടർന്ന് പഞ്ചായത്തിലെ പല ഭാഗങ്ങളിലും ഭൂവുടമകളും കർഷകത്തൊഴിലാളികളും തമ്മിൽ നടന്ന സംഘട്ടനം നെൽപ്പാടങ്ങളിൽ വിപ്ലവത്തിന്റെ വിത്തു വിതയ്ക്കാൻ കാരണമായി. എങ്കിലും, കാർഷിക മേഖലയിൽ മാറ്റത്തിന്റെ കാറ്റു വിതയ്ക്കാൻ ഈ തൊഴിൽ സമരങ്ങൾക്കു കഴിഞ്ഞു. ഇത്തരം രണ്ടു തൊഴിൽ സമരങ്ങളായിരുന്നു പഞ്ചായത്തിലെ ആറാം വാർഡിൽ ഉൾപ്പെടുന്ന വെണ്ണിക്കുളത്തും, ഒന്നാം വാർഡിൽപ്പെടുന്ന കണ്ണാട്ടു മലയിലും നടന്നത്.

1113-ൽ തിരുവിതാംകൂറിൽ രൂപീകൃതമായ സ്റ്റേറ്റ് കോൺഗ്രസിന്റെ നേതൃത്വത്തിൽ നടന്ന നിവർത്തന സമരത്തിൽ പുറമറ്റം പഞ്ചായത്ത് സാരമായ പങ്കു വഹിക്കുകയുണ്ടായി. സർ സി.പി യുടെ കിരാത ഭരണത്തിനെതിരായി നാടെങ്ങും അലയടിച്ചുയർന്ന ജനകീയ പ്രക്ഷോഭണത്തിൽ ഈ നാട്ടിലെ ജനനേതാക്കൾ സജീവ പങ്കാളിത്തം വഹിച്ചു. ഈ ജനകീയ സമരത്തിന് പുറമറ്റം പഞ്ചായത്തിൽ നടുനായകത്വം വഹിച്ചത് ഇന്ത്യൻ നാഷനൽ കോൺഗ്രസിന്റെ ആദ്യകാല പ്രവർത്തകരിൽ ഒരാളായിരുന്ന മുൻ എം.എൽ.എ. ശ്രീ.എം.എം.മത്തായി ആയിരുന്നു. ഈ പ്രക്ഷോഭണത്തിന്റെ ഭാഗമായി 1115-ൽ പുറമറ്റത്തെത്തിയ സ്റ്റേറ്റ് കോൺഗ്രസ് അദ്ധ്യക്ഷൻ ശ്രീ. പട്ടംതാണുപിള്ളയെ രാജോചിതമായി സ്വീകരിക്കുകയും ആദരിക്കുകയും ചെയ്തത് പുറമറ്റത്തിന്റെ സമര വീര്യം വിളിച്ചോതുന്ന ശ്രദ്ധേയമായ ഒരു സംഭവമായിരുന്നു. 101 കാളകളെ പൂട്ടിയ സമരരഥത്തിൽ, സമര നായകനായി എത്തിയ ശ്രീ പട്ടംതാണുപിള്ളയെ, ഇരവിപേരൂർ ജംഗ്ഷനിൽ നിന്നും സ്വീകരിച്ച് പുറമറ്റത്തേക്ക് ആനയിക്കുവാനും വിശാലമായ ഓടക്കോട്ടു വയലിൽ അതിവിപുലമായ പൊതു സമ്മേളനം സംഘടിപ്പിക്കുവാനും കഴിഞ്ഞ തലമുറ കാട്ടിയ രാഷ്ട്രീയ വ്യഗ്രത ചരിത്രത്തിന്റെ ഏടുകളിൽ എന്നെന്നും ഒളിമങ്ങാതെ തിളങ്ങി നിൽക്കും.

ദേശീയ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിന് കരുത്തുറ്റ സംഭാവനകൾ നല്കിയ ദേശാഭിമാനികളെക്കൊ

ണ്ട് ധന്യമാണ് ഈ ഗ്രാമം. സ്വാതന്ത്ര്യ സമരത്തിലെ മുന്നണിപ്പോരാളികളായി സമരത്തിന്റെ തീച്ചൂളയിൽ ചാടി പൊള്ളലേറ്റ സാഹസികരായ സമര യോദ്ധാക്കൾ ഈ ദേശത്തിന് എന്നും അഭിമാനമാണ്. വിദേശാധിപത്യത്തിൽനിന്നും നമ്മുടെ രാജ്യത്തെ വിമോചിപ്പിക്കുവാൻ ഒരുമയോടെ കൈകോർത്തു പിടിച്ച് സമരമുഖത്തിറങ്ങിയ നിരവധി ദേശസ്നേഹികളുടെ കൂടത്തിൽ താമ്രപത്ര ജേതാക്കളായ അടങ്ങപ്പുറത്ത് ശ്രീ.ഏ.ജി.ജോർജ്ജ് പണിക്കരുടേയും, മുൻ എം.എൽ.എ. ശ്രീ.എം.എം. മത്തായിയുടേയും പേരുകൾ ചിരസ്മരണീയങ്ങളാണ്. സ്വാതന്ത്ര്യ സമരത്തിൽ സജീവ പങ്കാളികളായി, ദേശീയ ധാരയിൽ ഇഴുകി ചേർന്ന്, രാജ്യത്തെ ശക്തമായി പിന്തുണച്ച ജനനേതാക്കളുടെ ഒരു നീണ്ട നിര ഈ നാട്ടിലുണ്ട്. ആ കൂട്ടത്തിൽ വെണ്ണിക്കുളം പെരിയലേത്ത് കുരുവിള, പുറമറ്റം തുണ്ടിയിൽ ചാക്കോ, ഒലശ്ശേരിൽ ഉമ്മച്ചൻ, പുലരിക്കൽ പി.സി.ചെറിയാൻ എന്നിവരുടെ പേരുകൾ എടുത്തു പറഞ്ഞേ മതിയാവൂ.

പുറമറ്റം ഗ്രാമ പഞ്ചായത്തിന് എക്കാലവും അഭിമാനപൂർവ്വം അനുസ്മരിക്കാവുന്ന, രാഷ്ട്രീയ രംഗത്തെ അതികായനാണ് പ്രഫ:പി.ജെ.കുര്യൻ എം.പി. 1980-മുതൽ ഇന്ത്യൻ പാർലമെന്റിൽ അംഗമായ പ്രൊ:കുര്യൻ രണ്ടു പ്രാവശ്യം കേന്ദ്ര മന്ത്രിസഭയിൽ അംഗമായിരുന്നു. ഇപ്പോൾ മാവേലിക്കര പാർലമെന്റ് മണ്ഡലത്തെ ലോകസഭയിൽ പ്രതിനിധീകരിക്കുന്ന അദ്ദേഹം 1993-മുതൽ ഡൽഹി I. I. T. യുടെചെയർമാൻകൂടിയാണ്.

രാഷ്ട്രീയരംഗത്ത് നിറഞ്ഞുനിന്ന മറ്റൊരു മഹത് വ്യക്തിയായിരുന്നു ശ്രീ.എം.എം.മത്തായി. 1954-ലെ തിരുക്കൊച്ചി നിയമസഭയിലും, തുടർന്ന് 1957, 1960 വർഷങ്ങളിൽ കേരള നിയമസഭയിലും അദ്ദേഹം അംഗമായിരുന്നു.

നാടിന്റെ സർവ്വതോന്മുഖമായ വികസനത്തിന് അനവരതം യത്നിക്കുന്ന ഈ രണ്ട് മഹാത്മാക്കളേയും പുറമറ്റം ഗ്രാമവാസികൾ എന്നെന്നും ആദരവോടെ നോക്കിക്കാണും.

ഇടപ്പള്ളി രാജാക്കന്മാരുടെ ഭരണത്തിൻ കീഴിൽ നിന്നും 1956-ൽ വിമുക്തമായ കല്ലൂപ്പാറ പ്രദേശം സ്വാതന്ത്ര്യാധികാരമുള്ള അഞ്ചു വ്യത്യസ്ഥ ഗ്രാമങ്ങളായി വിഭജിക്കപ്പെട്ടു. അങ്ങനെ പുറമറ്റം പഞ്ചായത്തും സ്വയം ഭരണാധികാരമുള്ള ഒരു പ്രദേശമായി മാറി. ആദ്യത്തെ പഞ്ചായത്ത് സമിതി നിലവിൽ വരുന്നത് 1954-55 കാലഘട്ടത്തിലാണ്. ശ്രീ.ഏ.വി.ഇടിച്ചാണ്ടിപ്പണിക്കരായിരുന്നു ഈ പഞ്ചായത്തിന്റെ പ്രഥമ പ്രസിഡന്റ്. ശ്രീ എം.ഇ.ജോർജ്ജ് വൈസ് പ്രസിഡന്റായിരുന്ന ആദ്യത്തെ പഞ്ചായത്ത് ഭരണ സമിതിയിൽ സർവ്വശ്രീ. ഏ.ജിജോർജ്ജ് പണിക്കർ, കെ.കെ.ചെറിയാൻ, സി.വി.ഫിലിപ്പ്, കെ.ജി. ഈപ്പൻ, ടി.കെ.കൊച്ചുകുഞ്ഞ് എന്നിവർ അംഗങ്ങളായിരുന്നു. 1954 മുതൽ 1963 വരെ ഒൻപതു വർഷക്കാലം ഈ ഭരണസമിതി അധികാരത്തിലിരുന്നു.

കേരളപ്പിറവിക്കു ശേഷം 1963-ലാണ് രണ്ടാമത്തെ പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടന്നത്. ഈ തെരഞ്ഞെടുപ്പിലൂടെ എട്ട് അംഗങ്ങളുള്ള പഞ്ചായത്ത് സമിതി ഭരണത്തിലെത്തി. സർവ്വശ്രീ. കെ.വി.വർഗ്ഗീസ്, കെ.കെ. ചെറിയാൻ, ടി.വി.ഏബ്രഹാം, പി.വി. ചാക്കോ, കെ.സി.മാത്യു, കെ.പി.ഉണ്ണൂണ്ണി, ശ്രീമതി ടി.വി.ഇന്ദിരാത്തമ്പുരാട്ടി എന്നിവരായിരുന്നു കമ്മറ്റി അംഗങ്ങൾ. ശ്രീ. കെ.വി.വർഗ്ഗീസ്, പ്രസിഡന്റും, ശ്രീ. കെ.കെ.ചെറിയാൻ വൈസ് പ്രസിഡണ്ടുമായാണ് കമ്മിറ്റി ഭരണമേറ്റത്. എന്നാൽ രണ്ടു വർഷത്തിനു ശേഷം അവിശ്വാസ പ്രമേയത്തിലൂടെ ശ്രീ.കെ.വി.വർഗ്ഗീസിന് പ്രസിഡന്റ് പദവി നഷ്ടപ്പെടുകയും തൽസ്ഥാനത്തേക്ക് ശ്രീ. ടി.വി. ഏബ്രഹാം തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. 1966 നവംബർ 5-നാണ് ശ്രീ. ടി.വി.ഏബ്രഹാം പ്രസിഡണ്ടായി ചാർജ്ജെടുക്കുന്നത്. ഈ കമ്മിറ്റിയുടെ കാലാവധി ദീർഘിപ്പിച്ചതു കാരണം 14 വർഷം അധികാരത്തിൽ തുടരാൻ ഇവർക്ക് അവസരം ലഭിച്ചു. ഇടക്കാലത്തെ ഉദ്യോഗസ്ഥ ഭരണത്തിനു ശേഷം 1979-ൽ നടന്ന തെരഞ്ഞെടുപ്പിൽ വീണ്ടും എട്ട് അംഗങ്ങളുള്ള ഒരു പഞ്ചായത്ത് ബോർഡ് അധികാരത്തിൽ വന്നു. ശ്രീ.കെ.ജോർജ്ജ് തങ്കച്ചൻ, ശ്രീമതി അമ്മിണി കുര്യൻ, ശ്രീ.ഒ.എ.നൈനാൻ, ശ്രീ.പി.വി.

ചാക്കോ, ശ്രീ.കെ.ടി.ഏബ്രഹാം, ശ്രീ.കെ.ജി.ശിവശങ്കരൻ നായർ, ശ്രീ. ഏബ്രഹാം, പുലുപ്ര, ശ്രീ. കെ.ടി.തകങ്കപ്പൻ എന്നിവരായിരുന്നു സമിതിയിലേക്ക് തെരഞ്ഞെടുക്ക പ്പെട്ട അംഗങ്ങൾ. ശ്രീ. കെ.ജോർജ്ജ് തങ്കച്ചൻ പ്രസി ഡന്റും ശ്രീമതി അമ്മിണി കുര്യൻ വൈസ് പ്രസിഡന്റു മായി പഞ്ചായത്ത് ഭരണ സമിതി ചുമതലയേറ്റു. രണ്ടു വർഷത്തിനു ശേഷം ശ്രീ.കെ.ജോർജ്ജ് തങ്കച്ചൻ പ്രസി ഡന്റ് സ്ഥാനം രാജി വയ്ക്കുകയും, ശ്രീ. ഒ.എ.നൈനാൻ പ്രസിഡന്റായി ചാർജ്ജ് എടുക്കുകയും ചെയ്തു. വിദേശ ത്ത് ജോലി ലഭിച്ചതിനെ തുടർന്ന് ശ്രീ. ഒ.എ.നൈനാൻ ഒരു വർഷത്തിനു ശേഷം രാജിവച്ചു. തുടർന്ന് ശ്രീ. പി.വി.ചാക്കോ പ്രസിഡന്റായി ചുമതലയേറ്റു. ഒരു വർഷ ത്തിനു ശേഷം ശ്രീ.പി.വി.ചാക്കോ രാജിവച്ച ഒഴിവിൽ ശ്രീ. കെ.റ്റി.ഏബ്രഹാം തൽസ്ഥാനത്തേക്ക് തെരഞ്ഞെടു ക്കപ്പെട്ടു. ഈ കമ്മറ്റി 1985 വരെ അധികാരത്തിലിരു ന്നു. 1988-ൽ നടന്ന അടുത്ത തെരഞ്ഞെടുപ്പിൽ ശ്രീ. പി.ജെ.കുര്യൻ പ്രസിഡന്റായും ശ്രീ. കെ.കെ.മാത്യു വൈസ് പ്രസിഡന്റായും എട്ടംഗ പഞ്ചായത്ത് സമിതി നിലവിൽ വന്നു. സർവ്വശ്രീ. ടി.എസ്. മന്മഥൻ, ഇ.പി. ചെറിയാൻ, പി.എൻ.ശശിധരൻ, ഏബ്രഹാം, പുലിപ്ര, ശ്രീമതിമാരായ ശോശാമ്മ മാത്യു, നബീസീ ബീവി എന്നി വരായിരുന്നു കമ്മിറ്റിയിലെ ഇതര അംഗങ്ങൾ. 1995 വരെ ഈ ഭരണ സമിതി അധികാരത്തിലിരുന്നു. 1995 ഒക്ടോബർ 2-ന് ഗാന്ധിജയന്തി ദിനത്തിലാണ് ഇപ്പോൾ നിലവിലുള്ള ഭരണ സമിതി അധികാരമേറ്റത്. ശ്രീ. ടി. എസ്.മന്മഥൻ പ്രസിഡൻറായും ശ്രീമതി സൂജാ ജേക്കബ് വൈസ് പ്രസിഡന്റായും ശ്രീമതി. മേരി ചെറിയാൻ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സനായും പ്രവർത്തി ക്കുന്ന ഈ നിർവ്വാഹക സമിതിയിൽ ശ്രീ. ഏബ്രഹാം, പുലിപ്ര, ശ്രീ.പി.വി.ചാക്കോ, ശ്രീ. ലാലു തോമസ്, ശ്രീ. രാജൻ ഏബ്രഹാം, ശ്രീമതി. അമ്മിണി കുര്യൻ എന്നിവർ അംഗങ്ങളാണ്.

തുടക്കത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ച പഞ്ചായത്ത് സമിതി 1963 മുതൽ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തനം തുടർന്നത്. ഈ പഞ്ചാ യത്ത് മന്ദിരം നിർമ്മിക്കുന്നതിനുള്ള സ്ഥലം മുൻ പഞ്ചാ യത്ത് പ്രസിഡന്റ് ശ്രീ. പി.ജെ.കുര്യൽ സൗജന്യമായി നല്കിയതാണ്. 1988-ൽ പഞ്ചായത്തിനുവേണ്ടിയുള്ള പുതിയ ഓഫീസ് കെട്ടിടം ഉത്ഘാടനം ചെയ്യപ്പെട്ടു. പഞ്ചായത്ത് ഭരണം പുതിയ കെട്ടിടത്തിലേക്ക് മാറ്റിയ തിനു ശേഷം പഴയ കെട്ടിടം പ്രൈമറി ഹെൽത്ത് സെന്ററായി ഉപയോഗിച്ചുവരുന്നു.

1994 മുതൽ വില്ലേജ് ഓഫീസ്, വാടക കെട്ടിട ത്തിൽ നിന്നു മാറ്റി പുതുതായി നിർമ്മിച്ച മന്ദിരത്തിൽ പ്രവർത്തിച്ചുവരുന്നു. ശ്രീ. പുന്നൻ വഴനക്കോട് സംഭാവ നയായി നല്കിയ 5 സെന്റ് സ്ഥലത്താണ് വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിച്ചിരിക്കുന്നത്.

കൂടത്തുംമുറിയിൽ ശ്രീ. കെ.ഇ.ഏബ്രഹാം സൗജന്യ മായി നല്കിയ സ്ഥലത്താണ് വെണ്ണിക്കുളം സബ്ബ്-രജിസ്ട്രാർ ഓഫീസ് പ്രവർത്തിച്ചുവരുന്നത്.

കെ.എസ്.ഇ.ബി., പി.ഡബ്ളിയു.ഡി, എന്നിവയ്ക്ക് സ്വന്തമായി കെട്ടിടങ്ങളുണ്ടെങ്കിലും കൃഷിഭവൻ, മൃഗാ ശുപത്രി, തുടങ്ങിയവ ഇന്നും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിലെ ഏക ആയുർവ്വേദ ആശുപത്രി സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

പബ്ലിക് സ്റ്റേഡിയം, പബ്ലിക് ലൈബ്രറി, കമ്യൂണിറ്റി ഹാൾ, സാംസ്കാരിക നിലയം തുടങ്ങിയവ ഇന്നും ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഒരു വിദൂര സ്വപ്നമായി അവശേഷിക്കുന്നു.

ജാതി-മത-വർണ്ണ-വർഗ്ഗ വ്യത്യാസങ്ങൾക്കതീതമായി സഹവർത്തിത്വത്തോടെ ജീവിക്കുന്ന ഒരു ജനതയിയാണ് ഈ ഗ്രാമത്തിന്റെ അഭിമാനം. ഹൈന്ദവ-ക്രൈസ്തവ-മുസ്ലീം സമുദായങ്ങൾ ഏകോദര സഹോദരങ്ങളെപ്പോലെ ജീവിക്കുന്നത് ഈ പഞ്ചായത്തിന്റെ എടുത്തു പറയത്തക്ക സവിശേഷതയാണ്. 4 ഹൈന്ദവ ക്ഷേത്ര ങ്ങളും 16 ക്രൈസ്തവ ദേവാലയങ്ങളും നിരവധി പെന്ത ക്കൊസ്തൽ വിശ്വാസ മന്ദിരങ്ങളും, ഒരു മുസ്ലീം പള്ളിയും, ഈ പഞ്ചായത്തിൽ ഉണ്ട്. എൻ.എസ്.എസ്, എസ്.എൻ.

ഡി.പി, പി.ആർ.ഡി.എസ്, കെ.പി.എം.എസ്, വിശ്വകർമ്മ മഹാസഭ, സാംബവ മഹാസഭ, വേട്ടുവർ മഹാസഭ, വണ്ണാർ പതിയാൻ, അയ്യപ്പ സേവാസംഘം, വിളക്കിത്തല നായർ സമാജം തുടങ്ങിയ സാമുദായിക സംഘടനകളും ഇവിടെ സജീവമായി പ്രവർത്തിച്ചുവരുന്നു.

പഴക്കംകൊണ്ടും പ്രാമുഖ്യംകൊണ്ടും പഞ്ചായത്തിലെ തൃക്കയിൽ ക്ഷേത്രം, ഹൈന്ദവ ക്ഷേത്രങ്ങളുടെ മുൻനിരയിൽ നിൽക്കുന്നു. വർഷംതോറും ശിവരാത്രിയോടനുബന്ധിച്ച് ആഘോഷിക്കുന്ന ഉത്സവവും അനുബന്ധമായി നടത്തുന്ന കാവടിയാട്ടവും വളരെ പ്രസിദ്ധമാണ്. ശക്തമായ മലവെള്ളപ്പാച്ചിലിൽ ഒരിക്കൽ ഒലിച്ചുപോയ ഇടപ്പള്ളി കൊട്ടാരത്തിലെ ചില പ്രസിദ്ധ ശിലാഫലകങ്ങൾ ഇന്നും ഈ ക്ഷേത്രത്തിൽ സുരക്ഷിതമായി സൂക്ഷിച്ചിരിക്കുന്നു. കോമളം കടവിൽ സ്ഥിതിചെയ്യുന്ന കോമളാദേവി ക്ഷേത്രവും പ്രസിദ്ധമാണ്. എല്ലാ ക്ഷേത്രങ്ങളിലും ഉത്സവങ്ങൾ ആർഭാടപൂർവ്വം ആചരിച്ചുവരുന്നു.

1841-ൽ സ്ഥാപിതമായ സെന്റ് ബഹനാൻസ് ഓർത്തഡോക്സ് വലിയ പള്ളിയാണ് പഞ്ചായത്തിലെ ഏറ്റവും പഴക്കംചെന്ന ക്രൈസ്തവ ദേവാലയം. തിരുവാറ്റാൽ തൊമ്മിക്കത്തനാർ എന്ന വൈദിക ശ്രേഷ്ഠനായിരുന്നു ഈ ദേവാലയത്തിലെ ആദ്യ വികാരി. കവുങ്ങും പ്രയാർ സെന്റ് തോമസ് മാർത്തോമ്മാ പള്ളി 1875-ലും, വെണ്ണിക്കുളം സെന്റ് തോമസ് കത്തോലിക്കാപള്ളി 1935-ലും ഈ ഗ്രാമത്തിൽ സ്ഥാപിതമായി. ഒട്ടുമിക്ക ദേവാലയങ്ങളിലും പെരുന്നാളുകൾ ആഘോഷപൂർവ്വം ആചരിച്ചുവരുന്നു.

വാലാങ്കര മുസ്ലീം ജ:അത്ത് മുഹയ്ദ്ദീൻ പള്ളിയാണ് പഞ്ചായത്തിലെ ഏക മുസ്ലീം ദേവാലയം. എല്ലാ വർഷവും മലയാള മാസം ധനു 14-ാം തീയതി ഈ പള്ളിയിൽ പെരുന്നാളാഘോഷിക്കുന്നു.

സഭയ്ക്കും സമൂഹത്തിനും വിലപ്പെട്ട നേതൃത്വം നല്കിയ ആത്മീയ രംഗത്തെ മഹാന്മാക്കൾക്ക് ജന്മം നല്കുവാനുള്ള ഭാഗ്യം ഈ പഞ്ചായത്തിനു സിദ്ധിച്ചു. മാർത്തോമ്മാ സഭയുടെ പേരും പെരുമയും, സഭവിട്ട്, ദേശംവിട്ട്, വിശ്വങ്ങളിൽപോലും പ്രതിഫലിപ്പിച്ച വിശ്വദാർശനികനായ മാരേട്ട് ബിഷപ്പ് ഏബ്രഹാം മാർത്തോമ്മാ, മാർത്തോമ്മാ സഭയുടെ ഇപ്പോഴത്തെ സഫ്രഗൻ മെത്രാപ്പോലീത്താ റൈറ്റ് റവ:ഡോ:ഫീലിപ്പോസ് മാർ ക്രിസോസ്റ്റം തിരുമേനി, സെന്റ് തോമസ് ഇവാഞ്ചലിക്കൽ സഭയുടെ പ്രിസൈഡിംഗ് ബിഷപ്പായിരുന്ന പനമൂട്ടിൽ റൈറ്റ് റവ:പി.എസ് വർഗ്ഗീസ് തിരുമേനി എന്നിവർ സഭയ്ക്കായി നല്കപ്പെട്ട ഈ പഞ്ചായത്തിന്റെ ശ്രേഷ്ഠ സംഭാവനകളാണ്. മാർത്തോമ്മാ സഭയുടെ വികാരി ജനറാലായിരുന്ന വന്ദ്യ ദിവ്യശ്രീ. കെ.ഇ.ഉമ്മൻ കശ്ശീശ്ശാ, അദ്ദേഹത്തിന്റെ ജ്യേഷ്ഠ സഹോദരൻ ദിവ്യശ്രീ. കെ.ഇ. ജേക്കബ് കശ്ശീശ്ശാ, വികാരി ജനറാളായിരുന്ന ദിവ്യശ്രീ. സി.ജി.ഡേവിഡ് കശ്ശീശ്ശാ എന്നിവരും ഈ പഞ്ചായത്തിന്റെ വിലപ്പെട്ട സന്താനങ്ങളാണ്.

ഔപചാരിക വിദ്യാഭ്യാസ രംഗത്ത് കനത്ത സംഭാവന നല്കാൻ ഈ പഞ്ചായത്തിന് സാധിക്കുന്നുണ്ട്. മല്ലപ്പള്ളി താലൂക്കിലെ ഏക സർക്കാർ സാങ്കേതിക സ്ഥാപനമായ വെണ്ണിക്കുളം ഗവ:പോളിടെക്നിക്, സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ ഒരു മികച്ച നേട്ടമാണ്. ഒരു വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ, ഒരു ഹൈസ്കൂൾ, മൂന്നു യു.പി.സ്കൂളുകൾ, നാല് എൽ.പി.സ്കൂളുകൾ, നാല് പ്രീ-പ്രൈമറി സ്കൂളുകൾ എന്നിവയാണ് പഞ്ചായത്തിലെ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ.

കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ പ്രവർത്തനങ്ങൾ അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് വലിയ മുതൽക്കൂട്ടാണ്. സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിലും തുടർവിദ്യാഭ്യാസ പരിപാടിയിലും സജീവ നേതൃത്വം നല്കിയ പരിഷത്ത് ഇപ്പോഴും പഞ്ചായത്തിൽ കർമ്മനിരതമാണ്.

സാംസ്കാരിക കേരളത്തിന് മറക്കാനാവാത്ത സംഭാവനകൾ നല്കിയ മഹാത്മാക്കൾ ഈ പഞ്ചായത്തിന്റെ സന്താനങ്ങളായിട്ടുണ്ട്. ആകൂട്ടത്തിൽ എന്തുകൊണ്ടും

അനുഗൃഹീതനും അഗ്രഗണ്യനുമാണ് മലയാളികളുടെ മഹാകവിയായ ശ്രീ വെണ്ണിക്കുളം ഗോപാലക്കുറുപ്പ്. സ്ഥല പുരാണമനുസരിച്ച് 'വെൺനീർക്കുളം' രൂപാന്തരം പ്രാപിച്ചതാണ് ഇന്നത്തെ 'വെണ്ണിക്കുളം'. മലയാള പദ്യ സാഹിത്യത്തിന് അമൂല്യ പോഷണം നൽകിയ മഹാ കവി വെണ്ണിക്കുളം ഇന്ന് വിശ്വ സാഹിത്യത്തിലെതന്നെ 'വെൺനീർക്കുള'മായി പരിലസിക്കുന്നു. സാഹിത്യ രംഗത്തെ പ്രഗത്ഭനായ പ്രൊഫ:ഹരീന്ദ്രനാഥക്കുറുപ്പ്, പ്രസിദ്ധ നിരൂപകനായ പ്രൊഫ:ടോണി മാത്യു, 'ഗൃഹദീപം' മാസികയുടെ ചീഫ് എഡിറ്ററും ഗ്രന്ഥകാരനുമായ ശ്രീ മാമ്മൻ ഫിലിപ്പ്, യുവ സാഹിത്യകാരിയും ബാല സാഹിത്യ ഇൻസ്റ്റിട്യൂട്ടിന്റെ സബ്ബ് എഡിറ്ററുമായ ശ്രീമതി. ബീനാ ജോർജ്ജ്, പുതിയ തലമുറയിലെ കരുത്തുറ്റ എഴുത്തുകാരനായ ശ്രീ.ലാൽജി ജോർജ്ജ്, യുവ സാഹിത്യകാരനായ ശ്രീ.ബേബി, വെണ്ണിക്കുളം എന്നിവർ മലയാള സാഹിത്യ വേദിയിലെ പ്രശസ്ത വ്യക്തികളാണ്.

ഔപചാരിക-അനൗപചാരിക വിദ്യാഭ്യാസരംഗത്ത് മികച്ച സേവനം കാഴ്ചവച്ച കോഴഞ്ചേരി സെന്റ് തോമസ് കോളേജ് മുൻ പ്രിൻസിപ്പൽ പ്രൊ:ഒ.എ.ചെറിയാൻ, തിരുവല്ല മാർത്തോമ്മാ കോളേജ് മലയാള വിഭാഗം തലവനായിരുന്ന പ്രൊ:കെ.കെ.ചാക്കോ, മാർത്തോമ്മാ കോളേജ് ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപകനും മുൻ പഞ്ചായത്ത് പ്രസിഡന്റുമായിരുന്ന പ്രൊ: ഒ.എ.നൈനാൻ, മുൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രീ.ഇ.വി.ഏബ്രഹാം, മുൻ പഞ്ചായത്ത് പ്രസിഡന്റും മികച്ച സാമൂഹ്യ-വിദ്യാഭ്യാസ പ്രവർത്തകനുമായ ശ്രീ.ടി.വി.ഏബ്രഹാം, നിലത്തെഴുത്താശാന്മാരുടെ ആചാര്യനായ പാപ്പി ആശാൻ എന്നിവരുടെ പേരുകൾ വിട്ടുകളയാനാവില്ല.

കായിക കേരളത്തിന് കനത്ത സംഭാവനകൾ നൽകിയ മുൻ പഞ്ചായത്ത് പ്രസിഡന്റും, ഇപ്പോൾ സംസ്ഥാന അമച്വർ അത്‌ലറ്റിക്ക് അസ്സോസിയേഷൻ വൈസ് പ്രസിഡന്റുമായ ശ്രീ.പി.വി.ചാക്കോ, സ്കൗട്ട് പ്രസ്ഥാനത്തിന് ശ്രേഷ്ഠമായ നേതൃത്വം നല്കിയ സെന്റ് ബഹനാൻസ് ഹൈസ്കൂൾ മുൻ ഹെഡ്മാസ്റ്റർ ശ്രീ.കെ.സി.ജോർജ്ജ്, സ്കൗട്ട് പ്രസ്ഥാനത്തിന്റെ സംസ്ഥാന ഓർഗനൈസിംഗ് കമ്മീഷണറായിരുന്ന ശ്രീ.സി.എം.ഇടുക്കുള എന്നിവരുടെ പേരുകൾ എടുത്തു പറഞ്ഞേ മതിയാവൂ.

മദ്ധ്യ തിരുവിതാംകൂറിൽനിന്നും ഓൾ ഇൻഡ്യാ കോൺഗ്രസ് കമ്മിറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ആദ്യ കാല കോൺഗ്രസ് നേതാക്കളിൽ ഒരാളായിരുന്നു ഈ പഞ്ചായത്തിന്റെ മുൻ അദ്ധ്യക്ഷൻ ശ്രീ.പി.ജെ.കുര്യൻ, പന്നിക്കോട്ട്.

കേരളത്തിലെ ആദ്യത്തെ സർജൻ ജനറാളായി വിരമിച്ച ഒലേലിമല ശ്രീ.ഏ.ഒ.ജേക്കബും, സംസ്ഥാനത്തെ ഏറ്റവും മുതിർന്ന ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് ജഡ്ജിയായി വിരമിച്ച മാരേട്ട് ജസ്റ്റീസ് ശ്രീ എ.ഫീലിപ്പോസും ഈ പഞ്ചായത്തിന്റെ വീര സന്താനങ്ങൾതന്നെ.

കായിക രംഗത്ത് യുവജനങ്ങൾക്ക് മികച്ച പരിശീലനം നല്കിക്കൊണ്ടിരിക്കുന്ന ഒരു സ്പോർട്ട്സ് അക്കാഡമി വർഷങ്ങളായി ഈ പഞ്ചായത്തിൽ ഫലപ്രദമായ സേവനമനുഷ്ഠിക്കുന്നു. 4-H അക്കാഡമി എന്ന പേരിൽ പ്രസിദ്ധമായ ഈ കായിക പരിശീലനകേന്ദ്രത്തിൽ ഫുട്ബോൾ, ബാസ്കറ്റ് ബോൾ, വോളിബോൾ എന്നിവയിൽ മികച്ച ശിക്ഷണം നൽകി വരുന്നു. ഈ കായിക കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ വർഷംതോറും ഫുട്ബോൾ, ക്രിക്കറ്റ് എന്നീ ഇനങ്ങളിൽ അഖില കേരളാടിസ്ഥാനത്തിൽ മത്സരം സംഘടിപ്പിച്ചുവരുന്നുണ്ട്. മികച്ച കായിക പ്രതിഭകളെ കാഴ്ചവയ്ക്കുവാൻ കഴിഞ്ഞകാല പരിശീലനത്തിലൂടെ ഈ അക്കാഡമിക്കു കഴിഞ്ഞു എന്നത് പഞ്ചായത്തിന് മൊത്തത്തിൽ അഭിമാനം പകരുന്നു. പത്തനംതിട്ട ജില്ലാ അമച്വർ അത്‌ലറ്റിക്ക് അസ്സോസിയേഷൻ സെക്രട്ടറിയും കഴിവുറ്റ കായികാദ്ധ്യാപകനുമായ ശ്രീ.പി.വി.ചാക്കോയാണ് അക്കാഡമിയുടെ സാരഥി. പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്പോട്സ് ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. പക്ഷെ, കായിക മേഖലയുടെ മെച്ചപ്പെട്ട വളർച്ചയ്ക്ക് ഉതകുന്ന പൊതു കളിസ്ഥലങ്ങളോ മറ്റ് കായിക സൗകര്യങ്ങളോ ഇന്നും പഞ്ചായത്തിന് അന്യമാണ്.

കലാവേദിയിൽ കാര്യമായ നേട്ടങ്ങൾ കൈവരിക്കാൻ ഈ ഗ്രാമത്തിനു കഴിഞ്ഞിട്ടില്ല. ഒരു പ്രൊഫഷ

ണൽ നാടക ഗ്രൂപ്പുംമൊരു നൃത്ത സമിതിയും ഒരു കാലത്ത് ഉണ്ടായിരുന്നെങ്കിലും ഇന്നവ നിഷ്ക്രിയമായിരിക്കുന്നു. പ്രസിദ്ധമായ കാക്കാരിശ്ശി നാടകം ഈ ഗ്രാമത്തിൽ ഇന്നും പ്രചുര പ്രചാരത്തിലുണ്ട്. കലാ-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഉത്തേജനം പകരാൻ ഉതകുന്ന ഗ്രന്ഥശാലകൾ, സാംസ്കാരിക കേന്ദ്രങ്ങൾ, കലാ നിലയങ്ങൾ ഇവ ഉണ്ടാകേണ്ടിയിരിക്കുന്നു.

രാഷ്ട്രീയ രംഗത്ത് വളരെ വളക്കൂറുള്ള മണ്ണാണ് ഈ പഞ്ചായത്തിലുള്ളത്. ഇന്ത്യൻ നാഷനൽ കോൺഗ്രസ്, ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്), ഭാരതീയ ജനതാ പാർട്ടി, ജനതാദൾ, കേരളാ കോൺഗ്രസ്, ആർ.എസ്.പി, ബി.എസ്.പി, മുസ്ലീംലീഗ് തുടങ്ങിയവയാണ് പഞ്ചായത്തിലെ പ്രമുഖ രാഷ്ട്രീയ പാർട്ടികൾ.

വൈ.എം.സി.എ., വൈസ്-മെൻ ക്ലബ്ബ്, ജേസീസ് തുടങ്ങിയ സാമൂഹിക സേവന സംഘടനകളും പഞ്ചായത്തിൽ സജീവമാണ്.

ആരോഗ്യ മേഖലയിൽ, വിശേഷിച്ചും പാരമ്പര്യ ചികിത്സാ രംഗത്ത് സുപ്രധാനമായ ഒരു സ്ഥാനമുണ്ട് ഈ ഗ്രാമത്തിന്. ആയുർവ്വേദം, ഹോമിയോപ്പതി, വിഷ ചികിത്സ, തിരുമ്മ് തുടങ്ങിയ പാരമ്പര്യ ചികിത്സാവിധികൾ ഇവിടെ പ്രചുര പ്രചാരത്തിലിരുന്നിരുന്നു. ആയുർവ്വേദ ചികിത്സയിൽ പാരൂർ വൈദ്യനും, വളയ്ക്കൽ വൈദ്യനും ഹോമിയോപ്പതിയിൽ മാത്തച്ചനും, വിഷ ചികിത്സാരംഗത്ത് വടായിയിൽ വൈദ്യനും പഴയ തലമുറയ്ക്കു മറക്കാനാവാത്ത വ്യക്തികളായിരുന്നു.

മഹാത്മാക്കളുടെ പേരുകൊണ്ട് പ്രസിദ്ധമായ മൂന്നു റോഡുകൾ ഈ പഞ്ചായത്തിൽ ഉണ്ട്. ഒൻപതാം നമ്പർ സംസ്ഥാന ദേശീയ പാത എന്നറിയപ്പെടുന്ന പുല്ലാട്-മല്ലപ്പള്ളി റോഡ്, "കൃഷ്ണൻ നായർ റോഡ്" എന്ന പേരിലാണ് അറിയപ്പെടുന്നത്. രാജഭരണ കാലത്ത് അന്നത്തെ ദിവാനായിരുന്ന കൃഷ്ണൻ നായർ ഉത്ഘാടനം ചെയ്ത റോഡാണിത്. പുറമറ്റം, ഇരവിപേരൂർ പഞ്ചായത്തുകളെ തമ്മിൽ ഏറ്റവും കുറഞ്ഞ ദൂരത്തിൽ ബന്ധിപ്പിക്കുന്ന ഒരു റോഡ് 1948-ൽ അന്നത്തെ പൊതുമരാമത്തു മന്ത്രിയായിരുന്ന ശ്രീ. കെ.ആർ. ഇലങ്കത്ത് ഉത്ഘാടനം ചെയ്ത് "ഇലങ്കത്ത് റോഡ്" എന്നു നാമകരണം ചെയ്യുകയുണ്ടായി. തിരു-കൊച്ചി മന്ത്രിസഭയിൽ അംഗമായിരുന്ന ശ്രീ.ടി.എം.വർഗ്ഗീസ് ഉത്ഘാടനം ചെയ്ത വാലാങ്കര-നാരകത്താനി റോഡ് ഇപ്പോഴും 'ടി.എം.വി റോഡ്' എന്നറിയപ്പെടുന്നു.

ഈ നാടിന്റെ സാംസ്കാരിക ചരിത്രം അനാവരണം ചെയ്യുമ്പോൾ, അവസാനമാണെങ്കിലും, അവശ്യം അനുസ്മരിക്കേണ്ട ഒരു അനുഭവംകൂടിയുണ്ട്. കവുങ്ങുംപ്രയാർ മാർത്തോമ്മാ പള്ളിക്കു സമീപം 1965-ൽ കണ്ടെത്തിയ ഒരു ഗുഹ പുരാവസ്തു ഗവേഷകർ നടത്തിയ കൂടുതൽ അന്വേഷണത്തിൽ ഈ പ്രദേശത്തിന് സുദീർഘമായൊരു ചരിത്ര പാരമ്പര്യം അവകാശപ്പെടാമെന്നതിന്റെ സൂചനയായി. വാള്, പരിച, ചുറ്റിക തുടങ്ങിയ പൗരാണിക യുദ്ധോപകരണങ്ങൾ അവിടെനിന്നും കണ്ടെടുക്കുകയുണ്ടായി. എന്നാൽ കൂടുതൽ ഗവേഷണങ്ങൾ നടത്താൻ പുരാവസ്തു വകുപ്പ് വിമുഖത കാട്ടുകയാണുണ്ടായത്. ഈ രംഗത്ത് കൂടുതൽ ഗവേഷണ പഠനങ്ങൾ അനിവാര്യമായിരിക്കുന്നു.

ഈ പഞ്ചായത്തിന്റെ സാമൂഹിക-സാംസ്കാരിക ചരിത്രം നേട്ടങ്ങളുടേയും കോട്ടങ്ങളുടേയും കഥ പറയുന്നു. നേട്ടങ്ങളിൽ അഭിമാനം കൊള്ളുന്നതോടൊപ്പം കോട്ടങ്ങൾ തിരുത്താനും നമുക്കു കഴിയണം. നേട്ടങ്ങളത്രയും നമ്മുടെ പൂർവ്വികന്മാരുടെ സേവന സന്നദ്ധതയുടേയും ത്യാഗ മനോഭാവത്തിന്റേയും പരിണിത ഫലങ്ങളാണ്. കഴിഞ്ഞ തലമുറ കാട്ടിത്തന്ന ആ സ്നേഹത്തിന്റേയും സേവനത്തിന്റേയും പാത കൂടുതൽ സുഗമമാക്കാൻ ഈ ജനകീയാസൂത്രണ പ്രസ്ഥാനംവഴി നമുക്കു സാധിക്കട്ടെ!

4



വികസന മേഖലകളുടെ അവലോകനം

4-1

കൃഷിയും ജലസേചനവും

പുറമറ്റം ഒരു കാർഷിക ഗ്രാമ പഞ്ചായത്താണ്. ഒട്ടനവധി കുന്നിൻ പ്രദേശങ്ങളും താഴ്വരകളും, പാടങ്ങളും മണിമലയാറിനോടു ചേർന്നു കിടക്കുന്ന തീര പ്രദേശങ്ങളും അടങ്ങിയതാണ് ഇവിടുത്തെ ഭൂപ്ര ദേശം.

ഉയർന്ന പ്രദേശങ്ങളിൽ കണ്ണാട്ടു ഭാഗം, കമ്പിനി മല, വരിക്കാപ്പള്ളി, ഉമിക്കുന്ന്, കരിങ്കുറ്റി, പുല്ലേലി, ചേറ്റുതടം, കൊച്ചുഴത്തുംമല, തോയാട്ടുമല, പടുതോടുമല എന്നിവ ഉൾപ്പെടുന്നു.

പാടശേഖരങ്ങളിൽ നീലവാതുക്കൽ, പാലവയൽ, കക്കാട് പാർലി, താഴകുളം, കുറുങ്ങളം, മാമനാൽ, കട്ടുകുഴി, മേലെപ്പടവ്, ഇടയ്ക്കല്ലൂർ, അരിങ്ങട എന്നിവ ഉൾപ്പെടുന്നു.

മണിമലയാറുമായി ബന്ധപ്പെടുന്നതിന് പൊതുജന സഹകരണത്തോടുകൂടി വെട്ടിത്തുറന്നിട്ടുള്ള മാളിയേക്കൽ കടവ് (തുണ്ടിയിൽകടവ്), തേക്കനാൽ കടവ്, കോയിക്കൽ കടവ്, വടക്കേമുറി കടവ്, കോമളം കടവ്, ഇടക്കടവ് (കല്ലുപാലം കടവ്), തൃക്കയിൽ അമ്പലക്കടവ്, പന്താട്ടു മലയിൽ കടവ്, കറുത്ത വടശ്ശേരിക്കടവ്, മഠത്തും കടവ്, ചരലുംമൂടു കടവ്, കുഴിക്കാല കടവ്, ചിറപ്പോടത്തു കടവ്, തുടങ്ങിയ കടവുകളുടെ ഇരുവശങ്ങളിലുമുള്ള സമതല പ്രദേശങ്ങളും ഉൾപ്പെടുന്നു. ആകെക്കൂടി കണക്കു കൂട്ടിയാൽ 50% കുന്നുകളും ചരിവുകളും 40% സമതലങ്ങളും പാടങ്ങളും 10% നദീതീരങ്ങളും ഉൾപ്പെടുന്നതാണ് ഈ പഞ്ചായത്ത്.

ഈ പഞ്ചായത്തിന്റെ വടക്കു ഭാഗത്ത് കിഴക്കു പടിഞ്ഞാറായി കടന്നു പോകുന്ന മണിമലയാറിനു കുറുകെ കല്ലൂപ്പാറ പഞ്ചായത്തുമായി ബന്ധിപ്പിക്കുന്നതിന് കറുത്ത വടശ്ശേരിക്കടവ്, കോമളം എന്നീ സ്ഥലങ്ങളിൽ രണ്ടു മേജർ പാലങ്ങൾ ഉണ്ട്.

സമതല പ്രദേശങ്ങൾ കടന്ന് മണിമലയാറിൽ പതിക്കുന്ന സുപ്രധാനമായ പല തോടുകളും ഈ പ്രദേശത്തുകൂടി കടന്നുപോകുന്നു. നീലവാതുക്കൽ-ഓടൻകോട് തോട്, പാരൂർ തോട്, മേമല-കല്ലുപാലം തോട്, താഴകുളം തോട്, ചേലയ്ക്ക തോട്, പള്ളിയാങ്കൽതോട്, ചെറുമി തോട്, കക്കാടു തോട്, പന്നിക്കോട്ടു തോട്, വെണ്ണിക്കുളം വലിയ തോട്, പടുതോടു വലിയ തോട്, വെണ്ണിക്കുളം-വാളത്തോപ്പു തോട് എന്നിവ ഇതിൽ ഉൾപ്പെടുന്നു.

ജല സംഭരണികളേപ്പോലെ കൃഷിക്കാവശ്യമായ ജലം ലഭ്യമാകുന്ന കുളങ്ങളും ചാലുകളും ഉണ്ട്. പോളയ കണ്ടത്തിൻകുളം, റീത്തുപള്ളി പടിക്കുളം, വാളത്തോപ്പുകുളം, ചെറുവിക്കുളം, എന്നീ കുളങ്ങളും, കക്കാട്ടുചാൽ, താഴക്കുളംചാൽ, മുട്ടാർചാൽ, അരിങ്ങടചാൽ, നീർക്കുഴിചാൽ, ഇടക്കല്ലു മൺചാൽ, ചാലുങ്കൽചാൽ (കാവുങ്കൽ പടി) എന്നീ ചാലുകളും ഉൾപ്പെടുന്നു.

പട്ടിക - 1

ഭൂപ്രകൃതി

നമ്പർ	ഭൂപ്രകൃതി	വിസ്തൃതി	ശതമാനം
1	കുന്നുകളും ചരിവുകളും		50%
2	സമതലങ്ങളും പാടങ്ങളും		40%
3	നദീ തീരങ്ങൾ		10%

പട്ടിക - 2

ഭൂമി സംബന്ധിച്ച വിവരങ്ങൾ

നമ്പർ	ഇനം	
1	നിലം	12 T Ha (13.27 R)
2	പുരയിടം	11 F8 Ha (57.45 R)
3	പുറമ്പോക്ക്	10 Z Ha (32.39 R)
4	കൃഷിയോഗ്യ തരിശ്	Nil
5	കൃഷിയോഗ്യമല്ലാത്ത തരിശ്	Nil
	ആകെ	1408 Ha)O 3.048 R

കൃഷി

കൃഷിക്കനുയോജ്യമായ മണ്ണാണ് ഈ പ്രദേശത്തുള്ളത്. ഉയർന്ന പ്രദേശങ്ങളിലും ചരിവിൻ പ്രദേശങ്ങളിലും ചെമ്മണ്ണും, ആറിന്റെയും തോടിന്റെയും തീരപ്രദേശങ്ങളിൽ എക്കൽമണ്ണും, സമതല പ്രദേശങ്ങളിൽ ചെളിമണ്ണും കാണപ്പെടുന്നു.

ജനങ്ങളുടെ മുഖ്യ തൊഴിൽ കൃഷിയാണ്. മുൻ കാലങ്ങളിൽ നെല്ല്, കരിമ്പ്, മരച്ചീനി, വാഴ എന്നിവ മുഖ്യമായും കൃഷി ചെയ്തിരുന്നു. ഇതിൽ നിന്നുള്ള ആദായം മുഖ്യ ജീവിത വരുമാന മാർഗ്ഗവുമായിരുന്നു. എന്നാൽ ഭൂപ്രകൃതിയുടേയും കാലാവസ്ഥയുടേയും മാറ്റത്തിന്റെ ഫലമായി മുകളിൽ പറയപ്പെട്ട കൃഷികൾക്കും മാറ്റങ്ങൾ സംഭവിച്ചു. രാസവളത്തിന്റെ വിലയിൽ ഉണ്ടായ വർദ്ധനവ്, ഉൽപ്പന്നങ്ങളുടെ വിലയിടിവ്, കൂലിചെലവിൽ ഉണ്ടായ വർദ്ധനവ്, കർഷക തൊഴിലാളികളുടെ അഭാവം, ജലത്തിന്റെയും ദൗർലഭ്യം, കാലാവസ്ഥയെ മാത്രം ആശ്രയിച്ചുള്ള കൃഷി, മണ്ണിന്റെ വീര്യം നഷ്ടപ്പെടുകതുടങ്ങിയവ കൃഷിയിൽനിന്നും നാണ്യ വിളകളിലേക്കുള്ള മാറ്റത്തിന്റെ കാരണങ്ങളാണ്. തന്മൂലം സമതല

പ്രദേശങ്ങളിലും, നെൽപ്പാടങ്ങൾ നികത്തിയെടുത്തും നാണ്യവിളകളായ റബ്ബർ, കൊക്കോ, തെങ്ങ് ഇവ കൃഷി ചെയ്യുന്ന സാഹചര്യമുളവായി.

നാണ്യ വിളകൾ ഉൽപാദിപ്പിക്കുന്ന മദ്ധ്യ തിരുവിതാംകൂറിലെ ഒരു പ്രധാന ഗ്രാമ പഞ്ചായത്താണു പുറമറ്റം. തെങ്ങ്, റബ്ബർ, കുരുമുളക്, കൊക്കോ, കശുമാവ്, ഇവ പ്രധാന നാണ്യ വിളകളിൽ ഉൾപ്പെടുന്നു. ജാതി, ഗ്രാമ്പു, അടയ്ക്ക ഇവ ഇടകൃഷികളായും നടത്തി വരുന്നു. കർഷകർ പ്രധാനമായും നാണ്യ വിളകളെ ആശ്രയിച്ചാണു ജീവിച്ചുവരുന്നത്. ആദ്യ കാലങ്ങളിൽ നാണ്യ വിളകൾ വിറ്റഴിച്ചിരുന്നത് ആലപ്പുഴയിലും, ചങ്ങനാശ്ശേരിയിലും ആയിരുന്നു. റബ്ബർ ഉല്പാദനം വർദ്ധിച്ചതോടുകൂടി കോട്ടയവും പ്രധാന വിപണന കേന്ദ്രമായി മാറി.

തെങ്ങുകൃഷി

ജനങ്ങൾ പ്രധാനമായും ആശ്രയിച്ചുവന്നിരുന്ന തെങ്ങുകൃഷി ഇന്ന് അനുദിനം നശിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനു പ്രധാനമായ കാരണം കാറ്റുവീഴ്ച, കുമിൾ രോഗം, മണ്ട ചീയൽ, ചെല്ലി ഉപദ്രവം, തുടങ്ങിയ മാരകങ്ങളായ രോഗങ്ങളും കീടങ്ങളുമാണ്. രോഗപ്രതിരോധത്തിനുള്ള ശാസ്ത്രീയമായ കണ്ടുപിടുത്തം ഈ പ്രദേശത്തു ഫലപ്രദമായിട്ടില്ല. തന്മൂലം തെങ്ങു കൃഷിയുടെ ഉല്പാദനക്ഷമത കുറഞ്ഞുകൊണ്ടിരിക്കുന്നു. ഈ പഞ്ചായത്തിലും കേരവികസന സമിതിയും, കൃഷിഭവനും പ്രവർത്തിക്കുന്നുണ്ടെങ്കിലും വളം, വിത്ത്, കീടനാശിനി ഇവ വിതരണം ചെയ്യുകയും പമ്പുസെറ്റു സ്ഥാപിച്ചു ജലസേചനം നടത്തുകയും ചെയ്യുന്നതിനുപരിയായി രോഗ പ്രതിരോധത്തെക്കുറിച്ചോ ഉല്പാദന ക്ഷമതയെക്കുറിച്ചോ ഒരു ശാസ്ത്രീയമായ സമീപനം കർഷകർക്കു നല്കുവാൻ സാധിക്കുന്നില്ല എന്നുള്ളതു വാസ്തവമാണ്.

അശാസ്ത്രീയമായ രാസവളപ്രയോഗംമൂലം മണ്ണിന്റെ വീര്യവും ജൈവാംശവും നഷ്ടപ്പെടുന്നത് തെങ്ങുരോഗത്തിന്റെ കാരണങ്ങളിൽ ഒന്നാണ്. എന്നാൽ മണ്ണു പരിശോധന നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ കർഷകനു നല്കുവാൻ കഴിയുന്നില്ല. ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റിനും അതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. ഇവിടുത്തെ ഉല്പാദനക്ഷമത 20% മുതൽ 25% വരെയാണ്. തീരപ്രദേശങ്ങളിലും സമതലങ്ങളിലുമാണ് ഈ വിളവു ലഭിക്കുന്നത്. ഇത് സംസ്ഥാന ശരാശരിയായ 38% ത്തോടു അടുത്തു നിൽക്കുന്നില്ല. വിത്ത് തിരഞ്ഞെടുക്കുന്നതിന്റെ അപാകതയും അശാസ്ത്രീയമായ ജലസേചനവും, വളപ്രയോഗവും തെങ്ങുകൃഷിയുടെ പ്രശ്നങ്ങളിൽ ഉൾപ്പെടുന്നു. നെൽകൃഷിയേക്കാൾ ലാഭകരം എന്ന കാഴ്ചപ്പാടോടുകൂടി വയൽ നികത്തി തെങ്ങുവെച്ച പലയിടങ്ങളിലും നീർക്കെട്ടും മറ്റു കാരണങ്ങളാലും ഉല്പാദനം കുറഞ്ഞു വരുന്നതായി കാണാം.

റബ്ബർ

പരമ്പരാഗതമായി ചെയ്തുകൊണ്ടിരുന്ന മറ്റു കൃഷികൾ ലാഭകരമല്ല എന്ന തോന്നലും റബ്ബറിനുണ്ടായ പുതിയ മാർക്കറ്റും ഈ കൃഷിയിലേക്കു തിരിയുവാൻ കാരണങ്ങളായി.

മറ്റു കൃഷികളായ, തെങ്ങ്, നെല്ല്, മരച്ചീനി ഇവ കൃഷി ചെയ്തിരുന്ന ഭൂമികളുടെ 80% വും റബ്ബർകൃഷി കയ്യടക്കി. ആദ്യ കാലങ്ങളിൽ അത്യുല്പാദന ശേഷി കുറഞ്ഞ നാടൻ റബ്ബറുകളാണ് കൃഷി ചെയ്തിരുന്നത്. ഇപ്പോൾ അത്യുല്പാദനശേഷിയുള്ള RRI-105, RRI-601 ഇനങ്ങളിൽ ഏറ്റവും കൂടുതൽ കൃഷി ചെയ്യുന്നത് RRI-105 ആണ്. ഇവയ്ക്ക് ചീക്കൽ, പട്ട മരവിപ്പ് മുതലായ മാരക രോഗങ്ങൾ ബാധിക്കുന്നു. ഇതിൽ പട്ട മരവിപ്പിനു പ്രധിരോധ മരുന്നുകൾ വികസിപ്പിച്ചെടുക്കുവാൻ കഴിയാത്തതുമൂലം റബ്ബർ കൃഷിക്കാർ വളരെ ബുദ്ധിമുട്ടനുഭവിക്കുന്നു. ഇവിടുത്തെ കൃഷിക്കാരിൽ ഏറിയ പങ്കും ചെറുകിട കൃഷിക്കാരാണ്. ഇപ്പോഴും ശാസ്ത്രീയമായ രീതിയിൽ ഈ കൃഷി വികസിപ്പിച്ചെടുക്കുന്നതിന് കർഷകർക്കുള്ള അറിവില്ലായ്മ നിലനിൽക്കുന്നു.

ശരാശരി ഉൽപ്പാദന ക്ഷമത ഒരു ഹെക്ടറിന് 300 കി.ഗ്രാം എന്ന തോതിലാണ്. റബ്ബർ ടാപ്പിംഗ് തൊഴിലാളികളുടെ അഭാവം നിലനിൽക്കുന്നു. അതു നികത്തുന്നതിന് ശാസ്ത്രീയ രീതിയിലുള്ള ടാപ്പിംഗ് പരിശീലനം റബ്ബർ ബോർഡിൽ നിന്നും കൊടുക്കുന്നത് ഉചിതമാണ്. തിരുവനന്തപുരം മേഖലയിൽനിന്നുള്ള ധാരാളം തൊളിലാളികൾ ടാപ്പിംഗ് മേഖലയിൽ പണിയെടുക്കുന്നു. ഈ പ്രദേശത്തെ തൊഴിലില്ലായ്മ ഒരു പരിധിവരെ നിയന്ത്രിക്കുന്നതിന് റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കേണ്ട സാഹചര്യം നിലനിൽക്കുന്നു.

ഈ പഞ്ചായത്തിൽ ഇപ്പോൾ രണ്ടു റബ്ബർ കർഷക സംഘങ്ങൾ നിലവിലുണ്ട്- മുണ്ടമലയിലും പാട്ടക്കാലായിലും. എന്നാൽ ഇവിടുത്തെ മറ്റു പ്രദേശങ്ങളിൽകൂടി റബ്ബർ കർഷക സഹകരണ സംഘങ്ങൾ രൂപീകരിക്കേണ്ടിയിരിക്കുന്നു. കർഷകർക്ക് ശാസ്ത്രീയമായ അറിവും സാമ്പത്തിക സഹായവും കൊടുക്കുന്നതിന് റബ്ബർ ബോർഡിന്റെ ഭാഗത്തുനിന്നും ശ്രമങ്ങൾ നടക്കുന്നുണ്ടെങ്കിലും റബ്ബർ കർഷകർക്ക് അത് പൂർണ്ണമായി പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. ഇന്ന് റബ്ബറിന്റെ പ്രധാന വിപണന കേന്ദ്രമാണ് കോട്ടയം.

കുരുമുളക്

കറുത്ത പൊന്നെന്നറിയപ്പെടുന്ന കുരുമുളക് വളരെ സമൃദ്ധിയായി കൃഷി ചെയ്തിരുന്ന ഒരു പ്രദേശമായിരുന്നു ഇവിടം. എന്നാൽ മറ്റു കൃഷികളെ ബാധിച്ചതുപോലെയുള്ള രോഗം ഈ കൃഷിയേയും ബാധിച്ചു. ഈ മേഖലയിലും ശാസ്ത്രീയമായ രീതിയിലുള്ള കൃഷി സമ്പ്രദായം കർഷകർ അവലംബിച്ചിരുന്നില്ല. തണ്ടുചീയലും, ഇലപൊഴിച്ചിലും, വരൾച്ചയും കാരണം ഈ കൃഷിക്കും കാര്യമായ തളർച്ച സംഭവിച്ചു. പ്രധാനമായും കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ട് ജലസേചനത്തിനുള്ള സൗകര്യം ഇല്ലായ്മയാണ്. ഈ രംഗത്തും ചെറുകിട കൃഷിക്കാരാണുള്ളത്.

കുരുമുളകിന്റെ പ്രധാന വിപണന കേന്ദ്രം ആലപ്പുഴയും ചങ്ങനാശ്ശേരിയുമായിരുന്നു. പ്രധാനമായും സമതല പ്രദേശത്ത് തെങ്ങിനിടവിളയായിട്ടാണു കൃഷി ചെയ്യുന്നത്. എന്നാൽ ഒറ്റപ്പെട്ട കുരുമുളക് തോട്ടങ്ങളും ഉണ്ട്. കരിമുണ്ട, നാരായകൊടി, ഞാറ്റുവേലകൊടി ഇവ കർഷകർ കൃഷി ചെയ്തിരുന്ന ആദ്യകാല നാടൻ ഇനങ്ങളാണ്. ഇവയ്ക്ക് അത്യുല്പാദനശേഷി ഉള്ളവയേക്കാൾ രോഗ പ്രതിരോധ ശക്തിയുള്ളതായി കണ്ടുവരുന്നു. അത്യുല്പാദന ശേഷിയുള്ള ഇനങ്ങൾക്ക് കർഷകരുടെ ഇടയിൽ കാര്യമായ പ്രചാരം ലഭിച്ചിട്ടില്ല. ഇപ്പോഴും ശാസ്ത്രീയമായ രീതിയിൽക്കൂടി ഈ കൃഷി വികസിപ്പിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു. അതു വേണ്ട രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള ശാസ്ത്രീയബോധം കൃഷിക്കാർക്കു കൊടുക്കുന്നതിൽ കൃഷി വികസന ആഫീസിൽ നിന്നും കൂടുതൽ ശ്രദ്ധ ആവശ്യമാണ്.

അടയ്ക്ക മരം, കൊക്കോ, കശുമാവ്, ജാതി, ഗ്രാമ്പു തുടങ്ങിയ ഇടവിളകൾ

തെങ്ങിനിടവിളയായിട്ടാണ് അടയ്ക്കാമരം, കൊക്കോ, ജാതി, ഗ്രാമ്പു ഇവ കൃഷി ചെയ്തുവരുന്നത്. ഇതിൽ പ്രധാനമായും എടുത്തു പറയത്തക്ക ഒന്നാണു കൊക്കോ. ചെറുകിട കൃഷിക്കാരന്റെ ഒരു മുഖ്യ വരുമാനമാർഗ്ഗമായി കൊക്കോ ഈ പ്രദേശത്തു മാറി കഴിഞ്ഞിരിക്കുന്നു. അണ്ണാൻ, എലി മുതലായ ജീവികളുടെ ഉപദ്രവം കാരണം കൊക്കോയുടെ ഉല്പാദനം പൂർണ്ണ തോതിൽ അനുഭവിക്കുവാൻ കൃഷിക്കാരനു കഴിഞ്ഞിട്ടില്ല. നീർവാർച്ചയുള്ള പ്രദേശങ്ങളിൽ കൊക്കോ, ജാതി, ഗ്രാമ്പു ഇവ ഇടകലർത്തി കൃഷി ചെയ്തു വരുന്നുണ്ട്. കുറച്ചു മുതൽമുടക്കും കൂടുതൽ വരുമാനവും ലഭിക്കുന്നതിനാൽ ഈ രംഗത്തും ശാസ്ത്രീയ ബോധം ലഭ്യം ആക്കുവാൻ കഴിഞ്ഞാൽ കൂടുതൽ കൃഷിക്കാർ ഈ രംഗത്തേക്കു തിരിയുവാനുള്ള സാധ്യതയുണ്ട്.

അടയ്ക്ക മരത്തിനും കാറ്റുവീഴ്ച എന്ന രോഗം മാരകമായ രീതിയിൽത്തന്നെ തുടരുന്നു. കൂടാതെ ശാസ്ത്രീയമായ രോഗനിവാരണത്തിനും കൃഷിപ്പണികൾക്കും

മറ്റും തൊഴിലാളി ദൗർലഭ്യം അനുഭവപ്പെടുന്നു. റിസേർച്ച് സ്റ്റേഷനുകളിൽ ഉല്പാദിപ്പിക്കുന്ന രോഗപ്രതിരോധശക്തിയും അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ കൃഷിഭവൻ മുഖാന്തരം കൃഷിക്കാർക്കു വിതരണം ചെയ്യുവാൻ കഴിയണം.

കശുമാവു കൃഷി എന്നു പറയുവാൻ പറ്റില്ല എങ്കിലും കൃഷി സ്ഥലങ്ങളുടെ അതിർത്തിയിലും കുന്നിൻ പ്രദേശങ്ങളിലും കൃഷിക്കനുയോജ്യമല്ലാത്ത പാറപ്പോട്ടയിലും മറ്റും ഇവ ഒറ്റപ്പെട്ടു വളരുന്നു. വലിയ മുതൽ മുടക്കില്ലാതെ കർഷകനു ലഭിക്കുന്ന ഒരു സീസൺ വരുമാനമായി കശുവണ്ടി മാറി.

നെല്ല്

നെല്ല് വ്യാപകമായ രീതിയിൽ ഈ പ്രദേശത്തു കൃഷി ചെയ്തുവന്നിരുന്നു. ഒരുപ്പൂ നിലങ്ങൾക്കും, ഇരുപ്പൂ നിലങ്ങൾക്കും പുറമെ കരഭൂമികളിലും നെൽകൃഷി നടത്തി വന്നിരുന്നു. ഒരുപ്പൂ നിലങ്ങളിൽ കെട്ടിനിൽക്കുന്ന വെള്ളം ചക്രം ഉപയോഗിച്ചും (തടികൊണ്ടു നിർമ്മിച്ചത്) തോണി ഉപയോഗിച്ചും(തേക്കു തോണി) ചവിട്ടി പറ്റിച്ചു (ആ കാലയളവിൽ മോട്ടോർ ഉപയോഗിച്ചു പമ്പു ചെയ്തിരുന്നില്ല) കൃഷി ചെയ്തിരുന്നു.

ഇരുപ്പൂ നിലങ്ങളിൽ ഒരു വിളയ്ക്കാവശ്യമായ വെള്ളം സമീപമുള്ള തോട്ടിൽ മുട്ടുകെട്ടി സംഭരിച്ച് കൈത്തോടുവഴി പാടത്തെത്തിക്കുകയും ചില ഭാഗങ്ങളിൽ സംഭരിച്ച വെള്ളം ചക്രംവച്ചു ചവിട്ടിയും ലഭ്യമാക്കിരുന്നു.

കാളയുടെയും പോത്തിന്റെയും സഹായത്തോടെ കലപ്പ ഉപയോഗിച്ചു നിലം ഉഴുതു വന്നിരുന്നു. ഉഴുത കട്ട ഉടക്കുന്നതിനും വെള്ളം കയറ്റി നിരപ്പാക്കുന്നതിനും അടിമരം ഉപയോഗിച്ചിരുന്നു. ആധുനിക കൃഷി സമ്പ്രദായവും യന്ത്രവത്കരണവും കടന്നു വന്നതോടുകൂടി ഈ സ്ഥാനത്ത് ഇന്ന് ട്രാക്ടർ ആണു പ്രവർത്തിച്ചു വരുന്നത്.

മുണ്ടകൻ, പത്തൊൻപത്, ചേറാടി, അതികര തുടങ്ങിയ നാടൻ വിത്തുകളാണ് അന്നുപയോഗിച്ചുവന്നിരുന്നത്. പറിച്ചു നട്ടും, പൊഴിയിട്ടും, വിതച്ചും നടത്തിവന്നിരുന്ന കൃഷിയിൽനിന്നും നല്ല വിളവു ലഭിച്ചിരുന്നു. ഈ ഇനം വിത്തുകൾക്ക് ധാരാളമായി വൈക്കോലും ലഭിച്ചിരുന്നു. ആദ്യം നെൽക്കതിരും രണ്ടാമതു വൈക്കോലും എന്ന രീതിയിൽ കൊയ്ത്തു നടത്തി വന്നിരുന്നു.

നടീലും കൊയ്ത്തും സംഘം ചേർന്ന് പ്രത്യേക താളത്തോടുകൂടിയ നാടൻ പാട്ടിന്റെ അകമ്പടിയോടുകൂടി നടത്തിവന്നിരുന്നു. അന്ന് നിലനിന്നിരുന്ന പാട്ടിന്റെ ഈരടി ചുവടെ ചേർക്കുന്നു.

"പാടത്തു നിൽക്കുന്ന പുന്നാര പെണ്ണേ
പാട്ടൊന്നു പാടീ പുന്നാര പെണ്ണേ
പാടീ പാടീ പുന്നാര പെണ്ണേ
പാട്ടൊന്നു പാടീ പുന്നാര പെണ്ണേ . . . .

അക്കാലത്ത് രാസവള പ്രയോഗം തീരെ ഇല്ലായിരുന്നു. ചാരം, ചാണകം, പച്ചില വളം ഇവയാണുപയോഗിച്ചുവന്നിരുന്നത്. കീടനാശിനിയും അക്കാലത്തില്ലായിരുന്നു. കാറ്റുവീഴ്ച, തണ്ടുതുരപ്പൻ, മുഞ്ഞ എന്നീ രോഗങ്ങളെ പ്രതിരോധിച്ചിരുന്നത് ചാരം വിതറിയും, കൈപ്പമ്പുപയോഗിച്ചും, ഡി.ഡി.ടി സ്പ്രേ ചെയ്തും ആയിരുന്നു. വേപ്പെണ്ണ വെള്ളത്തിൽ കലർത്തിയും തളിച്ചിരുന്നു.

ഏറെക്കുറെ ഒരേ സമയത്തുതന്നെ നെൽപ്പാടങ്ങളിൽ കൃഷിയിറക്കുകയും വിളവെടുപ്പു നടത്തുകയും ചെയ്തിരുന്നു. കൊയ്തു കാലത്ത് പാടശേഖരങ്ങളിൽ മാടങ്ങൾ ഉണ്ടാക്കി കാവൽ കിടന്നു വന്നിരുന്നു. ഈ കാവൽ മാടങ്ങളും ഇവയിൽ കത്തിച്ചുവച്ച റാന്തൽ വിളക്കും കിടക്കുവാൻ ഉപയോഗിച്ചിരുന്ന വൈയ്ക്കോൽ മെത്തയും ഒരു പ്രത്യേക അനുഭൂതിയായിരുന്നു. നെല്ലു മെതിക്കുന്നതിനാവശ്യമായ മെതിക്കളങ്ങളും കാൽ നാട്ടി സ്ഥാപിച്ചിട്ടുള്ള മെതിയിഴകളും അന്നത്തെ പ്രത്യേകതകളായിരുന്നു.

കൊയ്ത്തിനും മെതിക്കും പ്രതിഫലമായി കൊടുത്തിരുന്നത് പൊലി അല്ലെങ്കിൽ പതം എന്ന സമ്പ്രദായത്തിലായിരുന്നു പത്തിന് ഒന്ന് എന്ന ക്രമത്തിൽ നെല്ലുതന്നെ കൂലിയായി കൊടുത്തിരുന്നു. ജന്മി കുടിയാൻ ബന്ധം വളരെ സൗഹൃദപൂർവ്വം നിലനിന്നിരുന്ന കാലമായിരുന്നു അത്.

ഇന്ന് ഇതിനെല്ലാം സമൂലമായ മാറ്റം വന്നു. പഴയ ഉഴവു സമ്പ്രദായത്തിനു ഇന്ന് ട്രാക്ടർ ഉപയോഗിച്ചുവരുന്നു. വെള്ളം പാടങ്ങളിൽ കയറ്റുന്നതിനും ഇറക്കുന്നതിനും പമ്പുസെറ്റുകൾ വ്യാപകമായി ഉപയോഗിക്കുന്നു. പഴയ നെൽ വിത്തിനു പകരം അത്യുല്പാദനശേഷിയുള്ള I.R.8, ജയ, ടൈനാൻ, ഭാരതി എന്നീ നെൽ വിത്തുകൾ ഉപയോഗിക്കുന്നു. ഇന്ന് വ്യാപകമായി രാസവളങ്ങളും കീടനാശിനികളും ഉപയോഗിക്കുന്നു. കൊയ്ത്തിനും മെതിക്കും മാറ്റം സംഭവിച്ചിരിക്കുന്നു. പത്തിലൊന്നു പതത്തിനു പകരം എട്ടിലൊന്ന് പതവും. ചില ഭാഗങ്ങളിൽ കൂലി സമ്പ്രദായവും നിലവിൽവന്നു.

കാർഷികോപകരണങ്ങൾ

ഇവിടുത്തെ കൃഷിക്കാർ സാധാരണ ഉപയോഗിച്ചു വരുന്നത് നാടൻ കാർഷികോപകരണങ്ങളായ തൂമ്പ, മൺവെട്ടി, പിക്കാസ് എന്നിവയാണ്. എന്നാൽ യന്ത്രവത്കൃത ഉപകരണങ്ങളുടെ പ്രയോജനം പരിമിതമായ തോതിൽ ഇവിടെയും ലഭ്യമാണ്. പാടശേഖര സമിതികൾ മുഖേന കർഷകരെ സഹായിക്കുന്നതിന് 1 ട്രാക്ടർ, 1 ട്രില്ലർ, റോക്ക് സ്പ്രെയർ 68, നാപ് സ്റ്റാക് സ്പ്രെയർ 76, തെങ്ങുകയറ്റയന്ത്രം 4, ഷോർട്ടബിൾ പമ്പുസെറ്റ് 6 എന്നിവയാണ് കാർഷിക യന്ത്രോപകരണങ്ങളായി ഇപ്പോഴുള്ളത്. കൂടാതെ 28 നാടൻ കലപ്പ പ്രചാരത്തിലുണ്ട്.

കാർഷികോപകരണങ്ങൾ

ട്രാക്ടർ	ട്രില്ലർ	നാടൻ കലപ്പ	റോക്ക് സ്പ്രെയർ	നാപ്സ്റ്റാക് സ്പ്രെയർ	മെതി യന്ത്രം	തെങ്ങുകയറ്റ യന്ത്രം	ഷോർട്ടബിൾ പമ്പുസെറ്റ്
1	1	28	68	76	Nil	4	6 MOS

കൈവശഭൂമി വിസ്തീർണ്ണം

വാർഡ് നമ്പർ	നാമമാത്ര കർഷകർ 1 ഹെക്ടറിൽ താഴെ	ചെറുകിട കർഷകർ 1-2 ഹെക്ടർ	വൻകിട കർഷകർ 2 ഹെക്ടറിനു മുകളിൽ
I - VIII	2727	340	13

പാടശേഖരങ്ങൾ

നെൽ കർഷകന്റെ പൊതുവായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കൃഷിഭവന്റെ ആഭിമുഖ്യത്തിൽ രണ്ട് പാടശേഖര സമിതികൾ നിലവിലുണ്ട്- പടുതോടു പാടശേഖര സമിതിയും, പാലവയൽ പാടശേഖര സമിതിയും. നെൽപാടങ്ങളുടെ വിസ്തൃതി ദൈനം ദിനം കുറഞ്ഞുവരുന്നു. തെങ്ങുകൃഷിക്കും ഗൃഹ നിർമ്മാണത്തിനും വേണ്ടി നിലം നികത്തി എടുക്കുന്നത് വയലിന്റെ വിസ്തൃതി കുറയുന്നതിനു കാരണമായി.

കരിമ്പ്

നെൽകൃഷിയോടൊപ്പം കരിമ്പു കൃഷിയും വ്യാപകമായി നടത്തിവരുന്നു. കരിമ്പാട്ടി ശർക്കരയും, ശർക്കര ഉണ്ടയും വിപണനം നടത്തി വന്നിരുന്നു എങ്കിലും വർദ്ധിച്ച അധ്വാന ഭാരവും തുച്ഛ ലാഭവും കാരണം പല കൃഷിക്കാരും കരിമ്പു കൃഷിയിൽനിന്നും പിൻമാറി തുടങ്ങി. പമ്പാ ഷുഗർമിൽ ആരംഭിച്ചതോടുകൂടി കരിമ്പു വെട്ടി മില്ലിൽ ഏൽപ്പിക്കുന്ന സമ്പ്രദായം നിലവിൽവന്നു.

നിശ്ചിത സമയത്തു മില്ലുടമകൾ കരിമ്പു വാങ്ങാതിരുന്നതു കാരണം ഭീമമായ നഷ്ടം കരിമ്പു കർഷകർക്കുണ്ടാവുകയും തന്മൂലം കർഷകൻ ഈ രംഗത്തുനിന്ന് പൂർണ്ണമായും പിൻമാറേണ്ടിയും വന്നു. ഇന്ന് കരിമ്പു കൃഷി നടത്തുന്ന ഒരിടവും ഈ പഞ്ചായത്തിൽ ഇല്ലാതായി.

വാഴ

വ്യാപകമായി നടത്തുന്ന ഒന്നാണു വാഴകൃഷി. ഏത്തവാഴ, പൂവൻവാഴ, പാളയന്തോടൻ, കണ്ണൻവാഴ, ഞാലിപൂവൻ, മോറീസ്, പച്ചചിങ്കൻ, കാളി, ചെങ്കതളി, കദളി തുടങ്ങിയ വാഴ ഇനങ്ങൾ ഈ പ്രദേശങ്ങളിൽ കൃഷി ചെയ്തുവരുന്നു. മണ്ടയടപ്പ് മാണപ്പുഴു, വേരുചീയൽ തുടങ്ങിയ രോഗങ്ങൾ വാഴകൃഷിയെ ബാധിക്കുന്നതുകൊണ്ട് ഉല്പാദനക്ഷമത കുറഞ്ഞുവരുന്നു. എങ്കിലും കർഷകർ വ്യാപകമായി വാഴകൃഷി ചെയ്യുന്നു. ന്യായമായ വിലയും ലഭിക്കുന്നു.

ഇതോടൊപ്പം പച്ചക്കറികളായ വെള്ളരി, പാവൽ, പടവലം, പച്ചമുളക്, വഴുതന ഇവ കൃഷി ചെയ്തുവരുന്നു. എല്ലാ വീടുകളിലും ആവശ്യമായ പച്ചക്കറി ലഭിക്കുന്നതിന് അടുക്കളത്തോട്ടം വ്യാപകമാക്കുന്നതിന് കൃഷിഭവനിൽനിന്നും ആവശ്യമായ വിത്തുകളും വളങ്ങളും നല്കി പ്രോത്സാഹിപ്പിക്കുന്നു.

കൃഷിഭവൻ

1987 സെപ്തംബർ 1-നാണ് കൃഷിഭവൻ പഞ്ചായത്തിൽ നിലവിൽ വന്നത്. പൂർണ്ണമായും കാർഷിക മേഖലയായ ഈ പഞ്ചായത്തിൽ കൃഷിഭവന്റെ പ്രവർത്തനം പൂർണ്ണമായി എത്തിയിട്ടുണ്ട് എന്ന് അവകാശപ്പെടാൻ പറ്റുകയില്ല. ഒരു കൃഷി ആഫീസും 2 കൃഷി അസിസ്റ്റന്റുമാരും ഉള്ള കൃഷിഭവന്റെ പ്രവർത്തനം പൂർണ്ണമായ തോതിൽ കർഷകർക്കു ലഭ്യമാക്കേണ്ടതുണ്ട്.

നടീൽ വസ്തു വിവരണം

ഇനം	എണ്ണം		
	1993-94	**1994-95**	**1995-96**
തെങ്ങ്	45 Nos	750 Nos	1215 Nos
കശുമാവ്	--	--	--
കുരുമുളക്	4500 Nos	2000 Nos	14400 Nos
കവുങ്ങ്	--	--	100 Nos
Fruit plans	--	138 Nos	248 Nos
Hotmas	--	650	250
Clove	--	165	250
Palses Seeds	360 lg	300 lg	32 lg
Veg.Seeds	400 Packet	400 Packet	1350 Packet
Pady Seeds	500 g	500 g	430 g

പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും

അശാസ്ത്രീയമായ രാസവള പ്രയോഗവും വർദ്ധിച്ചു വരുന്ന മണ്ണൊലിപ്പും കാരണം മണ്ണിന്റെ വീര്യം നഷ്ട പ്പെട്ടുകൊണ്ടിരിക്കുന്നതിനാൽ കൃഷിയുടെ ഉല്പാദനക്ഷ മത കാര്യമായി കുറഞ്ഞുകൊണ്ടിരിക്കുന്നു.

വിവിധ സ്ഥലങ്ങളിലെ മണ്ണു പരിശോധന നടത്തി ജൈവാംശങ്ങളുടെ പോരായ്മയെക്കുറിച്ചും നൂനതമായ രാസവളപ്രയോഗത്തെക്കുറിച്ചും കർഷകർക്കു അറിവു പകർന്നു കൊടുക്കുക എന്നുള്ളതാണ് ഏക പരിഹാര മാർഗ്ഗം.

ഈ പഞ്ചായത്തിന്റെ ഏറിയ ഭാഗവും കുന്നിൻ ചെരിവുമുള്ള പ്രദേശമാണ്. ശക്തമായ മഴ ലഭിക്കുന്ന അവസരത്തിൽ കൃഷിക്കുപയുക്തമായ മുകൾമണ്ണ് നഷ പ്പെട്ടുകൊണ്ടിരിക്കുന്നു. ഇത് ഉല്പാദനക്ഷമതയെ കാര്യ മായി ബാധിക്കുന്നു.

മേൽമണ്ണ് ഒലിച്ചുപോകാതിരിക്കുന്നതിന് ഇടക്ക യ്യാല തീർക്കുന്നതിനും പ്രകൃതിയാൽ ലഭിക്കുന്ന മഴ വെള്ളം ഭൂമിയിൽതന്നെ കെട്ടിനിർത്തുന്നതിനാവശ്യമായ കുഴികൾ നിർമ്മിക്കുന്നതിനും സോയിൽ കൺസർവേ ഷൻ ഡിപ്പാർട്ട്മെന്റിന്റെയും കൃഷിഭവന്റെയും സഹായ ങ്ങൾ കൃഷിക്കാരനു ലഭിമാക്കുവാൻ നടപടികൾ ഉണ്ടാ വണം.

വിത്തു തിരഞ്ഞെടുക്കുന്നതിന് കർഷകർക്ക് ശാ സ്ത്രീയമായ ബോധം ഇല്ല. ശാസ്ത്രീയമായ അപഗ്രഥനം നടത്തി വിത്തു തെരഞ്ഞെടുത്തു കൃഷി ചെയ്യുവാനുള്ള പരിശീലനം കൃഷിഭവൻവഴി നല്കുവാൻ കഴിയണം.

പ്രധാന പ്രശ്നങ്ങൾ

1. കാലാകാലങ്ങളിൽ പടർന്നു പിടിക്കുന്ന കാർഷിക രോഗങ്ങൾക്കു രോഗ നിർണ്ണയം നടത്തി പ്രതിരോധ ശക്തിയുള്ള കീടനാശിനികൾ കൃഷിഭവൻവഴി വിത രണം ചെയ്യുവാൻ കഴിയണം.
2. വളം വിതരണം ചെയ്യുന്നതിന് പെർമിറ്റുള്ള സഹ കരണസംഘം ഈ പഞ്ചായത്തിൽ പ്രവർത്തിക്കു ന്നില്ല. അതിനാൽ കൃഷിഭവൻവഴി വിതരണം ചെ യ്യുന്ന വളങ്ങൾ വാങ്ങുന്നതിന് മറ്റു പഞ്ചായ ത്തിലെ സർവ്വീസ് സഹകരണ സംഘങ്ങളെ ആശ്ര യിക്കേണ്ടിവരുന്നതു കർഷകർക്ക് കൂടുതൽ ബുദ്ധി മുട്ടുണ്ടാക്കുന്നു. ഇത് പരിഹരിക്കുന്നതിന് നിലവി ലുള്ള സർവ്വീസ് സഹകരണ ബാങ്കിന് വളം വിൽ ക്കുന്നതിനാവശ്യമായ പെർമിറ്റെടുക്കുവാൻ കഴി യണം.

   ഈ പഞ്ചായത്തിൽ കാർഷികോല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് പുറമറ്റം, വെണ്ണിക്കുളം എന്നീ രണ്ടു വിപണന കേന്ദ്രങ്ങളാണുള്ളത്. ഇവിടെ ഉല്പന്നങ്ങൾ പൂർണ്ണമായ തോതിൽ വിറ്റഴിക്കുന്ന തിനും ന്യായമായ വില ലഭിക്കുന്നതിനും ഇന്നത്തെ വിപണന കേന്ദ്രങ്ങൾ അപര്യാപ്തമാണ്. മറ്റു വിപ ണന കേന്ദ്രങ്ങളിലെ പ്രധാന കച്ചവടക്കാരെ നമ്മു ടെ മാർക്കറ്റിലേക്കു ആകർഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ഇവിടെ ഉൽപ്പന്ന ങ്ങൾ സംഭരിക്കുന്നതിനും വിപണനം നടത്തുന്ന തിനും ഒരു ഫാർമേഴ്സ് സഹകരണസംഘം ആരം ഭിക്കുവാൻ കഴിയണം.
3. കർഷക തൊഴിലാളികളുടെ ദൗർലഭ്യം കാർഷിക മേഘലയുടെ വളർച്ചയ്ക്ക് വിഘാതമായി നിൽ ക്കുന്ന ഈ സമയത്ത് കൂടുതൽ യന്ത്രവത്കരണം സർക്കാർ സഹായധനത്തോടുകൂടി പഞ്ചായത്തി നോ, കർഷക സംഘടനകൾക്കോ, കർഷകർക്കോ വിതരണം ചെയ്യണം.
4. കൊയ്ത്ത് കാലങ്ങളിൽ ഉത്പാദിപ്പിക്കുന്ന നെല്ല് സംഭരിക്കുകവഴി കർഷകർക്ക് ന്യായമായി വിലകി ട്ടുവാൻ സാധ്യമാക്കുക.
5. ജൈവ ഉല്പാദനത്തിൽ നിലവിലുള്ള സഹായധനം നാമമാത്രമായതിനാൽ പല കർഷകനും പദ്ധതി നടപ്പിലാക്കുവാൻ വിമുഖത കാണിക്കുന്നു. ആയതി

നാൽ സഹായധനം കൂട്ടി ജൈവവള ഉല്പാദനവും ഉപയോഗവും കൂട്ടുക.

6. സഹകരണ അടിസ്ഥാനത്തിൽ പുഷ്പകൃഷി, കൂൺ കൃഷി, പച്ചക്കറികൃഷി, വ്യാപിപ്പിക്കുകയും, പുതിയ ഇനം വിത്തുകളും മറ്റും Research Station കളിൽ നിന്നു വാങ്ങി കർഷകർക്ക് കാലാകാലങ്ങളിൽ വിതരണം ചെയ്യേണ്ടതായുണ്ട്. ആയതിലേക്ക് Transportation വകയിൽ വരുന്ന ചിലവ് Grama Panchayath വഹിക്കേണ്ടതാണ്.

അശാസ്ത്രീയമായ മണൽവാരൽ നിമിത്തം ഈ പഞ്ചായത്തിൽക്കൂടി കടന്നുപോകുന്ന മണിമലയാർ വളരെയധികം താഴുകയും ജലവിതാനം കാല വർഷം അവസാനിക്കുമ്പോൾതന്നെ താഴുകയും ചെയ്യുന്നതിനാൽ ഈ പുഴയോട് ചുറ്റും കിടക്കുന്ന സ്ഥലങ്ങളിൽ വളരെയധികം ജലദൗർലഭ്യം അനുഭവപ്പെടാറുണ്ട്. ഈ സ്ഥിതിക്ക് മാറ്റം വരുത്തുവാൻ കോമളം കടവിന് മുകൾവശം, കല്ലുപാലത്തിനു സമീപം തലങ്ങളിൽ ചെറിയ തടയണകൾ നിർമ്മിക്കുകയാണെങ്കിൽ ഏകദേശം 300 He സ്ഥലത്തെ കൃഷിയും മറ്റും വരൾച്ചയിൽനിന്നും രക്ഷിക്കുവാൻ സാധിക്കും.

തെങ്ങുകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേടുവന്ന തെങ്ങുകൾ പൂർണ്ണമായി വെട്ടിമാറ്റുന്നതിനും അവർക്കു സബ്സിഡി നല്കുന്നതിനും നടപടിയുണ്ടാകണം. തെങ്ങിന്റെ രോഗനിവാരണത്തിന് ആണ്ടുതോറും മരുന്നുതളി നടത്തണം. വിളവുകൾക്കുള്ള ഇൻഷുറൻസ് പദ്ധതി വ്യാപകമായ തോതിൽ നടപ്പാക്കുവാൻ കഴിയണം.

വിള വിസ്തീർണ്ണവും ഉല്പാദനവും (**Ref:** അടിസ്ഥാന വിവര രജിസ്റ്റർ)

വിള	വിസ്തീർണ്ണം	മൊത്തം ഉല്പാദനം	ഉല്പാദനക്ഷമത(ഹെക്ടറിൽ)
നെല്ല് (ഒന്നാംവിള)	5 Ha	14. M.T	2.8 MT/ Ha
നെല്ല്(രണ്ടാംവിള)	18.5 Ha	55.5 MT	3 MT / Ha
നെല്ല് (മൂന്നാംവിള)	69.72 Ha	195 MT	2.8 MT / Ha
പയർ	9 Ha	9MT	--
എള്ള്	2 Ha	620 Kg	--
പച്ചക്കറികൾ	18.5 Ha	209536 Kg	13687 Kg / Ha
തെങ്ങ്	350 Ha	2343600	60 Neds / Palm
വാഴ	86 Ha	1135 MT	6 Kg / Plantation
മരച്ചീനി	257 Ha	668714 MT	2602 Kg/ Ha
കുരുമുളക്	80 Ha	40 MT	0.500 gm /Standard
പ്ലാവ്	15 Ha	അറിയില്ല	--
കശുമാവ്	20 Ha	24000 Kg	6 Kg / Tree
മാവ്	10 Ha	അറിയില്ല	--
റബ്ബർ	260 Ha	286 MT	1100 Kg / Ha
കവുങ്ങ്	30 Ha	15000 Kg	5000 Kg / Ha
Miner Tuber	50 Ha	500 MT	--
കൊക്കോ	25 Ha	150 MT	6000 Kg / Ha

രാസവള കീടനാശിനി വിപണനം

		1993-94			1994-95			1995-96		
ക്രമനമ്പർ	സ്ഥാപനത്തിന്റെ പേര്	രാസവളം	കീടനാശിനി		രാസവളം	കീടനാശിനി		രാസവളം	കീടനാശിനി	
		Kg	ദ്രവം	ഖരം	Kg	ദ്രവം	ഖരം	Kg	ദ്രവം	ഖരം
	സഹകരണം	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
	സ്വകാര്യം	N			N			N		
		38.6 MT	491	230 Kg	53.18 MT	5348	220Kg	32.7 MT		
		P			P			P	42 Lit	210 Kg
		28.12 MT			42.79 MT			25.12MT		
		K			K			K		
		31.65MT			41.79 MT			30.65MT		

ജലസേചനം

പ്രധാനമായും രണ്ടു ഘട്ടങ്ങളിലായി ലഭിക്കുന്ന മഴയെ മാത്രം ആശ്രയിച്ചാണു കൃഷി ചെയ്യുന്നത്. ജൂൺ മുതൽ ആഗസ്റ്റുവരെ കാലവർഷവും (ഇടവപ്പാതി) സെപ്തംബർ മുതൽ ഒക്ടോബർവരെ തുലാവർഷവും ലഭിക്കുന്നുണ്ട്. കാലാവസ്ഥയുടെ മാറ്റം അനുസരിച്ച് ഇത് കൂടിയും കുറഞ്ഞും അനുഭവപ്പെടുന്നു. തുലാവർഷം അവസാനിക്കുന്നതോടൊപ്പം ഇരിപ്പൂ കൃഷിയിടങ്ങളിലെ വിളവെടുപ്പ് അവസാനിക്കുന്നില്ല. ഒക്ടോബർ നവംബർ മാസങ്ങളിൽതന്നെ വരൾച്ച അനുഭവപ്പെടുന്ന കാരണം ഇരിപ്പൂ നിലങ്ങളിലും ആറ്റുതീര പ്രദേശങ്ങളിലും മറ്റു സമതല പ്രദേശങ്ങളിലും ജലസേചനം ലഭ്യമാക്കുന്നതിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രയോജനപ്പെടണം.

മണിമലയാറ്റിൽനിന്നും വെള്ളം പമ്പുചെയ്തു ജലസേചനം നടത്തുന്നതിനുവേണ്ടി 3-ാം വാർഡിൽ ചക്കാലത്തു പുരയിടത്തിൽ സ്ഥാപിച്ചു പ്രവർത്തിക്കുന്ന കല്ലുപാലം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി 3 ഉം 6 ഉം വാർഡുകളുടെ ചില ഭാഗങ്ങളിൽ പ്രയോജനപ്പെടുന്നു. രണ്ടാം വാർഡിലെ കക്കാടു ലിഫ്റ്റ് ഇറിഗേഷൻ രണ്ടാംം വാർഡിന്റെ ചില ഭാഗങ്ങളിൽ പ്രയോജനപ്പെടുന്നു. ഏഴാം വാർഡിൽ പള്ളിക്കടവു ഭാഗത്തു സ്ഥാപിച്ചു പ്രവർത്തിക്കുന്ന വാലാങ്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഏഴും എട്ടും വാർഡുകലുടെ ചില ഭാഗങ്ങളിൽ മാത്രം പ്രയോജനപ്പെടുന്നു. എന്നാൽ മുകളിൽ പറഞ്ഞ വാർഡുകളിൽ പൂർണ്ണമായി ഈ പദ്ധതി എത്തിക്കുവാൻ സാദ്ധ്യമൽല്ല. മണിമലയാറ്റിലെ ജലനിരപ്പ് വർഷംതോറും താഴ്ന്നുകൊണ്ടിരിക്കുന്നതിനാൽ ഈ മൂന്നു പദ്ധതികൾക്കും ജലം ലഭ്യമാക്കുവാൻ കഴിയുന്നില്ല. അക്കാരണത്താൽ പൂർണ്ണമായും പ്രയോജനപ്പെടുത്തുവാനും കഴിയുന്നില്ല.

പമ്പാ ഇറിഗേഷൻ പദ്ധതിയുടെ ഒരു ശാഖ ഇരവിപേരൂർ പഞ്ചായത്തിലെ പൊടിപ്പാറനിന്നും വട്ടക്കോട്ടാൽവഴി പാലവയലിൽ എത്തിക്കുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. ഒന്ന്, രണ്ട്, മൂന്ന്, നാല്, വാർഡുകളിലെ ചില ഭാഗങ്ങളിലെ നെൽകൃഷിക്കും മറ്റു കൃഷികൾക്കും ഇതു പ്രയോജനപ്പെടും. എന്നാൽ ആവശ്യമുള്ള അവസരങ്ങളിൽ വെള്ളം ലഭിക്കാറില്ല.

മുപ്പതു സെന്റിൽ കൂടുതലുള്ള കേര കർഷകർക്കു വേണ്ടി കിണറു കുഴിച്ചു പമ്പുസെറ്റു സ്ഥാപിച്ചു ജല സേചനം നടത്തുന്നതിനുള്ള ചെറുകിട പദ്ധതി കൃഷി ഭവൻ വഴി നല്കുന്നുണ്ട്. സബ്സിഡിയുണ്ടെങ്കിലും ഉയർന്ന ചിലവു കാരണം ഈ പദ്ധതി ഏറ്റെടുക്കുവാൻ കൃഷിക്കാർക്കു താല്പര്യമില്ല.

പരിഹാരങ്ങളും നിർദ്ദേശങ്ങളും

1. നിലവിലുള്ള ജലസേചന മാർഗ്ഗങ്ങൾ അപര്യാപ്തം ആയതിനാൽ പ്രധാന പാടശേഖരങ്ങളായ പുല്ലേലിപ്പാടം, പാലവയൽ, താഴംകുളംപാടം, പടുതോടുപാലം, പൊരിവേലിപാടം, മാരുത്തോടുപാലം, മാമനാൽ പാടം, നീലവാതുക്കൽ പാടം, കുരീക്കാട്ടുവയൽ, കുറങ്ങളം, കക്കാട് എന്നീ പാടങ്ങളോടു ചേർന്ന് കുളം കുഴിച്ച് പമ്പുസെറ്റു സ്ഥാപിച്ചു ജലസേചനം നടത്തുവാനുള്ള സൗകര്യം ഉണ്ടാവണം.

2. പമ്പാ ഇറിഗേഷൻ കനാലിന്റെ ഒരു ശാഖ പുല്ലാട്ടു നിന്നും ആരംഭിച്ചു മേമല വഴി കല്ലുപാലത്തിങ്കൽ എത്തിച്ചാൽ ഏകദേശം അഞ്ഞൂറ് ഏക്കർ സ്ഥലത്തെ ജലദൗർലഭ്യം പരിഹരിക്കുവാൻ കഴിയും. നിലവിലുള്ള മേമല-കല്ലുപാലം തോടിന്റെ ഇരുവശവും കെട്ടി സംരക്ഷിക്കുകയും നിലവിൽ തോടു താഴ്ത്തുകയും ചെയ്താൽ ഈ പദ്ധതിക്കു കൂടുതൽ പ്രയോജനം ചെയ്യും.

3. പമ്പാ ഇറിഗേഷൻ കനാലിന്റെ ഒരു ശാഖ പൊടിപ്പാറ നിന്നും വട്ടക്കോട്ടാൽ വരെ എത്തിയിട്ടുണ്ട്. വട്ടക്കോട്ടാൽ മുതൽ പാലവയൽവരെ നിലവിലുള്ള തോടിന്റെ ഇരുവശവും കെട്ടുകയും തോടു താഴ്ത്തുകയും ചെയ്താൽ ആയിരം ഏക്കർ കൃഷി സ്ഥലത്തിനാവശ്യമായ ജലം ലഭ്യമാക്കുവാൻ കഴിയും.

4. വയലുകളെ ജലസേചന പദ്ധതിയുമായി ബന്ധിപ്പിക്കുന്ന തോടുകൾ കാലാകാലങ്ങളിൽ മണ്ണടിഞ്ഞ് നികരുന്നതിനാൽ യഥാസമയം വെള്ളം ഒഴിഞ്ഞു പോകുന്നതിനു ബുദ്ധിമുട്ടുണ്ടാവുകയും നീർക്കെട്ടനുഭവപ്പെടുകയും ചെയ്യുന്നു. തോടുകൾ യഥാസമയം താഴ്ത്തി വെള്ളം ഒഴിഞ്ഞുപോകുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാകേണ്ടതാണ്.

5. കൃഷിയിറക്കുന്നതിനാവശ്യമായ ട്രാക്കർ, വിത്ത്, വളം മുതലായവ കൊണ്ടുപോകുന്നതിന്, കക്കാട്ടുവയൽ, പാലവയൽ, പുത്തൻകണ്ടം, കുരീക്കാട്ടുപാറവയൽ, കുറുങ്ങളം (കല്ലുപാലം) എന്നിവിടങ്ങളിലേക്ക് ജലസേചനത്തിന് അസൗകര്യം ഉണ്ടാകാത്ത തരത്തിൽ, അപ്രോച്ച് റോഡുകൾ നിർമ്മിക്കുന്നത് ഉചിതമായിരിക്കും.

6. വാലാങ്കര ചെറുകര പുരയിടത്തിൽ സ്ഥാപിച്ചിരിക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽകൂടി കർഷകർക്കു വേണ്ടത്ര പ്രയോജനം ലഭിക്കുന്നില്ല. ഇവിടെനിന്നും തെക്കോട്ട് നിർമ്മിച്ചിരിക്കുന്ന കനാൽവഴി വെള്ളം പമ്പു ചെയ്യുന്നില്ല. കേടുവന്ന ബണ്ടുകൾ നപുതുക്കി സ്ഥിരം പമ്പു ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാവുകയും വേണം.

   ഇവിടെനിന്നും വടക്കോട്ട് കോയിക്കൽ, പള്ളത്ത്, കൂടത്തുംകൽ, തേക്കനാൽ, ഇടമണ്ണിൽ, നടുവിലേൽ, കിഴക്കയിൽ, ഊടയിൽ, ഇടമുറിയിൽ പുരയിടങ്ങൾ കടന്ന് തോപ്പിൽ പുരയിടത്തിൽ എത്തത്തക്കവണ്ണം ഒരു പുതിയ കനാൽ നിർമ്മിച്ച്, സമീപെയുള്ള വിശാലമായ തെങ്ങിൻ പുരയിടങ്ങൾ ഉൾപ്പെട്ട കൃഷിസ്ഥലങ്ങൾക്കും വിസ്തൃതമായ പള്ളത്ത് കുഴി നിലങ്ങൾക്കും ആവശ്യമായ വെള്ളം എത്തിക്കുക.

7. പടുതോടു കവലയ്ക്കു കിഴക്കുള്ള പാടശേഖരത്തിൽ കെട്ടിക്കിടക്കുന്ന ജലം ഒഴിഞ്ഞുപോകുന്നതിന് പുറംതോടിന്റെ ഇടിഞ്ഞ ഭാഗങ്ങൾ പുതുതായി കെട്ടിയും അവശേഷിക്കുന്ന ഭാഗങ്ങൾ പുതുതായി കല്ലു കെട്ടിയും നടുതോടു നിർമ്മിച്ചു ബണ്ടു കെട്ടിയും വെള്ളം ഒഴിഞ്ഞു പോകുന്നതിനുള്ള സംവിധാനം ഉണ്ടാവണം.

8. മഠത്തുംഭാഗത്തുനിന്നും പെരുമനക്കണ്ടത്തിലേക്ക് മണ്ണുകൊണ്ടു നിർമ്മിച്ചിരിക്കുന്ന ബണ്ട് കരിങ്കൽ കെട്ടിയും, പെരുമനക്കണ്ടത്തിൽനിന്നും ആറ്റിലേക്കു പോകുന്ന തോടിന്റെ ഇരു വശങ്ങൾ കരിങ്കൽ കെട്ടിയും തോടിന് ആഴം കൂട്ടിയും സംരക്ഷിക്കുക.

ഈ ഗ്രാമ പഞ്ചായത്തിലെ മുഖ്യ തൊഴിൽ കൃഷിയാണ്. കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും ഒരു പുത്തൻ കാർഷിക വികസന സംസ്കാരം ഉൾക്കൊണ്ടേ തീരൂ.

9. താഴംകുളം, പാർലി എന്നീ പാടങ്ങൾ ഉൾപ്പെട്ട ഇരുനൂറ് ഏക്കർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നതിന് പന്നിക്കോട് ഭാഗത്ത് ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിക്കുകയും പന്നിക്കോട്ടു തോട്ടിൽ ഒരു റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുകയും വേണം.
10. കവുങ്ങുംപ്രയാർ തൃക്കയിൽ ക്ഷേത്രത്തിന് സമീപമുള്ള സൗകര്യപ്രദമായ സ്ഥലത്ത് ചെക്കുഡാം നിർമ്മിച്ചാൽ, ജലസേചനത്തിനും, നിർദ്ദിഷ്ട കരിങ്കുറ്റി വാട്ടർ സപ്ലൈ സ്കീമിന് ആവശ്യമായ വെള്ളത്തിനും ഉപകരിക്കും.
11. ആറ്റുതീരം ഇടിയുന്നത് തടയുവാൻ ആവശ്യമായ സ്ഥലങ്ങളിൽ തടയിണ നിർമ്മിക്കുക.

മലകളെ സംബന്ധിച്ച വിവരം

നമ്പർ	പ്രധാന മലകൾ	സ്ഥിതിചെയ്യുന്ന വാർഡുകൾ
1	കണ്ണാട്ടുഭാഗം-കമ്പനിമല	1
2	വരിക്കാപള്ളി	2
3	ഉമിക്കുന്ന്	2
4	കരിങ്കുറ്റി	3
5	പുല്ലേലി	4
6	ചേറ്റുതടം	5
7	കൊച്ചുഴതത്തുംമല	6
8	തോയാട്ടുമല	7
9	പടുതോട്ടുമല	8
10	പന്ത്രണ്ടുപറ	8

പാടശേഖരങ്ങളെ സംബന്ധിച്ച വിവരം

നമ്പർ	പ്രധാന പാടശേഖരങ്ങൾ	വിസ്തീർണ്ണം (ഏക്കറിൽ)	സ്ഥിതിചെയ്യുന്ന വാർഡുകൾ
1	നീല വാതിക്കൽ	14	4,3
2	പാലവയൽ	77	2,3
3	കക്കാട്ടു പാർലി	55.5	2
4	താഴകുളം	30	2
5	കുറുങ്ങളം	--	3
6	മാമനാൽ	50	6, 4
7	കട്ടുകുഴി	15	8
8	മേലപ്പടവ്	25	8
9	ഇടക്കല്ലൂർ	30	7
10	അരിങ്ങട	20	7

ജലവുമായി ബന്ധപ്പെട്ട ആസ്തികൾ

ക്രമനമ്പർ	ആസ്തികൾ	എണ്ണം
1	മണിമല ആറ്	6 k.m
2	തോട്	12
3	കുളം	4
4	ചാലുകൾ	7
5	കുഴൽകിണർ	12

കുളങ്ങളെ സംബന്ധിച്ച വിവരം

നമ്പർ	കുളം	സ്ഥിതിചെയ്യുന്ന വാർഡ്
1	പോളയക്കണ്ടത്തിൽ കുളം	1
2	റീത്തുപള്ളികുളം	6
3	വാളത്തോപ്പുകുളം	7
4	ചെറുവികുളം	7

ചാലുകളെ സംബന്ധിച്ച വിവരം

നമ്പർ	ചാലുകൾ	വിസ്തീർണ്ണം	സ്ഥിതിചെയ്യുന്ന വാർഡുകൾ
1	കക്കാട്ടു ചാൽ	1 ഏക്കർ	2
2	താഴകുളം ചാൽ	50 സെ	2
3	മുട്ടാർ ചാൽ	50സെ	2
4	അരിങ്ങട ചാൽ	1 ഏക്കർ	7
5	നീർക്കുഴി ചാൽ	50 സെന്റ്	7
6	ഇടക്കല്ലു മൺചാൽ	75 സെന്റ്	7
7	ചാലുങ്കൽ ചാൽ	50 സെന്റ്	8

പ്രധാന തോടുകളെ സംബന്ധിച്ച വിവരം

നമ്പർ	പ്രധാന തോടുകൾ	നീളം
1	നീലവാതുക്കൽ-ഓടൻകോട്	1.5 KM
2	പാരൂർ തോട്	1.20 M
3	മേമല കല്ലുപാലം തോട്	2.5 KM
4	താഴകുളം തോട്	1 KM
5	ചേലയ്ക്കൽ തോട്	1KM
6	പള്ളിയാങ്കൽ തോട്	670 M
7	ചെറുവിതോട്	500 M
8	കക്കാടു തോട്	1 KM.
9	പന്നിക്കോട്ടു തോട്	860 M
10	വെണ്ണിക്കുളം വലിയതോട്	1KM
11	പടുതോടു വലിയതോട്	1 KM
12	വെണ്ണിക്കുളം-വാളത്തോപ്പു തോട്	600 M

ഭയപ്പെട്ട് കൂടിയാലോചനയ്ക്ക് പോകരുത്. പക്ഷെ, കൂടിയാലോചിക്കാൻ നാം ഭയപ്പെടേണ്ടതില്ല.

ജെ.എഫ്.കെന്നഡി.

ഒരി നല്ല മനസാക്ഷിക്ക് പീരങ്കിയുടെ വായിലും ഉറങ്ങാൻ കഴിയും.

തോമസ് വാട്സൺ

പുഞ്ചിരിക്കു കണ്ണുനീറിനും ഇടയ്ക്കു കിടന്നാടുന്ന ബൻഡുലമാണ് മനുഷൻ.

ബൈറൻ

4-2

മൃഗസംരക്ഷണവും മത്സ്യ ബന്ധനവും

മൃഗ സംരക്ഷണം

കൃഷിയുമായി അടുത്ത ബന്ധം പുലർത്തുന്ന ഒന്നാണ് മൃഗസംരക്ഷണം. മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന അനവധി കുടുംബങ്ങൾ ഉണ്ട്.

പശു, ആട്, എരുമ എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ. ഉഴവു കാളകളെയും പോത്തുകളെയും വളർത്തുന്ന ചുരുക്കം ചില കർഷകരും ഉണ്ട്.

വളർത്തു പക്ഷികളിൽ പ്രധാനം കോഴിയാണ്. ചെറുതായ തോതിൽ താറാവിനെയും, മുയലിനെയും, പന്നിയെയും, വളർത്തുന്നു. പഞ്ചായത്തിലെ 80% ൽ അധികം വീടുകളിലും കോഴിയെ വളർത്തുന്നു.

വളർത്തു മൃഗങ്ങളെ സംബന്ധിച്ച വിവരം

നമ്പർ	മൃഗങ്ങളുടെ ഇനം
1	പശു
2	ആട്
3	എരുമ
4	പോത്ത്
5	ഉഴവുകാള
6	ആട്
7	കോഴി
8	താറാവ്
9	മുയൽ
10	പന്നി

ഈ പഞ്ചായത്തിലെ കൗങ്ങുംപ്രയാറിൽ ഒരു മൃഗാശുപത്രിയും തോയാട്ടുമല, മേമല, വട്ടക്കോട്ടാൽ എന്നിവിടങ്ങളിൽ സബ്സെന്ററുകളും പ്രവർത്തിക്കുന്നു.

കാലികളിൽ പൊതുവെ പല രോഗങ്ങളും കണ്ടു വരുന്നു. കുളമ്പു രോഗം, കാലി വസന്ത, ഉള്ളുക്കുപനി, അകിടുവീക്കം, ഉദരരോഗം, പനി എന്നിവയാണ് മുഖ്യമായവ. രോഗ പ്രതിരോധ നടപടികളെക്കുറിച്ചും ശുചിത്വത്തെക്കുറിച്ചും കാലി കർഷകർക്ക് കാര്യമായ അറിവില്ലാത്ത കാരണം രോഗങ്ങൾ തുടക്കത്തിലെ ചികിത്സിച്ചു മാറ്റുന്നതിന് തടസ്സങ്ങൾ ഉണ്ടാകുന്നു.

കൃഷിക്കാവശ്യമായ ജൈവവളത്തിന്റെ വലിയ പങ്കു നിറവേറ്റാൻ കാലി വളർത്തലിലൂടെ ഇവിടെ കഴിയുന്നുണ്ട്. നെൽകൃഷിക്കു പുറമെ റബ്ബർ, തെങ്ങ്, കുരുമുളക്, കൊക്കോ, പച്ചക്കറികൃഷി, എന്നീ വിളകൾക്കും വ്യാപകമായ തോതിൽ ഉപയോഗിക്കുന്നു.

ഈ പഞ്ചായത്തിൽ 40 തോളം ഗോബർ ഗ്യാസ് പ്ലാന്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഏറിയ പങ്കും ഭംഗിയായി പ്രവർത്തിച്ചു വരുന്നു. കൂടുതൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഇവിടെ സാധ്യതയുണ്ട്. എന്നാൽ ഇതിന്റെ നിർമ്മാണത്തെക്കുറിച്ചും പ്രവർത്തനത്തെക്കുറിച്ചും കർഷകർക്കുള്ള അജ്ഞതയാണ് പ്രധാന തടസ്സം. ഒരു വീട്ടിലെ പാചകത്തിനും, വെളിച്ചത്തിനും വേണ്ടി വരുന്ന ഇന്ധനത്തിന്റെ വലിയ ഒരു ഭാഗം ഗോബർ ഗ്യാസ് പ്ലാന്റുവഴി കണ്ടെത്താൻ കഴിയും.

സബ്സിഡിയോടുകൂടി വ്യാപകമായ തോതിൽ മൃഗസംരക്ഷണ വകുപ്പു മുഖേന കൂടുതൽ ഗോബർ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഇനിയും നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

മിക്കവാറും വീടുകളിൽ കോഴികളെ വളർത്തുന്നുണ്ടെങ്കിലും ഇറച്ചിക്കുവേണ്ടി മറ്റു പ്രദേശങ്ങളിൽ നിന്നും കോഴികളെ ഇറക്കുമതി ചെയ്യുന്നു. അതിനാൽ കോഴി വളർത്തലിനു സാധ്യതയുണ്ടെന്നു വ്യക്തമാകുന്നു. പുഴയോരങ്ങളിലും വയലിനോടു ചേർന്ന പ്രദേശങ്ങളിലും താറാവിനെ വളർത്തുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു.

ചില വീടുകളിലെങ്കിലും മുയലിനെ വെറും കൗതുകത്തിനുവേണ്ടിയാണ് വളർത്തുന്നത്. മാംസത്തിനുവേണ്ടിയുള്ള മുയൽ വളർത്തൽ വളരെ കുറവാണ്. പ്രത്യുത്പാദന നിരക്ക് വളരെ കൂടുതൽ ആയതുകൊണ്ട് ഇറച്ചി ആവശ്യത്തിനു മുയലിനെ വളർത്തുന്നത് ലാഭകരമായിരിക്കും ഇത് വ്യാപകമായ തോതിൽ വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു.

ആദ്യ കാലങ്ങളിൽ എരുമ, നാടൻ പശുക്കൾ ഇവയേ ധാരാളമായി വളർത്തിയിരുന്നു. ഇതിൽ നിന്നും ഉത്പാദിപ്പിക്കപ്പെടുന്ന തൈര്, വെണ്ണ എന്നിവ പ്രധാന വിപണന കേന്ദ്രമായ പുറമറ്റത്തുതന്നെ വിറ്റഴിച്ചു വന്നിരുന്നു. സമീപ പ്രദേശങ്ങളിലെല്ലാം "പുറമറ്റം കട്ടത്തൈര്" വളരെ പ്രസിദ്ധമായിരുന്നു.

ഈ സ്ഥാനത്ത് ഇന്ന് കൂടുതൽ പാല് ഉല്പാദിപ്പിക്കുന്ന സങ്കര ഇനങ്ങളായ ജേഴ്സി, സിസ്സ് ബ്രൗൺ തുടങ്ങിയ ഇനങ്ങളിൽപെട്ടവയെ വ്യാപകമായ തോതിൽ വളർത്തുന്നു. കൂടുതലായി ഉല്പാദിപ്പിക്കപ്പെടുന്ന പാൽ വിറ്റഴിക്കുന്നതിന് കർഷകരുടെ സഹകരണത്തിലും നേതൃത്വത്തിലും പലയിടങ്ങളിലും ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ സ്ഥാപിച്ചു പ്രവർത്തിച്ചുവരുന്നു. മേമല, പടുതോട്, പുറമറ്റം എന്നീ ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

ക്ഷീരോല്പാദക സഹകരണ സംഘങ്ങളെ സംബന്ധിച്ച വിവരം

നമ്പർ	സംഘത്തിന്റെ പേര്	അംഗങ്ങൾ	ഉല്പാദിപ്പിക്കുന്ന പാൽ
1	മേമല ക്ഷീരോല്പാദക സഹകരണസംഘം		
2	പടുതോടു ക്ഷീരോല്പാദക സഹകരണസംഘം		
3	പുറമറ്റം ക്ഷീരോല്പാദക സഹകരണസംഘം		

ഇവിടെ കാലി വളർത്തൽ വർദ്ധിച്ച തോതിൽ ഉണ്ടാകുവാനുള്ള കാരണം കന്നുകാലികളെ ക്രയ വിക്രയം നടത്തുന്നതിനുള്ള ഒരു പ്രധാന വിപണന കേന്ദ്രം ഈ പഞ്ചായത്തിലുണ്ടെന്നുള്ളതാണ്. "മാമനാൽ കാള ച്ചന്ത" വളരെ പ്രസിദ്ധമാണ്. ഇത് ഈ ജില്ലയിലെ തന്നെ എണ്ണപ്പെട്ട കേന്ദ്രങ്ങളിലൊന്നാണ്. കറുകച്ചാൽ, മല്ലപ്പള്ളി, പൊന്തൻപുഴ, റാന്നി, വടശ്ശേരിക്കര, കോഴഞ്ചേരി, ഇലന്തൂർ, ആറാട്ടുപുഴ, ചെങ്ങന്നൂർ, കല്ലിശ്ശേരി, തുകലശ്ശേരി തുടങ്ങിയ സ്ഥലങ്ങൾക്കും പുറമെ തമിഴ് നാട്ടിൽ നിന്നും കമ്പംമേട്, കുമളി വഴി ധാരാളം ഇറച്ചി മാടുകളും എത്തിക്കൊണ്ടിരിക്കുന്നു.

പ്രശ്നങ്ങൾ

1. ക്ഷീരോല്പാദക സഹകരണ സംഘങ്ങൾവഴി വിറ്റഴിക്കുന്ന പാലിന് കർഷകന് ന്യായമായ വില ലഭിക്കുന്നില്ല.
2. കാലിത്തീറ്റയുടെ വിലവർദ്ധനവ്.
3. കാലികളെ വളർത്തുന്നതിന് സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള പ്രയാസം.
4. പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവ്.
5. കോഴി വസന്തരോഗം തടയുന്നതിന് ഫലപ്രദമായ സംവിധാനം ഇല്ലാത്തതിനാൽ കോഴി വളർത്തലിനു ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്.
6. പേവിഷബാധയ്ക്കെതിരെ വളർത്തു നായ്ക്കളെ കുത്തിവെയ്പെടുക്കുന്നതിന് വെറ്ററിനറി ആസ്പത്രിയുടെ ആഭിമുഖ്യത്തിൽ കുത്തിവെയ്പെടുക്കുന്നതിനുള്ള സൗകര്യം ഉണ്ടാകണം.

പരിഹാരവും നിർദ്ദേശവും

കാലിത്തീറ്റയ്ക്കും വൈക്കോലിനുമുണ്ടായ അമിതമായ വിലവർദ്ധനവു കാരണം കർഷകർക്കു ക്ഷീരോല്പാദക ചിലവു വർദ്ധിക്കുന്നതിനാൽ അതനുസരിച്ചു കൂടുതൽ വില പാലിനു ലഭിക്കണം.

കാലികൾക്കുള്ള വില വർദ്ധിച്ചു വരുന്നതിനാൽ കർഷകന് നല്ലയിനം കാലികളെ വാങ്ങുന്നതിനും ഡയറി യൂണിറ്റുകൾ മുഖേന കുറഞ്ഞ പലിശ നിരക്കിൽ ബാങ്ക് വായ്പ കൊടുക്കുന്നതിനുമുള്ള സൗകര്യം ഏർപെടുത്തണം.

പടിഞ്ഞാറൻ പ്രദേശങ്ങളിൽ നിന്നും കുറഞ്ഞ വിലയ്ക്കു വൈക്കോൽ വാങ്ങി ന്യായമായ വിലയ്ക്കു വിതരണം ചെയ്യുവാനുള്ള സംവിധാനം ക്ഷീരോല്പാദന സഹകരണ സംഘങ്ങൾ മുഖേന നടപ്പാക്കണം.

പുൽകൃഷിയുടെ ആവശ്യകതയെപ്പറ്റി കർഷകനെ ബോധവാന്മാരാക്കുകയും അവരുടെ സഹകരണം തേടുന്നതിനും കഴിയണം.

പാലുല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് അനുയോജ്യമായ വ്യവസായ യൂണിറ്റുകൾ ആരംഭിക്കണം.

കല്ലുപാലത്തിനു സമീപമുള്ള സ്ഥലത്ത് മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടം പണിയണം.

മൽസ്യ ബന്ധനം

ഭൂപ്രകൃതിയുടെ കിടപ്പു കാരണം സമുദ്രം, കായൽ തുടങ്ങിയ വലിയ ജലാശയങ്ങളുമായി ഈ പഞ്ചായത്തിനു ബന്ധം ഇല്ലാത്തതുകൊണ്ട് വൻ തോതിലുള്ള മത്സ്യബന്ധനം ഈ പ്രദേശത്തു സാദ്ധ്യമല്ല.

അനവധി ചാലുകളും കുളങ്ങളും ഉള്ളത് മത്സ്യബന്ധനത്തിന് ഉപയുക്തമാക്കാവുന്നതാണ്. വീശുവല, ഒറ്റാൽ, കൂട്, മടവല, ഉടക്കുവല, ചൂണ്ട ഇവയുടെ സഹായത്തോടെയാണു മത്സ്യ ബന്ധനം നടത്താറുള്ളത്.

മത്സ്യ സമ്പത്ത് അധികം ഇല്ലാത്തതിനാൽ കടൽ മത്സ്യത്തെയാണാശ്രയിക്കുന്നത്. ഇത് പുറത്തുനിന്നും വരുന്നതാണ്. പുറമറ്റം വാലാങ്കര മാർക്കറ്റുകൾ മത്സ്യ വിപണന കേന്ദ്രങ്ങൾ കൂടിയാണ്. ഇതിനു പുറമെ സൈക്കിളിലും വഴിയോരങ്ങളിൽവച്ചും വിപണനം നടത്തുന്നു. വിവാഹംപോലുള്ള വിശേഷ ആവശ്യങ്ങൾക്ക് പുറമറ്റം മാർക്കറ്റിനെ ആശ്രയിക്കുന്നു.

നിർദ്ദേശം

മത്സ്യകൃഷി നടത്തുന്നതിന് അനുയോജ്യമായ കുളങ്ങളും ചാലുകളും ഉണ്ട്. അവ കെട്ടിയെടുത്തു സംരക്ഷിച്ച് മീൻ വളർത്തൽ കേന്ദ്രങ്ങൾ ആക്കാവുന്നതാണ്.

നിലവിലുള്ള മാർക്കറ്റിനോടു ചേർന്നു വിപുലമായ മത്സ്യ മാർക്കറ്റു നടത്തുവാൻ കഴിയണം.

ഗവ. പോളി ടെക്നിക് വെണ്ണിക്കുളം

4-3

വിദ്യാഭ്യാസം

സ്വാ തന്ത്ര്യത്തിനു വളരെ മുമ്പുതന്നെ കേരളം സാക്ഷരതയിലും വിദ്യാഭ്യാസ സൗകര്യങ്ങളുടെ കാര്യത്തിലും മറ്റു സംസ്ഥാനങ്ങളേക്കാൾ മുൻ പന്തിയി ലായിരുന്നു. സാമൂഹിക പരിഷ്കർത്താക്കളും, മിഷനറി മാരും സ്വകാര്യ സംരംഭകരും വിദ്യാഭ്യാസം വ്യാപകമാക്കി. തുടർന്ന് വിദ്യാഭ്യാസം ഒരു സാമൂഹിക ബാധ്യതയായി സർക്കാർ തന്നെ ഏറ്റെടുത്തു. അതോടുകൂടി പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾ വളർന്നുവന്നു. സംസ്ഥാന ത്തൊട്ടാകെ വിദ്യാഭ്യാസ മേഖലയിൽ വന്ന ഈ ഉണർവ്വ് നമ്മുടെ പഞ്ചായത്തിലും പ്രകടമായി. ഇതര പഞ്ചായത്തുകളിലെ വിദ്യാഭ്യാസ നിലവാരവുമായി താര തമ്യം ചെയ്യുമ്പോൾ നമ്മുടെ പഞ്ചായത്ത് ഏറെ മുമ്പി ലാണെന്നു കാണാം. ഇന്ന് വിദ്യാഭ്യാസ രംഗത്ത് ക്രമാനു ഗതമായ ഒരു വളർച്ചയുടെ ചിത്രമാണ് നമുക്കു കാ ണാൻ കഴിയുക. പഞ്ചായത്തിന്റെ ചരിത്രത്തിലെ പഴയ താളുകളിലൂടെ പരതി നോക്കിയാൽ, ശക്തമായ ഒരു ഫ്യൂഡൽ വ്യവസ്ഥ ഇവിടെ നിലനിന്നിരുന്നു എന്നു കാണാം. അവർണ്ണ ജാതിക്കാർക്ക് വിദ്യാലയങ്ങളി ലെത്തി പഠനം നടത്തുക അക്കാലത്ത് നിഷിദ്ധമായിരു ന്നു. മാത്രവുമല്ല ഫീസ് നല്കി വിദ്യ അഭ്യസിക്കുക, സാധാരണക്കാർക്ക് താങ്ങാനും കഴിയുമായിരുന്നില്ല. ക്രമേണ സാമൂഹിക രംഗത്തുണ്ടായ, മാറ്റങ്ങൾ, ഇവി ടെയും മാറ്റത്തിന്റെ കാറ്റ് വിതച്ചു. അജ്ഞതയും അന്ധ വിശ്വാസങ്ങളും, അനാചാരങ്ങളും അപ്രത്യക്ഷമായി തുട ങ്ങി. അതോടെ വിദ്യാഭ്യാസത്തിന് കൂടുതൽ ഊന്നൽ നല്കിക്കൊണ്ടുള്ള ഒരു വികസന സംസ്കാരം പഞ്ചാ യത്തിലുടനീളം ദൃശ്യമായിത്തുടങ്ങി.

അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ വിദ്യാഭ്യാസ മേഖലയ്ക്ക് പുതിയ ഉണർവ്വും ഉന്മേഷവും പകർന്നു കൊടുത്തു. വിദ്യാഭ്യാസ പുരോഗതിയുടെ ചരി ത്രത്താളുകളിൽ തങ്ക ലിപികളിൽ കുറിക്കേണ്ടതാണ് ,കുടിപ്പള്ളിക്കുടങ്ങളിലൂടെയും നിലത്തെഴുത്തു കളരിക ളിലൂടെയും നമ്മുടെ പഞ്ചായത്തിനു ലഭിച്ച ആദ്യകാല സേവനങ്ങൾ. അക്കാലത്ത് നിലത്തെഴുത്താശാൻ എന്ന നിലയിൽ പിന്നോക്ക വിഭാഗത്തിൽ നിന്നും സാമൂഹിക രംഗത്തേക്ക് ഉദിച്ചുയർന്നു വന്ന സാമൂഹിക പരിഷ്കർ ത്താവായിരുന്നു പുല്ലേലിമല തേവൻ ആശാൻ.

മലയാള പദ്യ സാഹിത്യത്തിന് മഹത്തായ സംഭാ വന നല്കിയ മലയാളികളുടെ മഹാകവി ശ്രീ. വെണ്ണി ക്കുളം ഗോപാലക്കുറുപ്പിന്റെ ജന്മംകൊണ്ട് അനുഗ്രഹീ തമാണ് നമ്മുടെ ഗ്രാമം. പഞ്ചായത്ത് മൂന്നാം വാർഡിലെ ചെറുനാട്ട് ഇല്ലത്തിലായിരുന്നു ശ്രീ. വെണ്ണിക്കുളത്തിന്റെ ജനനം. വെണ്ണിക്കുളം സെന്റ് ബഹനാൻസ് ഹൈസ്ക്കൂ ളിലെ അദ്ധ്യാപകനായും അദ്ദേഹം സേവനമനുഷ്ഠിച്ചി ട്ടുണ്ട്.

1912-ൽ പുറമറ്റത്തു സ്ഥാപിതമായ സർക്കാർ എലി മെന്ററി സ്കൂളാണ് പഞ്ചായത്തിലെ ആദ്യത്തെ വിദ്യാ ലയം. 1962-ൽ ഇത് യു.പി. സ്കൂളായും 1982-ൽ ഹൈസ്കൂളായും ഉയർത്തപ്പെട്ടു. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നല്കിക്കൊണ്ട് 1990-ൽ ഈ വിദ്യാലയം വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ എന്ന നിലയിലേക്ക് വളർന്നു. പ്രിന്റിംഗ്, ഓഫീ സ് മാനേജ്മെന്റ്, അക്കൗണ്ടൻസി എന്നീ കോഴ്സുകൾ ഇവിടെ പ്രവർത്തിച്ചു വരുന്നു. സെക്കന്റ്, ഫോർത്ത് ഗ്രൂപ്പുകളെ അടിസ്ഥാനമാക്കിയുള്ള പ്രീ.ഡിഗ്രി പഠനവും ഇപ്പോൾ നടന്നു വരുന്നുണ്ട്. വിദ്യാഭ്യാസ രംഗത്ത്

മികച്ച സേവനം നല്കിക്കൊണ്ടിരിക്കുന്ന ഈ വിദ്യാലയത്തിന്റെ വളർച്ചയ്ക്ക് സാരമായ സംഭാവന നൽകിയവരുടെ കൂട്ടത്തിൽ മുൻ എം.എൽ.എ. ശ്രീ. എം.എം. മത്തായിയുടെ പേര് പ്രസ്താവ്യ യോഗ്യമാണ്.

വാലാങ്കര ഇംഗ്ലീഷ് മിഡിൽ സ്കൂൾ എന്ന പേരിൽ 1915-ൽ ആരംഭിച്ചതും, പിന്നീട് ഹൈസ്കൂളായി ഉയർത്തപ്പെട്ടതുമായ, വെണ്ണിക്കുളം സെന്റ് ബഹനാൻസ് ഹൈസ്കൂൾ, 1974 മുതൽ എ.ഡി. ആന്റ് കാതോലിക്കേറ്റ് മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നു.

പഞ്ചായത്തിലെ മറ്റൊരു പ്രമുഖ വിദ്യാലയമാണ്, 1915-ൽ ആരംഭിച്ച വെള്ളാറ മേഖല എം.ഡി. യു.പി. സ്കൂൾ പഞ്ചായത്തിലെ ഏക അൺ എയ്ഡഡ് സ്കൂളാണ് അടുത്ത കാലത്ത് ആരംഭിച്ച സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം യു.പി.സ്കൂൾ. പഞ്ചായത്തിൽ രണ്ട് ഹൈസ്കൂളുകളും, മൂന്ന് യു.പി.കൂളുകളും, നാല് എൽ. പി. സ്കൂളുകളുമാണുള്ളത്. ഇവയിൽ ഒരു ഹൈസ്കൂളും ഒരു യു.പി. സ്കൂളും സർക്കാർ മേഖലയിലും, മറ്റുള്ളവ സ്വകാര്യ മേഖലയിലും പ്രവർത്തിച്ചു വരുന്നു.

പട്ടിക ഒന്ന്

ക്ര: നമ്പർ	സ്കൂൾ	L.P	U.P	H.S	Govt:	Aid	Un-
1	ഗവ: V.H.S. പുറമറ്റം	-	-	1	1	-	-
2	S.B.H.S. വെണ്ണിക്കുളം	-	-	1	-	1	-
3	Govt: U.P.S. വട്ടക്കോട്ടാൽ	-	1	-	1	-	-
4	M.D.U.P.S. വെള്ളാറ മേമല	-	1	-	-	1	-
5	St. Thomas E.M.U.P.School വെണ്ണിക്കുളം	-	1	-	-	-	1
6	M.T. L.P.S. കവുങ്ങുംപ്രയാർ	1	-	-	-	1	-
7	E.A.L.P.S., തോണിപ്പാറ	1	-	-	-	1	-
8	M.T.L.P.S, വാലാങ്കര	1	-	-	-	1	-
9	M.D.L.P.S., വെണ്ണിക്കുളം	1	-	-	-	1	-

ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള അഭിനിവേശവും ഫ്രീ സ്കൂളുകളോടു കാണിക്കുന്ന വിമുഖതയും കാരണം, പഞ്ചായത്ത് വിട്ട് അകലെയുള്ള അൺ-എയ്ഡഡ് ഇംഗ്ളീഷ് മീഡിയം സ്കൂളുകളിൽ ചെറിയൊരു ശതമാനം വിദ്യാർത്ഥികൾ പഠനം നടത്തി വരുന്നുണ്ട്. അൺ-എയ്ഡഡ് വിദ്യാലയങ്ങളിലെ കുട്ടികളുടെ പ്രവേശനം പരിശോധിച്ചതിൽ നിന്നും, സാമ്പത്തിക പിന്നോക്കാവസ്ഥ അനുഭവിക്കുന്നവർക്കും, പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഫ്രീ സ്കൂൾ വിദ്യാഭ്യാസ സമ്പ്രദായം അനിവാര്യമാണെന്ന് ബോധ്യപ്പെടുന്നുണ്ട്.

പട്ടിക 2

വിദ്യാർത്ഥികളുടെ എണ്ണം (1996-97)

ക്ര: നമ്പർ	സ്കൂൾ	ആകെ കുട്ടികൾ			SC / ST		
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1.	Govt: V.H.S.പുറമറ്റം	226	240	466	69	67	136
2	S.B.H.S. വെണ്ണിക്കുളം	482	493	975	33	52	85
3	Govt: U.P.S, വട്ടക്കോട്ടാൽ	53	44	97	28	27	55
4	St.Thomas E.M.U.P.S വെണ്ണിക്കുളം	343	349	692	9	9	18
5	M.D.U.P.S, വെങ്ങാറ മേമല	119	125	244	17	19	36
6	M.T.L.P.S. കവുങ്ങുംപ്രയാർ	34	49	83	7	6	13
7	E.A.L.P.S, തോണിപ്പാറ	27	41	68	2	0	2
8	M.T.L.P.S. വാലാങ്കര	62	45	107	4	5	9
9	M.D.L.P.S., വെണ്ണിക്കുളം	48	57	105	7	6	13
	ആകെ	**1394**	**1443**	**2837**	**176**	**191**	**367**

സ്കൂൾ വിദ്യാഭ്യാസം ആരംഭിച്ചിട്ട് കൊഴിഞ്ഞു പോകുന്നവർ താരതമ്യേന കുറവാണ്.

പട്ടിക-3

(തോറ്റു പഠിക്കുന്നവരുടേയും കൊഴിഞ്ഞുപോകുന്നവരുടേയും എണ്ണം)

ക്ര: നമ്പർ	സ്കൂൾ	പഠനം നിർത്തിയവർ						തോറ്റു പഠിക്കുന്നവർ					
		SC/ST			മറ്റുള്ളവർ			SC/ST			മറ്റുള്ളവർ		
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1.	Govt: V.H.S,പുറമറ്റം	2	2	4	2	1	3	10	4	14	18	8	26
2.	S.B.H.S.,വെണ്ണിക്കുളം	-	-	-	1	-	1	7	4	11	47	51	98
3.	Govt: U.P.S.വട്ടക്കോട്ടാൽ	-	-	-	-	-	-	2	0	2	2	1	3
4.	St.Thomas.E.M.U.P.S.വെണ്ണിക്കുളം	-	-	-	-	-	-	-	-	-	6	3	9
5.	M.D.U.PS.,വെള്ളാറ മേമല	0	1	1	1	0	1	0	4	4	9	5	14
6.	M.T.L.P.S,കവുങ്ങും പ്രയാർ	-	-	-	1	4	5	1	0	1	0	1	1
7.	E.A.L.P.S, തോണിപ്പാറ	-	-	-	-	-	-	-	-	-	1	2	3
8.	M.T.L.P.S., വാലാങ്കര	-	-	-	4	-	4	1	0	1	2	2	4
9.	M.D.L.P.S., വെണ്ണിക്കുളം	-	-	-	-	-	-	0	1	1	2	3	5
	ആകെ	**2**	**3**	**5**	**9**	**5**	**14**	**21**	**13**	**34**	**87**	**76**	**163**

ഭൗതിക സൗകര്യങ്ങൾ

വിദ്യാലയങ്ങളിൽ പ്രൈമറി മേഖലയിൽ ഭൗതിക സൗകര്യങ്ങൾ തുലോം പരിമിതമാണ്. ഇത് പഠന നിലവാരത്തെ സാരമായി ബാധിക്കുന്നു. താരതമ്യേന ഹൈസ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ ഉയർന്നതാണെങ്കിലും കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്.

പട്ടിക-4

ഭൗതിക സൗകര്യങ്ങൾ

നമ്പർ	സ്കൂൾ	വിസ്തീർണ്ണം	ഓഫീസ്	സ്റ്റാഫ്റൂം	ലാബ്	ലൈബ്രറി	മൂത്രപ്പുര	ലാറ്റിൻ	പാചകപ്പുര	വൈദ്യുതി	കളി	കിണർ
1.	G.U.H.S. പുറമറ്റം	2.60 ഏക്കർ	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
2.	S.B.H.S. വെണ്ണിക്കുളം	3.10 ഏക്കർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
3.	Govt: U.P.S. വട്ടക്കോട്ടാൽ	2 ഏക്കർ	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
4.	St. Thomas M.U.P.S., വെണ്ണിക്കുളം	3 ഏക്കർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്
5.	M.D.U.P.S, വെള്ളാറ	82 ഏക്കർ	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല
6.	M.T.L.P.S കവുങ്ങുംപ്രയാർ	.35 ഏക്കർ	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല
7.	E.A.L.P.S. തോണിപ്പാറ	.50 ഏക്കർ	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
8.	M.T.L.P.S, വാലാങ്കര	.08ഏക്കർ	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്
9.	M.D.L.P.S, വെണ്ണിക്കുളം	.15ഏക്കർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്

ഗവ:പോളിടെക്നിക്, വെണ്ണിക്കുളം

മല്ലപ്പള്ളി താലൂക്കിലെ ഏക ഗവ:പോളിടെക്നിക് പുറമറ്റം പഞ്ചായത്തിലാണ്. 1984-ൽ വെണ്ണിക്കുളത്ത് വാടക കെട്ടിടത്തിൽ ആരംഭിച്ച ഈ സാങ്കേതിക സ്ഥാപനം ആറു കോടി രൂപ മുതൽ മുടക്കി, ലോക ബാങ്കിന്റെ സഹായത്തോടെ നിർമ്മിച്ച ആധുനിക കെട്ടിട സമുച്ചയത്തിലേക്ക് മാറ്റിയത് 1996-ൽ ആണ്. ആരംഭത്തിൽ സിവിൽ, ഓട്ടോമൊബൈൽ, ഇലക്ട്രോണിക്സ് എന്നീ ത്രിവത്സര ഡിപ്ലോമാ കോഴ്സുകളാണ് ഉണ്ടായിരുന്നത്. കഴിഞ്ഞ അധ്യയന വർഷം മുതൽ കമ്പ്യൂട്ടർ സയൻസ്, മെക്കാനിക്കൽ എന്നീ ബ്രാഞ്ചുകളും ആരംഭിച്ചു. ഓരോ ബ്രാഞ്ചിനും നാൽപ്പതു സീറ്റുകൾ വീതം അനുവദിച്ചിട്ടുണ്ട്.

കമ്മ്യൂണിറ്റി പോളിടെക്നിക്, സ്ക്രീൻ പ്രിന്റിംഗ്, വെൽഡിംഗ്, പ്ലംമ്പിംഗ്, ഓട്ടോ ഇലക്ട്രിക്കൽസ് തുടങ്ങിയ ഹ്രസ്വകാല കോഴ്സുകളും നടത്തി വരുന്നു. ലോക ബാങ്കിന്റെ പ്രത്യേക സാമ്പത്തിക സഹായത്തോടെ തുടർവിദ്യാഭ്യാസ പദ്ധതി പ്രകാരം കംപ്യൂട്ടർ പായ്ക്കിംഗ്, ആട്ടോ മൊബൈൽ എൻജിനീയറിംഗ്, മെക്കാനിക്കൽ

എൻജിനീയറിംഗ്, അലൂമിനിയം ഫേബ്രിക്കേഷൻസ് എന്നീ ബ്രാഞ്ചുകളിൽ ഫീസ് നല്കി പഠിപ്പിക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. 48 അദ്ധ്യാപകരും 12 അനദ്ധ്യാപകരും ഉൾപ്പെടെ 60 ജീവനക്കാരുണ്ട്.

സ്റ്റാഫിന്റെ അപര്യാപ്തത, കടുത്ത ജല ദൗർലഭ്യം, ഹോസ്റ്റലിന്റെ അഭാവം എന്നിവ ഇന്ന് ഈ സാങ്കേതിക സ്ഥാപനം അഭിമുഖീകരിക്കുന്ന മുഖ്യ പ്രശ്നങ്ങളാണ്.

ശ്രീ. എം.ജി.ഗോപിനാഥൻ നായർ പ്രിൻസിപ്പലായി ഇപ്പോൾ സേവനമനുഷ്ഠിക്കുന്നു.

വെണ്ണിക്കുളം വിദ്യാഭ്യാസ ഉപജില്ലാ കാര്യാലയം ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു.

നാല് പാരലൽ കോളെജുകൾ, നാല് ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിട്ട്യൂട്ടുകൾ, ഒരു നൃത്ത വിദ്യാലയം, നാല് പ്രീ-പ്രൈമറി വിദ്യാലയങ്ങൾ, രണ്ടു ഗ്രന്ഥശാലകൾ, ഒരു ജിംനേഷ്യം തുടങ്ങിയവ അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് മികച്ച സേവനം കാഴ്ച വയ്ക്കുന്നു.

വിദ്യാഭ്യാസ രംഗത്ത് കൂടുതൽ ശ്രദ്ധയും പഠനവും പ്രവർത്തനങ്ങളും ഈ പഞ്ചായത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസ നിലവാരം കൂടുതൽ ഗുണപരമാക്കാൻ സ്കൂൾ കോംപ്ലക്സുകളുടെ ഫലപ്രദമായ പ്രവർത്തനം അനിവാര്യമാണ്.

പ്രശ്നങ്ങൾ / സാധ്യതകൾ / നിർദ്ദേശങ്ങൾ

1. ഹൈസ്കൂളുകളിലെ S.S.L.C വിജയശതമാനം മെച്ചപ്പെടേണ്ടിയിരിക്കുന്നു.
2. എൽ.പി. സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ തീരെ അപര്യാപ്തമാണ്.
3. കുട്ടികളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞു വരുന്നതിനാൽ എയ്ഡഡ് സ്കൂളുകളിൽ ഡിവിഷൻ ഫാൾ അനുഭവപ്പെട്ടു വരുന്നു.
4. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും, ഗവ:പോളിടെക്നിക്കിലും അദ്ധ്യാപകരുടെ എണ്ണം അപര്യാപ്തമായതിനാൽ അത് പഠനത്തെ ദോഷകരമായി ബാധിക്കുന്നു.
5. കലാ-കായിക രംഗത്ത് പ്രോത്സാഹനം നല്കുന്നതിനുള്ള സംവിധാനം തീരെ ഇല്ല.
6. പഞ്ചായത്തിലെ രണ്ട് ഹൈസ്കൂളിലും കംപ്യൂട്ടർ പഠനത്തിനുള്ള സൗകര്യം ഏർപ്പെടുത്തണം.
7. അദ്ധ്യാപനം മെച്ചപ്പെടുത്താൻ റിഫ്രഷർ കോഴ്സുകൾ ആരംഭിക്കണം.
8. പഞ്ചായത്തിൽ അടിയന്തിരമായി ഒരു ജൂനിയർ ടെക്നിക്കൽ സ്കൂൾ ആരംഭിക്കണം.
9. വായനാശീലം വളർത്തുന്നതിന് മെച്ചപ്പെട്ട ഗ്രന്ഥാലയങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.
10. 120 കുട്ടികൾക്കുവീതം താമസിക്കാൻ ഉതകുന്ന രണ്ട് ഹോസ്റ്റലുകൾ ഗവ:പോളിടെക്നിക്കിനു വേണ്ടി നിർമ്മിച്ചു നല്കണം.
11. പോളിടെക്നിക്കിനുവേണ്ടി നിർമ്മാണം പൂർത്തിയാക്കിയ രണ്ട് വാട്ടർ ടാങ്കിൽ ജലം എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കണം.
12. പഞ്ചായത്തിന് ഒരു പബ്ലിക് സ്റ്റേഡിയവും ഒരു സാംസ്കാരിക നിലയവും അനുപേക്ഷണീയമാണ്.
13. മഹാകവി വെണ്ണിക്കുളം ഗോപാലക്കുറുപ്പിന്റെ സ്മരണ നിലനിർത്തുന്നതിലേക്ക് അദ്ദേഹത്തിന്റെ പേരിൽ ഒരു ഭാഷാ ഗവേഷണ കേന്ദ്രം പഞ്ചായത്തിൽ ആരംഭിക്കണം.

പി..എച്ച്. സെൻറർ, പുറമറ്റം

4-4

കുടിവെള്ളവും പൊതുജനാരോഗ്യവും

കുടിവെള്ളക്ഷാമം അതിരൂക്ഷമായി അനുഭവപ്പെടുന്ന ഒരു പഞ്ചായത്താണ് പുറമറ്റം. കുന്നുകളാലും മലകളാലും നിബിഡമായ ഈ പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 14.66 ച:കി.മീറ്ററാണ്. ഇതിന്റെ 50% ഉയർന്ന പ്രദേശങ്ങളാണ്.

ഈ പ്രദേശത്തെ ഉയരം കൂടിയ മലകളിൽ കമ്പനിമല, വരിക്കാപള്ളിമല, പൊട്ടൻമല, ഉമിക്കുന്നുമല, കരിങ്കുറ്റിമല, പുല്ലേലിമല, താമ്പോർമല, ചേറ്റുംതടംമല, തോണിപ്പാറമല, കൊച്ചുഴംമല, പള്ളിമല, തോയാട്ടുമല, കോയിക്കമല, പടുതോടുമല, പിച്ചാത്തിക്കല്ല്, പന്ത്രണ്ടുപറമല എന്നിവ ഉൾപ്പെടും. സമതല പ്രദേശങ്ങളിൽ നിന്നും ഏകദേശം 400 അടി ഉയർന്നാണ് ഈ മലകൾ സ്ഥിതി ചെയ്യുന്നത്.

ചെറുകിട കർഷകരും കർഷക തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളാണ് മുകളിൽ പറഞ്ഞ മലകൾ. ഭൂമിയുടെ ഉൾഭാഗം കല്ലും പാറയും ആയതിനാൽ സൗകര്യപ്രദമായ രീതിയിൽ കുടിവെള്ളത്തിനാവശ്യമായ കിണറുകൾ കുഴിക്കുന്നതിന് ഈ മലകളിൽ കഴിയുന്നില്ല. ലഭ്യമായ കിണറുകളിൽ ആറു മാസത്തിൽ കൂടുതൽ വെള്ളം ലഭിക്കുന്നില്ല. അപൂർവ്വമായി ചില മലകളിൽ കാണപ്പെടുന്ന ഓലികളെയും വെള്ളത്തിനായി ഈ പ്രദേശത്തെ ജനങ്ങൾ ആശ്രയിച്ചുവരുന്നു.

അതിരൂക്ഷമായ വരൾച്ച അനുഭവപ്പെടുന്ന ഡിസംബർ മുതൽ മെയ് വരെയുള്ള മാസങ്ങളിൽ കുടിവെള്ളത്തിനുവേണ്ടി ഈ പ്രദേശത്തെ ജനങ്ങൾ അനുഭവിക്കുന്ന ദുരിതം വർണനാതീതമാണ്.

ഈ കാലയളവിൽ താഴ്ന്ന പ്രദേശങ്ങളിലെ ചുരുക്കം ചില കിണറുകളിൽ നിന്നും ലഭിക്കുന്ന വെള്ളത്തിനുവേണ്ടി ഏകദേശം മൂന്നു കി.മീ. ദൂരം നടന്നെത്തേണ്ടിയിരിക്കുന്നു.

പുറമറ്റം - വെണ്ണിക്കുളം വാട്ടർ സപ്ലൈ സ്കീം

വാട്ടർ അതോറിറ്റിയുടെ സഹായത്തോടുകൂടി രണ്ട് ശുദ്ധജല പദ്ധതികളാണ് ഇവിടെ ആവിഷ്കരിച്ചിട്ടുള്ളത്. അതിൽ പുറമറ്റം, വെണ്ണിക്കുളം പദ്ധതി 1966-ൽ കമ്മീഷൻ ചെയ്തു പ്രവർത്തനം ആരംഭിച്ചു. പുറമറ്റം മുതൽ വെണ്ണിക്കുളം വരെയുള്ള താഴ്ന്ന പ്രദേശങ്ങളിൽ ഇത് ഒതുങ്ങി നിന്നു. ഉയർന്ന പ്രദേശങ്ങളിലേക്കു പൈപ്പ്ലൈൻ നീട്ടിയിട്ടുണ്ടെങ്കിലും ജല ദൗർലഭ്യം കാരണം ഉയർന്ന പ്രദേശത്തു ജലം എത്തിക്കുവാൻ കഴിയുന്നില്ല. അതിനാൽ ഹരിജനങ്ങളും കോളനി നിവാസികളും താമസിക്കുന്ന ഉയർന്ന പ്രദേശങ്ങളിൽ ജലം എത്തിക്കുക എന്ന ദൗത്യം നിർവ്വഹിക്കുവാൻ ഈ പദ്ധതിമൂലം കഴിഞ്ഞിട്ടില്ല. ഈ പദ്ധതിയിൽക്കൂടിയുള്ള ജല സംഭരണത്തിന്റെയും വിതരണത്തിന്റെയും അശാസ്ത്രീയത ഈ പദ്ധതിയുടെ പരാജയത്തിന്റെ മറ്റൊരു കാരണമാണ്.

കോമളം കടവിൽ കിണറു കുഴിച്ചു സംഭരിക്കുന്ന വെള്ളം കൂടുതൽ അമ്ലാംശം കലർന്നതാകയാൽ, കുടിവെള്ളത്തിന് അനുയോജ്യം അല്ല എന്ന് പിൽക്കാലത്തെ പരിശോധനയിൽ നിന്നും മനസ്സിലായി. പള്ളിമലയിൽ സ്ഥാപിച്ചിട്ടുള്ള ഓവർഹെഡ് ടാങ്കിന്റെ സംഭരണശേഷിക്കുറവും, ഉയർച്ചയില്ലായ്മയും കാരണം ചില പ്രദേശങ്ങളിൽ, മാത്രമെ ഈ പദ്ധതി പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞൊള്ളൂ. അമ്ലാംശം കലർന്ന ജലം ശുദ്ധീകരിച്ചു വിതരണം ചെയ്യുന്നതിന് ഒരു ഫിൽട്ടറിംങ്ങ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ശ്രമം അന്നത്തെ പഞ്ചായത്തു സമിതി നടത്തിയെങ്കിലും വിജയിച്ചില്ല.

മേമല ശുദ്ധജല പദ്ധതി

ശുദ്ധജല പദ്ധതി കൂടുതൽ പ്രദേശത്തു വിജയകരമായി നടപ്പിലാക്കുക എന്ന ഉദ്ദേശത്തോടുകൂടി മേമല ശുദ്ധജല പദ്ധതി 1972-ൽ കമ്മീഷൻ ചെയ്തു പ്രവർത്തനം ആരംഭിച്ചു.

കോമളം കടവിൽ നിലവിലുള്ള കിണറ്റിൽ നിന്നും വെള്ളം പമ്പു ചെയ്തു ശുദ്ധീകരിച്ചതിനു ശേഷം വെട്ടിക്കുളത്തു പുരയിടത്തു സ്ഥാപിച്ച ലോലെവൽ ടാങ്കിൽ വെള്ളം ശേഖരിച്ചു അവിടെനിന്നു ഓവർഹെഡ് ടാങ്കിലേക്കു പമ്പുചെയ്തു ശുദ്ധജല വിതരണം നടത്തുന്നതിനാണ് ഈ പദ്ധതികൊണ്ടുദ്ദേശിച്ചത്. എന്നാൽ ഫിൽട്ടറിംഗ് സ്റ്റേഷൻ സ്ഥാപിക്കുവാനോ പുതുതായി ഓവർഹെഡ്ടാങ്കു പണിയുവാനോ കഴിയാതെ വന്നതിനാൽ ഈ പദ്ധതി ഫലപ്രദമായില്ല.

ഈ പദ്ധതി ഒരു പരിധിവരെയെങ്കിലും പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി പഞ്ചായത്തു സമിതി പുതിയ ഓവർഹോഡ് ടാങ്കു നിർമ്മിക്കുകയും വാട്ടർ അതോറിറ്റി നിലവിൽ വന്നതിനെ തുടർന്ന് ഇരവിപേരൂർ ജലസംഭരണിയിൽ നിന്നും വെള്ളം പമ്പു ചെയ്തു പുതിയ ഓവർ ഹെഡ് ടാങ്കിൽ എത്തിച്ചു. ഈ പദ്ധതി മൂലം ചില ഭാഗങ്ങളിൽ വെള്ളം ഇന്ന് ലഭ്യമാണ്.

നമ്മുടെ പഞ്ചായത്തിൽ രണ്ടു ശുദ്ധജല പദ്ധതികൾ നടപ്പിലാക്കിയെങ്കിലും ഭൂരിഭാഗം ജനങ്ങൾക്കും ഈ പദ്ധതി പ്രയോജന രഹിതമാണ്. ഈ പദ്ധതികൾ മൂലം ടാപ്പുകളും, ഹൗസ് കണക്ഷനുകളും ഈ പ്രദേശത്തു സ്ഥാപിച്ചിട്ടുണ്ട്. അതുകൊണ്ട് 20% ജനങ്ങൾക്കു മാത്രമേ പദ്ധതി ഒരു പരിധിവരെയെങ്കിലും പ്രയോജനപ്പെടുത്തുവാൻ കഴിയുന്നുള്ളൂ.

മണിമല ആറ്റിലെ ജലനിരപ്പ് വർഷംതോറും കുറയുന്നതിനാൽ ആറ്റുതീര പ്രദേശങ്ങളിലെ ജലനിരപ്പുപോലും കുറഞ്ഞു വരുന്നു. ഗ്രൗണ്ട് വാട്ടർ അതോറിറ്റിയുടെ കീഴിൽ ചുരുക്കം ചില കുഴൽ കിണറുകളും ഉണ്ട്.

ജലസ്രോതസ്സുകൾ

വാർഡ്	പഞ്ചാ: പൊതുകിണർ	കുഴൽ കിണർ	വാട്ടർ ടാപ്പുകൾ	ഹൗസ് കണക്ഷനുകൾ	ആകെ
1	-	1	8	25	
2	-	2	20	40	
3	1	1	15	32	
4	2	1	7	18	
5	3	3	17	34	
6	2	-	16	35	
7	3	1	11	24	
8	5	3	7	21	

കുടിവെള്ള ക്ഷാമം ഒരു സാമൂഹിക പ്രശ്നം ആണ്. വീട്, വെള്ളം, വെളിച്ചം, എന്നീ അടിസ്ഥാന ഘടകങ്ങൾ ലഭിക്കേണ്ടത് ഓരോ പൗരന്റേയും മൗലിക അവകാശമാണ്. യുദ്ധകാലാടിസ്ഥാനത്തിൽ പദ്ധതികൾ പൂർത്തീകരിക്കുന്നതിനും പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനും വാട്ടർ അതോറിറ്റിക്കും ജന പ്രതിനിധികൾക്കും ഒരുപോലെ ഉത്തരവാദിത്തമുണ്ട്.

ഈ പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിലുള്ള പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗമടക്കമുള്ള മുഴുവൻ ജനവിഭാഗങ്ങൾക്കും വേനൽക്കാലത്ത് ശുദ്ധജലം എത്തിക്കുന്നതിനുള്ള ഒരു സമഗ്ര പദ്ധതി എന്ന നിലയിൽ താഴെ പറയുന്ന സ്കീമുകൾക്ക് അടിയന്തര പ്രാധാന്യം നൽകേണ്ടതുണ്ട്.

മേജർ പ്രൊജക്ട്

വർഷങ്ങൾക്കു മുൻപ് സർവ്വെ ചെയ്തിട്ടുള്ളതും ഇന്നു വരെയും പണി ആരംഭിച്ചിട്ടില്ലാത്തതും പഞ്ചായത്തിൽ മുഴുവൻ പ്രയോജനപ്പെടുത്തുവാൻ കഴിയുന്നതുമായ കരിങ്കുറ്റി സ്കീം നടപ്പിലാക്കുക.

ക്രമ നമ്പർ	പദ്ധതി	സ്ഥിതി ചെയ്യുന്ന വാർഡ്	പ്രതീക്ഷിക്കുന്ന അടങ്കൽ തുക	പ്രയോജനപ്പെടുന്ന കുടുംബങ്ങളുടെ എണ്ണം
I	പുല്ലേലി കണ്ടത്തിൽ കുളം കുഴിച്ച് വെള്ളം പമ്പു ചെയ്തു കമ്പനിമലയിൽ എത്തിക്കുക	1	ഏഴ് ലക്ഷം	200
II	നിലവിലുള്ള പദ്ധതി നിലനിർത്തി കൂടുതൽ പ്രദേശത്തേക്കു നീട്ടുക	2	2.5 ലക്ഷം	നിലവിൽ ലഭിക്കുന്ന കുടുംബങ്ങൾക്കു പുറമെ 100 കുടുംബങ്ങൾക്കുകൂടി
III	നിലവിലുള്ള മേമല പദ്ധതി ഉപയോഗിച്ച് കൂടുതൽ ലൈൻ നീട്ടുന്നതിനും നിലവിലുള്ള പദ്ധതിയുപയോഗിച്ചു വെള്ളം എത്താത്ത ഒലിവുമല, കരിങ്കുറ്റിമല, കാദേശ്, താബോർ എന്നിവിടങ്ങളിൽ പമ്പു ചെയ്തു വെള്ളം എത്തിക്കുകയും ചെയ്യുക.	3	15 ലക്ഷം	350
IV	നീലവാതുക്കൽ പ്രദേശത്തു കിണർ കുഴിച്ച് പുല്ലേലി മലയിൽ വെള്ളം എത്തിക്കുക. മേമല / മണിക്കുന്നേൽ റോഡ്, കവിതാ റോഡിൽ പൈപ്പ്ലൈൻ എക്സ്റ്റൻഷൻ	4	8 ലക്ഷം	200
V	നിലവിലുള്ള പുറമറ്റം വെണ്ണിക്കുളം പദ്ധതി ഉപയോഗിച്ചും കൂടുതൽ ലൈൻ നീട്ടിയും പ്രയോജനപ്പെടുത്തുക.	5	2.5 ലക്ഷം	നിലവിലുള്ളതിനു പുറമെ 150 കുടുംബങ്ങൾക്കുകൂടി
VI	വെണ്ണിക്കുളം കത്തോലിക്കാ പള്ളിപ്പടിക്കലുള്ള ചാലിൽ കുളം കുഴിച്ച് പള്ളിമലയിൽ നിലവിലുള്ള ഓവർ ഹെഡ് ടാങ്കിൽ എത്തിച്ച് ആവശ്യമുള്ള സ്ഥലങ്ങളിലേക്കു നീട്ടുക.	6	5 ലക്ഷം	6-ാം വാർഡ് പൂർണ്ണമായും
VII	കുടത്തുംമുറി വക പുരയിടത്തിൽ നിലവിലുള്ള കുളം താഴ്ത്തി വെള്ളം ശുദ്ധീകരിച്ചു പമ്പു ചെയ്ത് തോയാട്ടു മലയിൽ ഹെഡ് ഓവർ ടാങ്ക് സ്ഥാപിച്ച് 7,8 വാർഡുകളിലെ ആവശ്യമായ സ്ഥലങ്ങളിൽ പൈപ്പ്ലൈൻ നീട്ടി വിതരണം ചെയ്യുക. OR പടുതോടു കടവിൽ കിണർ കുഴിച്ച് പമ്പ് ചെയ്ത് ചാലുങ്കൽ മാലയിൽപടി റോഡുവഴി കച്ചിറക്കൽ വക പുരയിടത്തിൽ ഹെഡ് ടാങ്ക് സ്ഥാപിച്ചും ആവശ്യമായ റോഡുകളിൽ പൈപ്പ്ലൈൻ നീട്ടിയും വിതരണം ചെയ്യുക.	7 & 8	20 ലക്ഷം	7,8 വാർഡുകളിൽ പൂർണ്ണമായും.

പൊതുജനാരോഗ്യം

രോഗവിമുക്തമായ അവസ്ഥയ്ക്കാണ് ആരോഗ്യം എന്നു പറയുന്നത്. ഒരു പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് ആരോഗ ദൃഢഗാത്രരായ ജനസമൂഹം ഉണ്ടായേ തീരൂ. വെള്ളം, ശുദ്ധവായു, പാർപ്പിടം എന്നപോലെ തന്നെ ആരോഗ്യസംരക്ഷണവും ഗ്രാമവികസന പ്രക്രിയയുടെ ഘടകമാണ്.

ബലവത്തായ ശരീരത്തിൽ മാത്രമേ ദൃഢമായ മനസ്സ് (A Soand mind in a Soand body) കുടികൊള്ളുകയുള്ളൂ. ഈ കാരണത്താൽ ശാരീരിക ആരോഗ്യത്തോടൊപ്പം മാനസികമായ ആരോഗ്യവും വളർത്തിയേ തീരൂ. ശരിയായ പോഷക ആഹാരവും സുരക്ഷിതമായ കുടിനീർ ലഭിക്കുകയും. ശരീരവും പരിസരവും വൃത്തിയായി സൂക്ഷിക്കുകയും കുട്ടികൾക്ക് രോഗപ്രതിരോധ മാർഗ്ഗം സ്വീകരിക്കുകയും ചെയ്താൽ ജനങ്ങൾക്ക് രോഗസാദ്ധ്യത വളരെ കുറവായിരിക്കും.

കലർപ്പില്ലാത്ത കുടിവെള്ളത്തിന്റെയും ശരിയായ ശുചിത്വ പാലനത്തിന്റെയും അഭാവമാണ് ഇന്ന് 80% രോഗങ്ങൾക്കും കാരണം എന്ന് ലോകാരോഗ്യ സംഘടന തന്നെ സൂചിപ്പിക്കുന്നുണ്ട്.

ചികിത്സാ രംഗത്ത് ഈ പഞ്ചായത്തിൽ പാരമ്പര്യ വൈദ്യന്മാരുടെ എണ്ണം ഒട്ടും കുറവായിരുന്നില്ല. ആയുർവ്വേദ വിധിപ്രകാരം ബാലചികിത്സ നടത്തി വന്നിരുന്ന വളയ്ക്കൽ കുട്ടിശങ്കരൻ വൈദ്യൻ അക്കാലത്ത് പ്രസിദ്ധിയാർജ്ജിച്ചിരുന്ന ഒരാളായിരുന്നു. അദ്ദേഹത്തിനു ശേഷം മകൻ വളയ്ക്കൽ രാഘവൻ വൈദ്യൻ 1970 വരെ ചികിത്സ തുടർന്നു വന്നിരുന്നു. തുടർന്ന് അദ്ദേഹത്തിന്റെ മകൾ പൊന്നമ്മ ഭാസ്കരനും ഇപ്പോഴും ഈ രംഗത്ത് ചികിത്സ തുടർന്നു വരുന്നു.

ആയുർവ്വേദ രംഗത്ത് അറിയപ്പെടുന്ന മറ്റൊരാളായിരുന്നു കൃഷ്ണപിള്ള വൈദ്യൻ അഥവാ പാരൂർ വൈദ്യൻ. ചികിത്സാ സമ്പ്രദായം പരിമിതം ആയിരുന്ന അക്കാലത്ത് പല മാറാരോഗങ്ങളും ചികിത്സിച്ചു ഭേദമാക്കിയിട്ടുണ്ട്. ഇക്കാലത്ത് അദ്ദേഹത്തിന്റെ അനന്തിരവൻ പാരൂർ കേശവൻ വൈദ്യൻ ഈ ചികിത്സ തുടർന്നു വരുന്നു.

വിഷ ചികിത്സാരംഗത്ത് അറിയപ്പെടുന്ന ഒരാളായിരുന്നു വാടായിൽ വിഷവൈദ്യൻ. വിഷബാധയേറ്റു രോഗബാധിതരായ അനവധി ആളുകളെ അദ്ദേഹം ചികിത്സിച്ചു ഭേദമാക്കിയിട്ടുണ്ട്. അലോപ്പൊതി ചികിത്സാ സമ്പ്രദായം പ്രാബല്യത്തിൽ വരുന്നതിനു തൊട്ടു മുൻപുള്ള കാലയളവിൽ അദ്ദേഹം നടത്തി വന്നിരുന്ന ചികിത്സ ഈ പ്രദേശത്തെ ജനങ്ങൾക്ക് പ്രയോജനപ്രദമായിരുന്നു.

ദീർഘകാലം ഹോമിയോ അലോപ്പൊതി രംഗത്ത് ചികിത്സ നടത്തിവന്നിരുന്ന ഒരാളായിരുന്നു കരോട്ടു കോയിക്കൽ ജോർജ്ജ് വൈദ്യൻ. ചികിത്സാവിധി നിർണ്ണയിക്കുന്നതിനും മെച്ചപ്പെട്ട മരുന്നു നല്കി രോഗം ഭേദപ്പെടുത്തുന്നതിനും കൈയ്പുണ്യം ഉള്ള ആളായിരുന്നു അദ്ദേഹം.

മഞ്ഞപ്പിത്ത രോഗത്തിനു ഫലപ്രദമായ രീതിയിൽ ചികിത്സ നടത്തി വന്നിരുന്ന ആളായിരുന്നു കണിയാംപറമ്പിൽ വൈദ്യൻ. മർമ്മാണി തിരുമ്മു ചികിത്സകനായിരുന്നു പുത്തൻ കയ്യാലയ്ക്കൽ പെരുമാൾ വൈദ്യൻ.

ഗവൺമെന്റ് ആയുർവ്വേദാശുപത്രി 1974-ൽ സ്ഥാപിതമായി. ആദ്യഘട്ടത്തിൽ മുണ്ടമല മഹിളാ സമാജം കെട്ടിടത്തിലും പിന്നീടു വാടക കെട്ടിടത്തിലും. ഇപ്പോൾ സ്വന്തം കെട്ടിടത്തിലും പ്രവർത്തിച്ചു വരുന്നു. സ്വന്തമായി കെട്ടിടം ഉണ്ടെങ്കിലും അറ്റകുറ്റപ്പണികൾ കാലാകാലങ്ങളിൽ നടത്തുവാൻ കഴിയുന്നില്ല. പ്രാഥമിക സൗകര്യങ്ങൾ നിർവ്വഹിക്കുവാനുള്ള സൗകര്യംപോലും ഇവിടെ ഇല്ല. ഈ സ്ഥാപനത്തിന്റെ ശോചനീയാവസ്ഥയ്ക്കുള്ള മറ്റൊരു കാരണം ആവശ്യത്തിനുള്ള ജീവനക്കാർ ഇല്ല എന്നതാണ്.

പൊട്ടൻമലയിൽ സ്ഥാപിച്ചു പ്രവർത്തിച്ചുവന്നിരുന്ന മറ്റൊരു ഗവൺമെന്റ് ചികിത്സാ സ്ഥാപനമാണ് പ്രൈമറി ഹെൽത്ത് സെന്റർ. സ്വന്തമായി 25 സെന്റ് സ്ഥലവും

മൂന്ന് മുറികളുള്ള ഒരു കെട്ടിടവും നിലവിലുണ്ട്. പല കാരണങ്ങൾകൊണ്ടും പ്രവർത്തനക്ഷമത നഷ്ടപ്പെട്ടതിനാൽ പുറമറ്റത്തുള്ള പഞ്ചായത്തുവക കെട്ടിടത്തിലേക്കു മാറ്റി സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. ഒരു ഡോക്ടർ ഉൾപ്പെടെ എട്ട് ജീവനക്കാർ ഈ സ്ഥാപനത്തിലുണ്ട്.

സ്വകാര്യ മേഖലയിലോ പൊതുമേഖലയിലോ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ആസ്പത്രികൾ ഈ പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിച്ചുവരുന്നില്ല. X-Ray, സ്കാനിംഗ്, ഓപ്പറേഷൻ തുടങ്ങിയ ആവശ്യങ്ങൾക്ക് റാന്നി, കോഴഞ്ചേരി, തിരുവല്ല തുടങ്ങിയ സ്ഥലങ്ങളിലെ വലിയ ആസ്പത്രികളെ ആശ്രയിക്കേണ്ടതായി വരുന്നു.

സ്വകാര്യ മേഖലയിൽ നാല് ക്ലിനിക്കുകളും അഞ്ച് മെഡിക്കൽ സ്റ്റോറുകളും പ്രവർത്തിച്ചു വരുന്നു.

പഞ്ചായത്ത് വക ചികിത്സാ കേന്ദ്രങ്ങളെ സംബന്ധിക്കുന്ന വിവരം

ക്രമ നമ്പർ	ചികിത്സാ കേന്ദ്രങ്ങൾ	
1	ആയുർവ്വേദാശുപത്രി	പഞ്ചായത്തുവക
2	പ്രൈമറി ഹെൽത്ത് സെന്റർ	പഞ്ചായത്തുവക

പരിസര ശുചീകരണം

പൊതുജനാരോഗ്യ സംരക്ഷണത്തിന് അടിസ്ഥാനമായി നില്ക്കുന്നത് വീടും പരിസരവും പൊതുസ്ഥലവും വൃത്തിയായി സൂക്ഷിക്കുക എന്നുള്ളതാണ്. ധാരാളം ആളുകൾ കടന്നുവരുന്ന നമ്മുടെ മാർക്കറ്റും അതിന്റെ പരിസരവും വൃത്തിയായി സൂക്ഷിക്കുവാൻ പലപ്പോഴും നാം വിമുഖത കാണിക്കുന്നു.

മാർക്കറ്റിൽ മത്സ്യം, മാംസം മുതലായവയുടെ അവശിഷ്ടങ്ങൾ കുന്നു കൂടുന്നത് പരിസര ശുചീകരണത്തിന് വിഘാതം സൃഷ്ടിക്കുന്നു. റോഡിന്റെ ഇരു വശങ്ങളിലും പ്രവർത്തിക്കുന്ന കച്ചവട സ്ഥാപനങ്ങളിൽ നിന്നുമുള്ള അവശിഷ്ടങ്ങൾ റോഡിലേക്കും ഓടകളിലേക്കും ഇടുന്നതുമൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ നിരവധിയാണ്. ഇത് അടിയന്തിരമായും ജനകീയ സഹകരണത്തോടുകൂടി പരിഹരിക്കുവാൻ കഴിയണം.

വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിന് വീട്ടുടമസ്ഥർ കൂടുതൽ താല്പര്യം കാണിക്കേണ്ടത് അത്യാവശ്യമാണ്. വീടിനോടു ചേർന്നും പരിസരത്തും നിർമ്മിക്കുന്ന തൊഴുത്തുകൾ, കക്കൂസ്, കുളിമുറി, കോഴിപ്പുര ഇവ വൃത്തിയായി സൂക്ഷിക്കാത്തതുമൂലം കൊതുകും ഈച്ചയും പെരുകുന്നതിന് കാരണമാകുന്നു.

നിർദ്ദേശങ്ങൾ

1. പൊതുജനാരോഗ്യം ഫലപ്രദമായ രീതിയിൽ സംരക്ഷിക്കുന്നതിന് ബോധവത്കരണം ഒരു പ്രധാന ഘടകമാണ്.
2. പഞ്ചായത്ത് കമ്മറ്റിയുടെയും പബ്ലിക്ക് ഹെൽത്ത് സെന്ററിന്റെയും നേതൃത്വത്തിൽ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

3. പഞ്ചായത്തിലുള്ള ക്ലബ്ബുകളുടെയും സാംസ്കാരിക സംഘടനകളുടേയും പ്രവർത്തനം ശുചീകരണ രംഗത്തേക്കും വ്യാപിപ്പിക്കണം.

4. ഹോട്ടലുകളിൽ പഴകിയ ഭക്ഷ്യ സാധനങ്ങൾ വിൽക്കുന്നത് കർശനമായി തടയുക. ഹോട്ടലുകൾ വൃത്തിയായി സൂക്ഷിക്കുക.

5. കൊതുകു നിവാരണത്തിന് വ്യാപകമായ നടപടികൾ സ്വീകരിക്കുക. ഓടകളിലും ജലം കെട്ടിക്കിടക്കുന്ന സ്ഥലങ്ങളിലും കീടനാശിനികൾ തളിക്കുവാൻ പ്രത്യേകം ഏർപ്പാടുണ്ടാവണം.

6. കുട്ടികൾക്ക് പോളിയോ വാക്സിൻ, മറ്റു വാക്സിനുകൾ എന്നിവ കൃത്യമായി നൽകുക.

7. പൊതു സ്ഥലങ്ങൾ നിരത്തുകൾ, കോളനികൾ എന്നിവിടങ്ങളിൽ ശുചിത്വം പാലിക്കാൻ പ്രത്യേകം ക്രമീകരണങ്ങൾ ഉണ്ടാവണം.

8. പി.എച്ച്.സെന്ററുകൾ കൂടുതൽ സ്ഥാപിക്കുക.

9. സർക്കാർ ഹോമിയോ ഡിസ്പൻസറിഅനുവദിക്കണം.

10. നിലവിലുള്ള പി.എച്ച്.സെന്റർ കിടക്കകളുള്ള ആശുപത്രിയായി ഉയർത്തണം.

8

വ്യവസായം

പഞ്ചായത്തിൽ പൊതുമേഖലയിലോ സ്വകാര്യ മേഖലയിലോ വൻകിട വ്യവസായ യൂണിറ്റുകൾ ഒന്നും തന്നെയില്ല. നാമമാത്രമായ ഏതാനും ചെറുകിട യൂണിറ്റുകൾ മാത്രമാണു പ്രവർത്തിക്കുന്നത്. ഹോളോബ്രിക്സ് യൂണിറ്റ്, കൊക്കോ സംസ്കരണ യൂണിറ്റ്, കൊപ്രാ ആട്ടു യൂണിറ്റ്, ഈർച്ചമിൽ (തടി അറക്കുന്ന മിൽ), അച്ചടി യൂണിറ്റ്, ഇഞ്ചിനീയറിംഗ് യൂണിറ്റ്, ഫർണീച്ചർ നിർമ്മാണ യൂണിറ്റ്, തഴപ്പാ നിർമ്മാണം, കട്ട, പരമ്പ്, പർപ്പടക നിർമ്മാണം എന്നീ പരമ്പര കുടിൽ വ്യവസായവും ഇതിനു പുറമെ ഒരു തീപ്പെട്ടി നിർമ്മാണ ശാലയുടെ പ്രവർത്തനവും നടന്നുവരുന്നു.

നിലവിലുള്ള സ്ഥാപനങ്ങളും തൊഴിലാളികളുടെ എണ്ണവും പട്ടികയിൽ കാണിക്കുന്നു.

നമ്പർ	യൂണിറ്റുകളുടെ പേര്	എണ്ണം	തൊഴിലാളികളുടെ എണ്ണം		
			പുരുഷൻ	സ്ത്രീ	ആകെ
1	ഹോളോബ്രിക്സ്	1	8	-	8
2	കൊക്കോ സംസ്കരണം	1	15	-	15
3	കൊപ്ര ആട്ട്	5	5	-	5
4	ഈർച്ചമിൽ (തടിമിൽ)	2	8	-	8
5	അച്ചടി	2	2	3	5
6	ഇഞ്ചിനീയറിംഗ്	3	9	-	9
7	ഫർണിച്ചർ നിർമ്മാണം	3	22	-	22
		17	**69**	**3**	**72**

പരമ്പരാഗത യൂണിറ്റ്

നമ്പർ	യൂണിറ്റുകളുടെ പേര്	എണ്ണം	പുരുഷൻ	സ്ത്രീ	ആകെ
1	തഴപാ നെയ്ത്ത്	1			
2	കുട്ട, പരമ്പ്				
3	പർപ്പടകം				

പ്രശ്നങ്ങൾ

എം.സി.റോഡിൽ നിന്നും റെയിൽവേ പാതയിൽ നിന്നും 10 കി.മീ. ദൂരെ സ്ഥിതി ചെയ്യുന്ന ഗ്രാമമാണ് പുറമറ്റം. ജില്ലാ പാതയായ തിരുവല്ല - റാന്നി റോഡ് പഞ്ചായത്തിന്റെ ഹൃദയ ഭാഗത്തുകൂടിയും സംസ്ഥാന പാതയായ കോട്ടയം പുനലൂർ റോഡ് ഈ പഞ്ചായത്തിനെ തൊട്ടുരുമിയും കടന്നു പോകുന്നു. തൊട്ടുരുമി കിടക്കുന്ന മണിമലയാർ പല കാരണങ്ങളാലും ജലഗതാഗതത്തിനു യോജ്യമല്ല. സ്വകാര്യ മേഖലയിലോ പൊതു മേഖലയിലോ വൻകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് റെയിൽവേ സൗകര്യങ്ങളുടെ അപര്യാപ്തത ഒരു തടസ്സമായി നിൽക്കുന്നു.

14.66 സ്കയർ കി.മീ. വിസ്തൃതിയും 14308 വരുന്ന ജനസംഖ്യയും 4036 വീടുകളും ഉള്ള ഗ്രാമ പഞ്ചായത്താണ് പുറമറ്റം. പ്രധാനമായും കൃഷിയെ ആശ്രയിക്കുന്നുവെങ്കിലും ഉന്നത വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ മദ്ധ്യ തിരുവിതാംകൂറിലെ മറ്റു പ്രദേശങ്ങൾപോലെ തന്നെ. ഈ പഞ്ചായത്തിലും വിദ്യാഭ്യാസത്തിലും സാങ്കേതിക പരിജ്ഞാനം ലഭിച്ചവരുടെ കാര്യത്തിലും മുൻപന്തിയിലാണ്. കൃഷിക്കാർ കൃഷിയെ മാത്രം ആശ്രയിക്കുകയും അഭ്യസ്തവിദ്യർ ജോലി തേടി മറ്റു സംസ്ഥാനങ്ങളിലേക്കും വിദേശ രാജ്യങ്ങളിലേക്കും പോവുകയും ചെയ്യുവരുന്നതിനാൽ ഒരു വ്യാവസായിക മനോഭാവം ജനങ്ങളുടെ ഇടയിൽ കണ്ടുവരുന്നില്ല. തന്മൂലം വ്യവസായിക സംരംഭകരുടെ എണ്ണം തുലോം കുറവാണ്.

പരമ്പരാഗത വ്യാവസായിക മേഖലയിലും ചെറുകിട വ്യവസായിക മേഖലയിലും മറ്റ് ഒറ്റപ്പെട്ട ഒന്നോ രണ്ടോ വ്യവസായ യൂണിറ്റുകൾ ഒഴിച്ചാൽ ഈ പ്രദേശത്തു കാര്യമായ വ്യവസായിക സംരഭങ്ങൾ ഇല്ലന്നുതന്നെ പറയാം. ഈ പ്രദേശത്തു ലഭ്യമാകുന്ന അസംസ്കൃത സാധനങ്ങൾ ഉപയോഗിച്ചും യഥാർത്ഥ സംരഭകരെ കണ്ടെത്തിയും താഴെ പറയുന്ന വിവിധ മേഖലകളിൽ ഒരു വ്യവസായിക തരംഗം സൃഷ്ടിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

വ്യവസായ സാധ്യതകളും നിർദ്ദേശങ്ങളും

റബ്ബർ അധിഷ്ഠിത വ്യവസായം-റബ്ബർ മരം സുലഭം ആയി ലഭിക്കുന്നതിനാൽ പായ്ക്കിംഗ് കെയ്സ് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ ഉണ്ട്. റബ്ബർ ചെരുപ്പു നിർമ്മാണം റബ്ബർ ബാൻഡ് മുതലായ ചെറുകിട വ്യവസായങ്ങളുടെ നിർമ്മാണം.

പാഴ്മരങ്ങൾ സുലഭമായുള്ളതിനാൽ പ്ലൈവുഡ് നിർമ്മാണത്തിനുള്ള സാധ്യതകൾ ഉണ്ട്. തേക്ക് ആഞ്ഞിലി, പ്ലാവ് മുതലായ വൻകിട മരങ്ങൾ ലഭിക്കുന്നതിനാൽ ഫർണിച്ചർ നിർമ്മാണത്തിനുള്ള സാധ്യത അധിക

മാണ്. വിദഗ്ദ തൊഴിലാളികളെയും സ്റ്റീൽ ഫർണിച്ചർ നിർമ്മാണത്തിനുള്ള അസംസ്കൃത സാധനങ്ങളും ലഭിക്കുന്നതിനാൽ ഈ വ്യവസായത്തിനുള്ള സാധ്യതയും വളരെയധികം ആണ്.

പാറമട (ക്വാറി യൂണിറ്റ്) കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ടു വളരെ വ്യവസായ സാധ്യതയുള്ള യൂണിറ്റാണ്. പാറ യഥേഷ്ടം ലഭിക്കുന്നതിനാൽ ഒരു ക്രഷർ പ്ലാന്റിന്റെ നിർമ്മാണം വളരെ സാധ്യതയുണ്ട്. ഈ മേഖലയിൽ കയറ്റിയിറക്കു രംഗത്തു വളരെയധികം തദ്ദേശ തൊഴിലാളികൾ പണിയെടുക്കുന്നുണ്ട് എങ്കിലും പാറ പൊട്ടിക്കൽ രംഗത്ത് തമിഴ്നാട്ടിൽ നിന്നുമുള്ള തൊഴിലാളികളാണധികവും.

കരകൗശല നിർമ്മാണ രംഗത്തും വളരെയധികം സാധ്യതയുണ്ടെങ്കിലും ഈ രംഗത്തും ഇവിടെ കാര്യമായ പുരോഗതിയില്ല. എങ്കിലും ഈ മേഖലയിലുള്ളവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ കഴിഞ്ഞാൽ ഈ പ്രദേശത്തുതന്നെ വളരെ വിപണന സാധ്യതയുള്ള വ്യവസായമായി വളർത്തിയെടുക്കുവാൻ കഴിയും.

നെല്ലു സംസ്കരണ യൂണിറ്റാരംഭിക്കാൻ കഴിഞ്ഞാൽ ഇതുമായി ബന്ധപ്പെട്ട വ്യവസായത്തിനും വളരെയധികം സാധ്യതകൾ ഉണ്ട്.

വനിതാ വ്യവസായ യൂണിറ്റ്

തൊഴിൽ രഹിതരായ ധാരാളം വനിതകളും അവരുടെ ആൽമാർത്ഥതയും സാങ്കേതിക കഴിവും രൂപപ്പെടുത്തിയെടുക്കുവാൻ കഴിഞ്ഞാൽ റെഡിമെയ്ഡു വസ്ത്ര നിർമ്മാണം / തയ്യൽ വ്യവസായ യൂണിറ്റ് / കറിപൗഡർ നിർമ്മാണം, അച്ചാർ വ്യവസായം ഉൽപ്പന്നങ്ങൾ ലഭ്യമായതിനാൽ ഈ പഞ്ചായത്തിൽതന്നെ വിപണന സാധ്യതയുള്ള വ്യവസായമാണ്.

ഈ പഞ്ചായത്തിലെ ക്വാറി യൂണിറ്റുകളെ സംബന്ധിക്കുന്ന വിവരം
നിലവിലുള്ള വനിത വ്യവസായ യൂണിറ്റുകൾ

നമ്പർ	യൂണിറ്റുകൾ	സ്ഥിതി ചെയ്യുന്ന വാർഡ്	തൊളിലാളികളുടെ എണ്ണം
1	തഴപ്പായ് യൂണിറ്റ്	I	10
2	തയ്യൽ യൂണിറ്റ്	5	10

	നമ്പർ	ഇനം
സാധ്യതയുള്ള വ്യവസായങ്ങൾ	1	കരകൗശല നിർമ്മാണം
	2	കന്നുകാലിത്തീറ്റ
	3	ക്രഷർ യൂണിറ്റ്
	4	ചിപ്സ് നിർമ്മാണം (നേത്രക്കായ്, കപ്പ, ഉരുളക്കിഴങ്ങ്)
	5	പ്ലൈവുഡ് നിർമ്മാണം
	6	റബ്ബർ വ്യവസായ യൂണിറ്റ്
	7	ഫർണിച്ചർ നിർമ്മാണം
	8	സ്റ്റീൽ ഫർണീച്ചർ നിർമ്മാണം
	9	നെല്ലു സംസ്കരണ യൂണിറ്റ്
	നമ്പർ	യൂണിറ്റുകൾ
വനിത	1	തെങ്ങ്, ചിരട്ട ഇവ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കൾ
	2	പഴം, ജാമുകൾ, കൈതച്ചക്ക, നേത്രപ്പഴം, ചക്ക, മാങ്ങ
	3	അവിൽ വ്യവസായം

വൈദ്യുതി

വ്യാവസായികമായി പിന്നോക്കത്തിൽ പ്രധാന കാരണം വൈദ്യുതിയാണ്. സാധാരണ വീടുകളിൽപോലും ആവശ്യത്തിനുള്ള വോൾട്ടേജ് എത്താറില്ല. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് കൂടുതൽ ശക്തിയുള്ള ട്രാൻസ്ഫോമറുകൾ സ്ഥാപിച്ച് വ്യവസായിക്കാവശ്യത്തിനുള്ള വൈദ്യുതി ക്ഷാമം പരിഹരിക്കുക.

സാധ്യതയുള്ള വ്യവസായങ്ങൾ തുടങ്ങുന്നതിനു മുൻപായി അതുമായി ബന്ധപ്പെട്ട വ്യക്തികൾക്കും സംഘടനകൾക്കും പഞ്ചായത്തിന്റെ നേതൃത്വത്തിൽതന്നെ വിദഗ്ധ പരിശീലനം നൽകുന്നതിന് ഒരു പരിശീലന കേന്ദ്രം പഞ്ചായത്തിൽതന്നെ തുടങ്ങണം.

വ്യവസായ കേരളം പ്രസിദ്ധീകരണം പഞ്ചായത്തിൽ വരുത്തുന്നതിനും അതു വായിക്കുന്നതിനുമുള്ള സൗകര്യം ഉണ്ടാകണം.

മുകളിൽ പറഞ്ഞ നിർദ്ദേശങ്ങൾ ചർച്ച ചെയ്തു മുൻഗണനാക്രമത്തിൽ നടപ്പിലാക്കുവാൻ കഴിഞ്ഞാൽ നമ്മുടെ പ്രദേശത്ത് വ്യവസായ മേഖലയിൽ ഒരു പുത്തനുണർവ്വുണ്ടാക്കുവാനും അതുവഴി ആളോഹരി വരുമാനത്തിൽ വർദ്ധനവുണ്ടാക്കുന്നതിനും ജനങ്ങളുടെ സാമൂഹ്യ സാമ്പത്തിക സാംസ്കാരിക പുരോഗതി വളർത്തിയെടുക്കാനും ഒരു പുതിയ വികസന സംസ്കാരം വളർത്തിയെടുക്കുവാനും കഴിയണം.

കോമളം പാലം



ഇലക്ട്രിക്കൽ മേജർ സെക്ഷൻ ഓഫീസ്, വെണ്ണിക്കുളം

4-6

ഗതാഗതം-ഊർജ്ജം-മാർക്കറ്റ്

മുഖ്യമായും ഗതാഗതം എന്ന് വിവക്ഷിക്കുമ്പോൾ റെയിൽ ഗതാഗതം, ജല ഗതാഗതം, റോഡ് ഗതാഗതം ഇവയാണു പ്രധാനമായിട്ടുള്ളത്. എന്നാൽ നമ്മുടെ പഞ്ചായത്തിലെ പ്രധാന ഗതാഗതം റോഡുകൾ മാത്രമാണ്. ചുരുക്കം ചില മേജർ റോഡുകൾ മാത്രമാണ് ഈ പ്രദേശത്തുകൂടി കടന്നുപോകുന്നത്.

തിരുവല്ല-റാന്നി ജില്ലാ റോഡ് മധ്യഭാഗത്തുകൂടിയും കോട്ടയം-പുനലൂർ സംസ്ഥാന റോഡ് ഈ പഞ്ചായത്തിന്റെ കിഴക്കുഭാഗത്തുകൂടിയും കടന്നു പോകുന്നു. സമീപ പ്പഞ്ചായത്തുകളെയും മറ്റു പ്രധാനപ്പെട്ട റോഡുകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന ചില സബ് റോഡുകളും നിലവിലുണ്ട്. പടുതോട്-എഴുമറ്റൂർ റോഡ് (ബാസ്റ്റോ റോഡ്) വെണ്ണിക്കുളം-വാളക്കുഴി റോഡ്, വെള്ളാറ-തെള്ളിയൂർ റോഡ്, കുമ്പനാട്-കല്ലൂപ്പാറ റോഡ്, വട്ടക്കോട്ടാൽ-വരിക്കണ്ണാമലപ്പടി റോഡ് എന്നിവ ഇതിലുൾപ്പെടുന്നു.

സ്റ്റേറ്റ് ഹൈവേ-9 എന്നറിയപ്പെടുന്ന കോട്ടയം-പുനലൂർ റോഡ് 'കൃഷ്ണൻ നായർ റോഡ്' എന്നറിയപ്പെടുന്നു. ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ ദിവാനായിരുന്ന കൃഷ്ണൻ നായർ ഈ റോഡ് ഉൽഘാടനം ചെയ്തതിനാൽ ഈ പേരു വരുവാൻ കാരണമായി. ഈ റോഡു വെട്ടിത്തുറന്നതിന് പുല്ലാട് വരിക്കണ്ണാമല വൈദ്യൻ എൻ. നാരായണപ്പണിക്കരുടേയും കീഴ്വായ്പൂർ വട്ടശ്ശേരിൽ ബാരിസ്റ്റർ വി.ടി.തോമസിന്റെയും നേതൃത്വ ഫലമായിരുന്നു എന്ന കാര്യം ഈ അവസരത്തിൽ പ്രത്യേകം പ്രസ്താവ്യമാണ്.

ഒരു നാടിന്റെ ബൃഹത്തായ വികസനത്തിന്, അനുയോജ്യവും കാലാനുസൃതവുമായ ഗതാഗത വികസനം ഉണ്ടായേ തീരൂ. കൃഷിക്കാവശ്യമായ വളങ്ങൾ കൃഷിസ്ഥലങ്ങളിൽ എത്തിക്കുന്നതിനും കൃഷി വിഭവങ്ങൾ മാർക്കറ്റിൽ എത്തിക്കുന്നതിനും മറ്റു ജീവിതാവശ്യങ്ങൾക്കും ഗതാഗത സൗകര്യമുള്ള റോഡുകൾ അനിവാര്യമാണെന്നു മനസ്സിലാക്കിയ ജനങ്ങൾ പൊതുജന പങ്കാളിത്തത്തോടുകൂടി ഒട്ടനവധി റോഡുകൾ വെട്ടിത്തുറക്കുകയുണ്ടായി. ഇതനുസരിച്ച് ഈ പഞ്ചായത്തിൽ റോഡുകളുടെ ഒരു വലിയ ശൃംഖല തന്നെയുണ്ട്.

പഞ്ചായത്തിന്റെ പരിമിതമായ സാമ്പത്തിക അവസ്ഥ കാരണം ബഹുഭൂരിപക്ഷം റോഡുകളും ശോച്യാവസ്ഥയിലാണ്. ഈ പഞ്ചായത്തിന്റെ ഭൂപ്രകൃതിയിൽ ഏതാണ്ട് 50% ത്തോളം കുന്നിൻ പ്രദേശങ്ങൾ ആയതിനാൽ നല്ലോരു ഭാഗം റോഡുകളും ഉയർന്ന പ്രദേശങ്ങളിൽകൂടി കടന്നുപോകുന്നു. ഈ റോഡുകൾക്ക് ആവശ്യം വേണ്ട ഓടകളും കലുങ്കുകളും നിർമ്മിക്കാത്തതിനാൽ വർഷ കാലങ്ങളിൽ നിയന്ത്രണം ഇല്ലാതെയുള്ള ജലം ഒഴുക്ക് റോഡുകളുടെ ആകൃതിക്കു തന്നെ വ്യത്യാസം ഉണ്ടാക്കുന്നു.

. കാലാകാലങ്ങളിൽ റോഡു വികസനത്തിന് വിവിധ പദ്ധതികളിൽകൂടി ഗവൺമെന്റനുവദിച്ചിരുന്ന തുക നേടിയെടുത്ത്, പഞ്ചായത്തു റോഡുകൾ ബലവത്താക്കുന്നതിന് അന്ന് നിലവിലുണ്ടായിരുന്ന പഞ്ചായത്തു സമിതികൾക്ക് കാര്യമായി കഴിഞ്ഞില്ല.

തുടർന്ന് ഗവൺമെന്റിൽ നിന്നും നടപ്പിലാക്കിയ ഫുഡ് ഫോർ വർക്ക്, റൂറൽ മാൻ പവ്വർ, സി.എസ്സ്. ആർ.ഇ, തുടങ്ങിയ പദ്ധതികൾ പ്രയോജനപ്പെടുത്തി കുറെ റോഡുകൾ ടാർ ചെയ്യുകയും മെറ്റൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. എൻ.ആർ.ഇ.പി, ജെ.ആർ.വൈ, ഫ്ലഡ് റിലീഫ്, വി.ടി.സി തുടങ്ങിയ പദ്ധതികളും റോഡു വികസന രംഗത്തേക്കു കടന്നുവന്നു. ഈ പഞ്ചായത്തിലെ ടാർ ചെയ്തതും ചെയ്യാത്തതുമായ റോഡുകളുടെ വിവരം ചുവടെ ചേർക്കുന്നു.

പഞ്ചായത്തിലെ ടാർ റോഡുകൾ

ക്രമ നമ്പർ	റോഡിന്റെ പേര്	ഉടമസ്ഥത K.M	നീളം Meter	വീതി	ബസ് സർവ്വീസ്
1	തേക്കുംപടി-തുണ്ടിയിൽ പടി	P.W.D ജില്ലാറോഡ്	4.8	8	ഉണ്ട്
2	പടുതോട്-പാട്ടക്കാല	S.H	4.5	10	ഉണ്ട്
3	വട്ടക്കോട്ടാൽ-കറുത്ത വടശ്ശേരിക്കടവ്	P.W.D	4	8	ഉണ്ട്
4	വട്ടക്കോട്ടാൽ-എലിമുള്ളിൽപടി	P.W.D	1	8	ഇല്ല
5	വട്ടക്കോട്ടാൽ-താന്നിക്കൽപടി	P.W.D	300 M	8	ഇല്ല
6	പുത്തൻ കയ്യാലപടി-മഠത്തുംകടവ്	P.W.D	3.1	8	ഇല്ല
7	വെള്ളാറ-കണ്ണങ്കരപടി	P.W.D	1.5	8	ഉണ്ട്
8	വെണ്ണിക്കുളം-കൊല്ലുപുരയിൽപടി	P.W.D	3.1	8	ഉണ്ട്
9	പടുതോട്-എഴുമറ്റൂർ	P.W.D	1.5	8	ഉണ്ട്
10	ഇലങ്കത്തു റോഡ്	പഞ്ചായത്ത്	550 M	6	ഇല്ല
11	പുറമറ്റം മാർക്കറ്റ്-കണ്ണേറ്റു ഭാഗം	പഞ്ചായത്ത്	1	6	ഇല്ല
12	കോട്ടക്കൽപടി-മുണ്ടമല	പഞ്ചായത്ത്	420 M	8	ഉണ്ട്
13	കൗങ്ങുംപ്രയാർ-M.T.L.P.സ്കൂൾപടി	പഞ്ചായത്ത്	561 M	8	ഇല്ല
14	പുറമറ്റം-കുഴിക്കാല കടവു റോഡ്	പഞ്ചായത്ത്	909 M	6.6	ഇല്ല
15	വട്ടക്കോട്ടാൽ-ചിത്ര ഹോമിയോ ക്ലിനിക്പടി	പഞ്ചായത്ത്	262 M	5	ഇല്ല
16	ചരലുമൂടു കടവ്-പൊട്ടൻമല	പഞ്ചായത്ത്	498 M	6.2	ഇല്ല
17	മഠത്തുംപടി-ചരലുംമൂട്	പഞ്ചായത്ത്	300 M	7	ഇല്ല
18	തിരുവനാൽപടി-സെ:ബഹനാൻസ്പള്ളിപടി	പഞ്ചായത്ത്	425 M	3.5	ഇല്ല
19	ടി.എം.വി.റോഡ്	പഞ്ചായത്ത്	1.770 M	8	ഇല്ല
20	മുതുപാല-നാരകത്താനി	പഞ്ചായത്ത്	330 M	7	ഇല്ല
21	മുതുപാല-കറുത്തമാങ്കൽ	പഞ്ചായത്ത്	645 M	7.5	ഇല്ല
22	മുതുപാല-ചാലുങ്കൽ	പഞ്ചായത്ത്	189 M	4	ഇല്ല
23	കണ്ണന്താനം-കണിയാംകടവ്	പഞ്ചായത്ത്	560 M	5.3	ഇല്ല

P.W.D ടാർ ചെയ്ത ആകെ റോഡ് - 23.8. K.M

പഞ്ചായത്ത് ടാർ ചെയ്ത ആകെ റോഡ് - 8 K.M

റോഡു വികസനം

വിദ്യാഭ്യാസ പുരോഗതിയും കാർഷിക, വ്യാവസായിക, വാണിജ്യ മേഖലകളിലുള്ള വളർച്ചയും ഒരു നാടിന്റെ വികസനത്തിന് അടിസ്ഥാന ഘടകങ്ങളാണ്. ഇതിനു ബലവത്തായ റോഡുകൾ ഉണ്ടായേ തീരൂ. പഞ്ചായത്തിലെ പ്രധാനപ്പെട്ട കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനും പ്രകൃതിക്ഷോഭം മൂലവും റോഡ് അപകടങ്ങൾകൊണ്ടും മാർഗ്ഗ തടസ്സങ്ങൾ ഉണ്ടാകുമ്പോൾ ബദൽ സംവിധാനമായി തിരിച്ചു വിടുന്നതിനും അനുയോജ്യമായ ലിങ്കു റോഡുകളും ഒരു പഞ്ചായത്തിന്റെ വികസനത്തിന് അനിവാര്യമാണ്. ഈ സാഹചര്യത്തിൽ റോഡു വികസനത്തിനുള്ള പ്രത്യേക ഫണ്ടുപയോഗിച്ചും മറ്റു ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തിയും താഴെ പറയുന്ന സുപ്രധാനമായ റോഡുകൾ ജന പങ്കാളിത്തത്തോടുകൂടി അടിയന്തിരമായി പുനരുദ്ധരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

ക്രമ നമ്പർ	റോഡിന്റെ പേര്	നീളം K.M	വീതി M	അടങ്കൽ തുക
1	കൗങ്ങുംപ്രയാർ-ഐരാക്കാവ്-പാട്ടക്കാല	1810.M	8.M	പന്ത്രണ്ടു ലക്ഷം
2	പതിനഞ്ഞാഴി-പയിങ്ങാലോടി	835.M	8	ആറു ലക്ഷം
3	വെണ്ണിക്കുളം ടൗൺ റോഡ്	900.M	8	അഞ്ചു ലക്ഷം
4	ടി.എം.വി.റോഡ്	2	8	എട്ടു ലക്ഷം
5	മുതുമാല-കറുത്തമാങ്കൽ	600.M	8	അഞ്ചു ലക്ഷം
6	പാട്ടക്കാല-വേമ്പനോലിൽ	1095.M	7	പതിമൂന്നു ലക്ഷം
7	കോതകുളം-ആനക്കല്ലുങ്കൽ	1140.M	7.4	പത്ത് ലക്ഷം
8	മുതുപാല-നാരകത്താനി	800.M	6.5	അഞ്ചു ലക്ഷം
9	മാലയിൽപടി-ചാലുങ്കൽപടി	1.K.M	6	ഏഴു ലക്ഷം
10	ഇലങ്കത്തു റോഡ്	536.M	6	രണ്ടു ലക്ഷം
11	കൗങ്ങുംപ്രയാർ-പാരൂർ പാലം-കറുത്ത വടശ്ശേരിക്കടവ്	1500.M	6	പത്തു ലക്ഷം
12	കല്ലുപാലം-വല്യാനകുഴി	2710.M	6	പതിനഞ്ചു ലക്ഷം
13	മുതുപാല-ചാലുങ്കൽ	500.M	5	നാലു ലക്ഷം
14	രാജീവ്ഗാന്ധി മെമ്മോറിയൽ റോഡ്	430.M	5	മൂന്നു ലക്ഷം
15	കാദേശ്-കരിങ്കുറ്റി-ഐരാക്കാവ്	1185.M	8	പത്തുലക്ഷം

മുകളിൽ പറഞ്ഞ റോഡുകൾ പുനരുദ്ധരിക്കുന്നതിനൊപ്പം പഞ്ചായത്തു റോഡു റജിസ്റ്ററിൽ ഉൾപ്പെടുത്തിയിരിക്കുന്ന മൂന്നു മീറ്ററിനും അഞ്ചു മീറ്ററിനും ഇടയിൽ വീതിയുള്ള റോഡുകൾ നിരവധിയുണ്ട്. ഉയർന്ന പ്രദേശങ്ങളിലെ ഗതാഗതവുമായി ബന്ധപ്പെടുന്ന ഈ റോഡുകൾക്ക്, ഓടകളുടെയും കലുങ്കുകളുടെയും അഭാവംമൂലം വർഷകാലങ്ങളിൽ കുത്തിയൊഴുക്കുകൊണ്ട്, തോടുകളായി മാറുന്നു. ഈ റോഡുകളുടെ കുത്തനെയുള്ള ഭാഗം കോൺക്രീറ്റ് ചെയ്തും മറ്റു ഭാഗങ്ങളിൽ ഓടയും കലുങ്കും നിർമ്മിച്ചും സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്.

3 മീറ്റർ-5മീറ്റർ വരെയുള്ള പഞ്ചായത്തു റോഡിന്റെ വിവരം

ക്രമ നമ്പർ	റോഡിന്റെ പേര്	നീളം M	വീതി M	ഉൾപ്പെടുന്ന വാർഡ്
1.	വട്ടക്കോട്ടാൽ-തൈക്കൂടത്തിൽപടി	565	4	1
2.	പൂവേലിപ്പടി-മൈലമൂട്ടിൽപടി	356	3.5	1
3	മൈലാടുംപാറ-പെരിയലത്തുപടി	340	3.6	1
4	കോഴിമുള്ളിപ്പടി-കൊച്ചുപുരയ്ക്കൽപടി	100	4.2	1
5	രാജീവ്ഗാന്ധി മെമ്മോറിയൽ റോഡ്	430	4.3	2
6	പാരൂർ പാലം-കാവനാൽപടി-കാടമലപടിറോഡ്	1160	5	2
7	മാളിയേക്കൽപടി-പൊട്ടൻമല	180	3	2
8	അടങ്ങപ്പുറത്തുപടി-താഴത്തേതിൽപടി	812	4.6	2
9	താഴത്തേതിൽ-കുറുങ്ങഴകോട്ടുപടി	910	4	2
10	മാർത്തോമ്മാ സൺഡേസ്കൂൾപടി-ഹരിജൻ കോളനിപടി	203	3.4	2
11	എരുതിക്കൽപടി-തോണ്ടക്കരോട്-കണിയാംപറമ്പിൽപടി	1.K.M	6.M	3
12	പുത്തൻ കയ്യാല-പതിനങ്ങാഴി-ഒലിവുമല (via)	1450	5.3	3
13	ഒലിവുമല കുരിശുപടി-ചരുവിൽപടി	525	5	3
14	തോണ്ടക്കരോട്ടുപടി-കുയ്യൻപറമ്പിൽപടി	425	5.1	4
15	മേമല-പന്നിക്കുഴി	905	5.7	4
16	കവിതാറോഡ്	590	4.25	4
17	പയിങ്ങാലോടി മാർത്തോമ്മാപള്ളി-ആയുർവ്വേദാശുപത്രി-കോഴിമുള്ളിൽ കലുങ്ക്	1195	4.6	4
18	മാലേത്തു പടി-കോഴിമുള്ളിമല-മാങ്കൂട്ടത്തിൽപടി	932	3.5	4
19	എം.എം. റോഡ് (മേമല-മണിക്കുന്നേൽ)	23	3.6	4
20	പൊൻവേലിപടി-അരീക്കുഴി	336	6.7	5
21	O.C.Road	240	4.5	5
22	ഹരിജൻ കോളനി-മലേപറമ്പിൽ പടി	1250	5.2	5
23	ചേലയ്ക്കൽ-ചെറുവള്ളിപ്പാറ	140	5.1	5
24	ചേലയ്ക്കൽ-ചേറ്റുതടം	406	4.1	5
25	തുണ്ടിയിൽപടി-ചവർണ്ണക്കാട്	720	6	6
26	ചവർണക്കാട്-കൊച്ചുഴം-റീത്തുപള്ളിപ്പടി	686	5.4	6
27	അങ്ങാടിപ്പാട്ട്-ചവർണക്കാട്	831	5.1	6
28	വൃന്താനത്തുപടി-വാലങ്കര M.T.L.P. സ്കൂൾ	595	4.4	7
29	ബദേൽപടി-മേച്ചേരിപടി	600	4	7
30	അയ്യൻകോവിൽ-താഴത്തെ കോയിക്കൽ	590	6	7
31	താഴത്തു കോയിക്കൽ പടി-പാലാങ്കര	1005	5.1	7
32	കീ.വില്ലേജ് റോഡ്	800	5	7
33	വഞ്ചികപ്പാറ റോഡ്	33	5.5	7
34	മാലയിൽ-നീർവേലിൽപടി	790	5.5	8
35	മരുതൂർപടി-മാളിയേക്കൽപടി	600	3.2	8
36	കണ്ണന്താനം-കന്നയാംകടവ്	330	5.3	8
37	കന്നയാംപടി-പ്ലാന്താനത്തുപടി	580	4.5	8
38	ഇളപ്പുങ്കൽ മാർക്കറ്റ് - ലക്ഷംവീട് കോളനി	500	4.5	8

പുറമറ്റം ഗ്രാമപഞ്ചായത്തിലെ റോഡുകളെ സംബന്ധിക്കുന്ന വിവരം

(പഞ്ചായത്ത് റോഡ് രജിസ്റ്ററിൽ നിന്നും)

ക്രമ നമ്പർ	വാർഡ് നമ്പർ	മെറ്റൽസ്	കോൺക്രീറ്റ്	ടാർ	ഗ്രാവൽസ്	എർത്തേൺ	ആകെ നീളം
1	1	--	15 M	1934 M	845.M	786 M	3.580 K.M
2	2	--	114 M	1728 M	2582 M	1160 M	5.584 KM
3	3	242 M	--	609 M	9983	--	0.834 KM
4	4	--	30 M	240 M	4917	425	5.612 KM
5	5	--	--	--	5447 M	--	5.447 KM
6	6	270 M	176	--	4252	462	5.150 KM
7	7	--	--	--	2433	1190	3.623 KM
8	8	--	33 M	3494	--	2748	6.275 KM
		512 M	**368**	**8005 M**	**30459 M**	**6771 M**	**46.115 KM**

റെയിൽ ഗതാഗതം

റെയിൽവെ ഗതാഗതം നമ്മുടെ പഞ്ചായത്തിൽ ഇല്ല. പത്തനംതിട്ട പഞ്ചായത്തിലെ ഏക റെയിൽവേ സ്റ്റേഷനായ തിരുവല്ലായിലേക്ക് ഇവിടെനിന്നും പത്തുകിലോമീറ്റർ ദൂരമാണുള്ളത്. തിരുവല്ല-പുനലൂർ റെയിൽവേ ലൈൻ സാധ്യമാവുകയാണെങ്കിൽ കാർഷിക വ്യവസായ വികസനത്തിനും, മറ്റു പുറംനാടുകളിൽ ജോലി ചെയ്യുന്നവർക്കും കൂടുതൽ പ്രയോജനപ്പെടുത്തുവാൻ കഴിയും

ജല ഗതാഗതം

ഈ പ്രദേശത്ത് കഴിഞ്ഞ അര നൂറ്റാണ്ടായി കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനത്തിനും ആവശ്യമായ വളവും, നെല്ലും, കച്ചിയും എത്തിക്കുന്നതിനും കൊപ്ര, ശർക്കര, കുരുമുളക്, തൊണ്ട് തുടങ്ങിയ കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനത്തിനും 'മണിമല ആറ്' ഉപയോഗിച്ചിരുന്നു. വള്ളങ്ങളിൽ ഏറ്റവും പ്രധാനം കെട്ടുവള്ളങ്ങളായിരുന്നു.

ഇന്ന് റോഡ് ഗതാഗതം വികസിച്ചതിനാൽ വാഹന ഗതാഗതവും പുരോഗമിച്ചു. ആയതിനാൽ ജലഗതാഗതം കുറഞ്ഞു. മണിമലയാറ്റിൽ പാലങ്ങൾ ഇല്ലാത്ത മേജർ കടവുകളായ പടുതോടു കടവ്, പള്ളിക്കടവ് ഇവിടങ്ങളിൽ കടത്തു വള്ളങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

മണിമലയാറിനു കുറുകെ കല്ലൂപ്പാറ പഞ്ചായത്തുമായി ബന്ധിപ്പിച്ചുകൊണ്ട് രണ്ടു മേജർ പാലങ്ങളിൽ ഒന്ന് കറുത്ത വടശ്ശേരിക്കടവിലും മറ്റൊന്ന് കോമളം കടവിലും പണി തീർത്തിട്ടുണ്ട്. താലൂക്ക് ആസ്ഥാനമായ മല്ലപ്പള്ളിയുമായി ബന്ധപ്പെടുന്നതിന് ഇത് കൂടുതൽ സഹായകരമാണ്.

തുരുത്തിക്കാട് ബി.എ.എം.കോളേജിലേക്കുള്ള ഒരു പ്രധാന വഴിയാണു പടുതോടു കടവ്. ഇവിടൊരു പാലം

നിർമ്മിക്കുക എന്ന ഈ നാട്ടിലെ ജനങ്ങളുടെ ആവശ്യത്തിനു വളരെക്കാലത്തെ പഴക്കമുണ്ട്.

ഈ ആവശ്യം ഇന്നും വളരെ ശക്തമായിതന്നെ നിലനിൽക്കുന്നു. ഈ പാലം പണി തീരുന്നതോടുകൂടി മല്ലപ്പള്ളി താലൂക്കിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് പടുതോടു-എഴുമറ്റൂർ-ചുങ്കപ്പാറ-പൊന്തൻപുഴ വഴി എരുമേലിക്ക് ശബരിമല തീർത്ഥാടകർക്ക് പ്രയോജനം ലഭിക്കുന്ന ഒരു മേജർ റോഡിന് സാധ്യതയേറും.

റോഡ് വികസനത്തിന്റെ പ്രശ്നങ്ങൾ

ഒരു പ്രദേശത്തിന്റെ അടിസ്ഥാനപരമായ വികസനത്തിന്റെ ഒരു പ്രധാന ഘടകമാണ് റോഡുകളുടെ വികസനം. നമ്മുടെ പഞ്ചായത്തു പ്രദേശങ്ങളിലുള്ള റോഡുകളുടെ വികസനത്തിന് ഫണ്ടുകൾക്കു പുറമെ പൊതുജന പങ്കാളിത്തത്തോടുകൂടിയുള്ള റോഡുകളുടെ വികസനവും സംരക്ഷണവുമാണ് അത്യാവശ്യം.

1. റോഡിന്റെ സംരക്ഷണത്തിനും വികസനത്തിനും വാർഡ് മെംബർമാരുടെ നേതൃത്വത്തിൽ പ്രാദേശിക സമിതികൾ രൂപീകരിക്കേണ്ടതാണ്.

2. റോഡിന്റെ ഇരുവശങ്ങളിലും വീടുകൾ നിർമ്മിക്കുമ്പോൾ മൂന്നു മീറ്റർ ഉള്ളിലേക്കു മാറ്റി നിർമ്മിക്കുക എന്ന നിയമം കർശനമായും നടപ്പാക്കുക.

3. വൃക്ഷതൈകൾ വെക്കുമ്പോഴും മതിലുകൾ നിർമ്മിക്കുമ്പോഴും റോഡിൽനിന്നും ഒന്നര മീറ്റർ മാറ്റി ആയിരിക്കണം എന്നതും നിർബന്ധം ആക്കുക.

4. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ സ്കീമിൽ ഉൾപ്പെടുത്തി റോഡു നിർമ്മാണം നടത്തണം എങ്കിൽ അതിനാവശ്യമായ വീതി ഉണ്ടായിരിക്കണം. നിലവിലുള്ള റോഡുകൾക്ക് വീതി കൂട്ടുന്നതിന് ആവശ്യമായ വീതി വിട്ടുകൊടുക്കുന്നതിന് നമ്മുടെ നാട്ടുകാരുടെ ഇടയിൽ ശക്തമായ ബോധവത്കരണം നടത്തേണ്ടിയിരിക്കുന്നു.

5. സുഗമമായ ഗതാഗതത്തിന് സ്ട്രീറ്റ് ലൈറ്റുകൾ അത്യാവശ്യമാണ്. നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകൾ പ്രകാശിപ്പിക്കുവാൻ കഴിയണം.

യാത്രാക്ലേശം

ഈ പഞ്ചായത്തിന്റെ കിഴക്കുഭാഗത്തുകൂടി കടന്നു പോകുന്ന കോട്ടയം-പുനലൂർ റോഡും മദ്ധ്യഭാഗത്തുകൂടി കടന്നുപോകുന്ന തിരുവല്ല-റാന്നി റോഡും കഴിഞ്ഞാൽ യാത്രാ സൗകര്യമുള്ളത് കല്ലൂപ്പാറ-കുമ്പനാട് റോഡിൽക്കൂടി മാത്രമാണ്. ഈ വഴിയും ഒന്നുരണ്ടു സ്വകാര്യ ബസ്സുകൾ സർവ്വീസു നടത്തുന്നതൊഴിച്ചാൽ ആവശ്യത്തിനു ബസ്സ് സർവ്വീസില്ല. മൂന്ന്, നാല് വാർഡുകളിൽ താമസിക്കുന്നവർക്ക് ബസ്സ്റ്റോപ്പിൽ എത്തണമെങ്കിൽ രണ്ടു കിലോമീറ്റർ എങ്കിലും കുറഞ്ഞത് യാത്ര ചെയ്യണം. ഇതിന് അടിയന്തിരമായും പരിഹാരം കണ്ടേ മതിയാവൂ. അതിനായി കല്ലൂപ്പാലം-വല്ല്യാനക്കുഴി റോഡ് വീതി കൂട്ടി ടാർ ചെയ്യുകയും എട്ടു മീറ്റർ വീതിയുള്ള കവുങ്ങും പ്രയാർ-മുണ്ടമല-പാട്ടക്കാല റോഡ് ടാർ ചെയ്യുകയും ചെയ്താൽ കുമ്പനാട്, കോഴഞ്ചേരി തുടങ്ങിയ പ്രദേശങ്ങളിലേക്കു ബസ് സർവ്വീസ് ആരംഭിക്കുന്നതിനും ഇപ്പോൾ ചെങ്ങന്നൂരിൽ നിന്നും മുണ്ടമലവരെ സർവ്വീസ് നടത്തുന്ന K.S.R.T.C. ബസ് പാട്ടക്കാലാ വഴി വെണ്ണിക്കുളംവരെ സർവ്വീസ് നടത്തുന്നതിനും കഴിയും. ഈ പ്രദേശത്തുകൂടി K.S.R.T.C. ബസ് സർവ്വീസ് വളരെ കുറവാണ്. മല്ലപ്പള്ളിയിൽ K.S.R.T.C. സ്റ്റാൻഡ് (ഡിപ്പോ) ആരംഭിച്ചാൽ ഈ പ്രദേശത്ത് യാത്രാക്ലേശത്തിനു കുറെയെങ്കിലും പരിഹാരം കാണുവാൻ കഴിയും എന്നാണ് പ്രതീക്ഷ.

ചങ്ങനാശ്ശേരിയിൽനിന്നും കുന്നന്താനം പുതുശ്ശേരി-കറുത്ത വടശ്ശേരിക്കടവ് പുറമറ്റം കുമ്പനാട്വഴി കോഴഞ്ചേരിയിലേക്ക് ബസ് സർവ്വീസുകൾ ആരംഭിച്ചാൽ ഏറ്റവും എളുപ്പ മാർഗ്ഗത്തിൽ ചങ്ങനാശ്ശേരിയിൽനിന്ന് കോഴഞ്ചേരിയിലെത്താൻ കഴിയും. ചങ്ങനാശ്ശേരി-റാന്നി യാത്രയ്ക്ക് ഏറ്റവും എളുപ്പ മാർഗ്ഗമായ കോമളം കടവു

വഴി ബസ് സർവ്വീസുകൾ ആരംഭിച്ചാൽ ശബരിമല തീർത്ഥാടകർക്കടക്കം പ്രയോജനപ്രദമായിരിക്കും. കോടി ക്കണക്കിനു തീർത്ഥാടകർ വന്നെത്തുന്ന ശബരിമല ക്ഷേത്രത്തിലേക്കുള്ള യാത്ര സൗകര്യങ്ങൾ വർദ്ധിപ്പിക്കു ന്നതിന്റെ ഭാഗമായി തിരുവല്ലാ റാന്നി ശബരിമല റോഡ് സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിച്ച് കൂടുതൽ ഗതാഗത യോഗ്യമാക്കുക.

ഊർജ്ജം

ഊർജ്ജം എന്നു പറഞ്ഞാൽ നമ്മുടെ ധാരണ വൈദ്യുതി എന്നുള്ളതായിരുന്നു. എന്നാൽ സൂര്യപ്ര കാശം, വിറക്, മണ്ണെണ്ണ, പെട്രോൾ, ഡീസൽ, പ്രകൃതി വാതകം മുതലായവയും മുഖ്യ ഊർജ്ജ സ്രോതസ്സുക ളാണ്. മുഖ്യമായും ഊർജ്ജം ആവശ്യമുള്ളത് ഗാർ ഹീകം, കൃഷി, വ്യവസായം എന്നീ മേഖലകളിലാണ്.

പ്രധാനമായും വൈദ്യുതി ഉപയോഗിച്ചിരുന്നത് വ്യാവ സായിക മേഖലയിലും കാർഷിക മേഖലയിലുമാണ്. ഗാർഹിക മേഖലയിൽ പ്രകാശത്തിനു മണ്ണെണ്ണയും പാചകത്തിനു വിറകും ആയിരുന്നു. കഴിഞ്ഞ ദശകങ്ങ ളിൽ വിറകിന്റെ കാര്യത്തിൽ പ്രധാന പങ്കു വഹിച്ചിരു ന്നത് തെങ്ങിൽ നിന്നു കിട്ടുന്ന ഓല, മടല്, കൊതുമ്പ്, ചിരട്ട എന്നിവയായിരുന്നു.

പുറമറ്റം പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി എത്തുന്നത് 1952 മാർച്ചിലാണ്. ആദ്യകാലങ്ങളിൽ ഇവിടെയും മെയിൻ റോഡിനു സമീപത്തു താമസിക്കുന്ന വരുടെയും, സാമ്പത്തിക ശേഷി ഉള്ളവരുടെയും വീടു കൾ മാത്രമാണ് വൈദ്യുതീകരിച്ചിരുന്നത്. 1996-ലെ കണക്കിൻ പ്രകാരം 2264 ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്. മിക്കവാറും എല്ലാ പഞ്ചായത്തു റോഡു കളിലൂടെയും വൈദ്യുതി കടന്നു പോകുന്നുണ്ട്. ഈ പഞ്ചായത്തിൽ വെണ്ണിക്കുളം മേജർ സെക്ഷൻ ആഫീസ് പ്രവർത്തിക്കുന്നു. ഇവിടുത്തെ വൈദ്യുതി വിതരണത്തിന്റെ മേൽനോട്ടം വഹിക്കുന്നതും വെണ്ണി ക്കുളം മേജർ സെക്ഷൻ ആഫീസിൽ നിന്നുമാണ്. എന്നാൽ ഇന്നുവരെയും സ്വന്തമായി ഒരു കെട്ടിടം ഉണ്ടാ യിട്ടില്ല. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 17 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ പല തും ഓവർ ലോഡ് എടുക്കുന്നവയാണ്. വോൾട്ടേജിന്റെ കാര്യത്തിലും വൈദ്യുതി വിതരണത്തിന്റെ കാര്യത്തിലും സംസ്ഥാനത്താകെ നിലനിൽക്കുന്ന പ്രശ്നങ്ങൾ ഇവി ടെയും നിലനിൽക്കുന്നു. ഇവിടെ പ്രധാനമായും വൈദ്യു തി എത്താത്ത പ്രദേശങ്ങൾ തോന്നിപ്പാറ മാർത്തോമ്മാ കോളനി, പുല്ലേലി കോളനിയുടെ ചില ഭാഗങ്ങൾ ഏറ്റവും ഉയർന്ന പ്രദേശമായ കരിങ്കുറ്റി മലയിലും തോ യാട്ടുമല, പിച്ചാത്തിക്കല്ലു ഹരിജൻ കോളനിയിലും വൈദ്യുതി പൂർണ്ണമായും എത്തിയിട്ടില്ല.

(അടിസ്ഥാനം ദ്വിതീയ വിവരശേഖരണം)

പഞ്ചായത്തു പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന **LT** ട്രാൻസ്ഫോർമറുകളുടെ പേരുകൾ.

1.	പുറമറ്റം- I	7.	മേമല- I	13.	വെണ്ണിക്കുളം- III
2.	പുറമറ്റം- II	8.	മേമല- II	14.	വെണ്ണിക്കുളം H.S ജംഗ്ഷൻ
3.	പൊട്ടൻമല	9.	കാളച്ചന്ത	15.	വെണ്ണിക്കുളം തീയേറ്റർ
4.	കക്കാട്	10.	ചേറ്റുതടം	16.	വാലാങ്കര
5.	കൗങ്ങുംപ്രയാർ	11.	വെണ്ണിക്കുളം- I	17.	പടുതോട്.
6.	മുണ്ടമല	12.	വെണ്ണിക്കുളം- II		

നിലവിലുള്ള ഉപഭോക്താക്കളുടെ എണ്ണം

ഗാർഹീകം	വ്യാപാരം	വ്യാവസായികം	കാർഷികം
2264	388	30	5

ആകെയുള്ള 4330 വീടുകളിൽ 2264 വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. അവസാനം നല്കിയ കണക്ഷന്റെ അപേക്ഷാ തീയതി 30-9-92 ആണ്.

കണക്ഷൻ ലഭിക്കുവാൽ ബാക്കിയുള്ളവരുടെ എണ്ണം

OARDINARY	O T P	OYEC
10	6	60

പഞ്ചായത്തു റോഡിന്റെ എല്ലാ ഭാഗങ്ങളിലൂടെയും വൈദ്യുതി കടന്നു പോകുന്നുണ്ട്. 745 ഓളം തെരുവു വിളക്കുകൾ ഉണ്ടെങ്കിലും 5% പോലും ശരിയാംവണ്ണം കത്തുന്നില്ല. കേടായ ബൾബുകൾ മാറ്റിയിടുന്നില്ല. വൈദ്യുതിവിളക്കുകളെ സംബന്ധിച്ച ചെറിയ പ്രശ്നങ്ങൾക്കുപോലും പരിഹാരം കാണുവാൻ പറ്റുന്നില്ല. ഇതിന്റെ പൂർണ്ണമായ ഉത്തരവാദിത്വം വൈദ്യുതി ബോർഡിനുള്ളതാണ്. സ്ട്രീറ്റ് ലൈറ്റിനുവേണ്ടി പ്രതിമാസം 9593 രൂപ വൈ:ബോർഡിന് അടയ്ക്കുന്നുണ്ട്. ആകെ 764 തെരുവുവിളക്കുകളാണുള്ളത്.

സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം

ബൾബ്	ട്യൂബ്	മെർക്കുറി വേപ്പർ
745	17	2

ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിക്കുന്ന വിവരങ്ങൾ

വാർഡ് നമ്പർ	ഹരിജൻ കോളനിയുടെ പേര്	വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങളുടെ എണ്ണം
I	കമ്പനിമല ഹരിജൻ കോളനി	25
I	കണ്ണാട്ടുമല	6
V	ചേറ്റുതടം	22
II	പൊട്ടൻമല	19
V	പാട്ടക്കാല അംബദ്കർ കോളനി	3
VII	കാവുങ്കൽ	വർക്കു നടന്നുവരുന്നു.

പ്രശ്നങ്ങൾ

1. തെരുവു വിളക്കുകൾ പ്രകാശിപ്പിക്കുന്നതിന് കഴിയാത്ത അവസ്ഥയ്ക്കു പരിഹാരം ഉണ്ടാക്കണം.
2. പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലും വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു. കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
3. തോന്നിപ്പാറ മാർത്തോമ്മാ കോളനിയിലും പുല്ലേലി കോളനിയുടെ ചില ഭാഗങ്ങളിലും കരിങ്കുറ്റി മലയിലും പിച്ചാത്തിക്കല്ല്, തോയാട്ടുമല ഹരിജൻ കോളനികളിലും വൈദ്യുതി എത്തിയിട്ടില്ല.
4. ഗതാഗതത്തിന് അസൗകര്യമുണ്ടാക്കുന്ന തരത്തിൽ സ്ഥാപിച്ചിട്ടുള്ള ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുക.
5. പ്രധാന കവലകളിലും ആരാധനാലയങ്ങളുടെ സമീപമുള്ള പോസ്റ്റുകളിലും ട്യൂബു ലൈറ്റ് സ്ഥാപിക്കുക.
6. വൈദ്യുതി കമ്പികളുമായി മുട്ടി നില്ക്കുന്ന വൃക്ഷങ്ങൾ പൂർണ്ണമായും വെട്ടി മാറ്റുക.
7. വൈദ്യുതി കണക്ഷനുവേണ്ടി അപേക്ഷ നല്കിയിട്ടുള്ള എല്ലാവർക്കും ഉടൻ കണക്ഷൻ നല്കുക.

പാചക വാതകം

1985-86 കാലഘട്ടത്തിലാണ് പാചക വാതകം ഇവിടെ ഉപയോഗത്തിൽ വരുന്നത്. കൂടുതലും ഉദ്യോഗസ്ഥരായിട്ടുള്ള കുടുംബങ്ങളാണ് ഇവ പരീക്ഷിച്ചു തുടങ്ങിയത്. ഇന്ന് ആ സ്ഥിതിക്കു മാറ്റം വന്നു. 20%ത്തോളം വീടുകളിൽ L.P.G. ഉപയോഗിക്കുന്നുണ്ട്. പ്രധാനമായ പ്രശ്നം പാചക വാതക ഭൗർലഭ്യമാണ്. പൊതു മേഖലയിലും സഹകാര്യ മേഖലയിലും പാചക വാതക ഗ്യാസ് വിതരണം നടത്തിവരുന്നു.

സൗരോർജ്ജം

മുഖ്യ ഊർജ്ജ സ്രോതസ്സ് സൂര്യനാണ്. യാതൊരു മുതൽമുടക്കുമില്ലാതെ മനുഷ്യന് നേരിട്ട് ലഭിക്കുന്ന ഊർജ്ജമാണിത്. പക്ഷേ അതിനെ വേണ്ട രീതിയിൽ ചൂഷണം ചെയ്യുവാൻ നമ്മൾക്കു കഴിയുന്നില്ല. സോളാർ കുക്കറുകളും ലൈറ്റുകളും പ്രത്യേക ഏജൻസിവഴി നൽകുന്നുണ്ടെങ്കിലും നമ്മുടെ പ്രദേശത്ത് വേണ്ട പ്രചാരം ലഭിച്ചിട്ടില്ല. പാരമ്പര്യ ഊർജ്ജ സ്രോതസ്സുകളുടെ ലഭ്യതയെപ്പറ്റിയും അതിന്റെ പ്രയോജനങ്ങളെപ്പറ്റിയും ജനങ്ങളെ കൂടുതൽ ബോധവാന്മാരാക്കേണ്ടിയിരിക്കുന്നു.

ബയോഗ്യാസ്

ഏകദേശം നാൽപ്പതു ബയോഗ്യാസ് പ്ലാന്റുകളാണ് പ്രവർത്തനത്തിനുള്ളത്. വേണ്ടത്ര രീതിയിൽ ഭംഗിയായി പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ പ്രധാന കാരണം ഊർജ്ജിതമായ കന്നുകാലി വളർത്തലാണ്. കൂടുതൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാനാവശ്യമായ പ്രചരണങ്ങൾ നടത്തണം.

വിറക്

നമ്മുടെ പ്രധാനപ്പെട്ടതും സുലഭമായതുമായ ഒരു ഊർജ്ജ സ്രോതസ്സാണ് വിറക്. പ്രധാനമായും തെങ്ങിൽ നിന്നും ലഭിക്കുന്ന ഓല, മടൽ, കൊതുമ്പ്, ചിരട്ട ഇവ ആയിരുന്നു. കശുമാവ്, പുളി, വഴത ഇവ പ്രധാനമായ വിറകിന വൃക്ഷങ്ങളായിരുന്നു.

മാർക്കറ്റ്

നമ്മുടെ പഞ്ചായത്തിൽ പ്രധാനമായും മൂന്നു മാർക്കറ്റുകൾ പ്രവർത്തിക്കുന്നു. അവയിൽ ഒരെണ്ണം പബ്ലിക്ക് മാർക്കറ്റും ബാക്കി രണ്ടെണ്ണം സഹകാര്യ മാർക്കറ്റും ആണ്.

കാർഷിക ഉൽപ്പന്നങ്ങൾ വിറ്റഴിയുന്ന പ്രധാനപ്പെട്ട വിപണി ആയിരുന്നു പുറമറ്റം പബ്ലിക്ക് മാർക്കറ്റ്. കൃഷിയിൽ നിന്നുമുള്ള കൃഷിക്കാരന്റെ വരുമാനത്തെ അടിസ്ഥാനമാക്കി ക്രയ വിക്രയം നടത്തുക എന്നതും സാധനങ്ങൾ ഇവിടെത്തന്നെ വിറ്റഴിച്ചിട്ട് ആവശ്യമുള്ള സാധ

നങ്ങൾ ഇവിടുന്നുതന്നെ വാങ്ങുന്ന ശ്വാശ്രയത്ത സ്വ ഭാവം ഈ മാർക്കറ്റിനുണ്ടായിരുന്നു. ഇന്ന് ഈ സ്വഭാവ മില്ല. കാർഷിക ഉല്പന്നങ്ങളുടെ ഉല്പാദനം കുറഞ്ഞു. അതതു സ്ഥലങ്ങളിൽതന്നെ സാധനങ്ങൾ വാങ്ങുന്ന തിനും വിൽക്കുന്നതിനുമുള്ള സൗകര്യം ഉണ്ടായതാണ് ഇതിനു കാരണം.

കട്ടത്തെരു വിപണനത്തിൽ വർഷങ്ങൾക്കു മുൻപു തന്നെ 'പുറമറ്റം കട്ടത്തെര്' പ്രസിദ്ധമായിരുന്നു. വാഴക്കു ലയുടെ പ്രധാന വിപണികൂടിയായിരുന്നു ഇ വിടം. അക്കാലത്ത് വിവാഹങ്ങൾപോലെയുള്ള വലിയ സദ്യകൾക്ക് ആവശ്യമായ മുഴുവൻ സാധനങ്ങളും പുറ മറ്റം മാർക്കറ്റിൽ നിന്നു വാങ്ങുവാൻ കഴിഞ്ഞിരുന്നു. വർഷങ്ങൾക്കു മുൻപ് അളവു തൂക്കത്തിന് വെള്ളി ക്കോൽ എന്ന ഉപകരണം ഇവിടെ നിലനിൽപുണ്ടായി രുന്നു.

വാഹന ഗതാഗതത്തിന് കാര്യമായ സ്ഥാനം ഇല്ലാ തിരുന്ന കാലത്ത് സാധനങ്ങൾ വിൽപനയ്ക്കു കൊണ്ടു വന്നിരുന്നത് തലച്ചുമടായിട്ടായിരുന്നു. സാധനങ്ങൾ സ്വ യമായി തലയിൽനിന്നും ഇറക്കുന്നതിനും കയറ്റുന്ന തിനും ഈ പ്രദേശത്തെ വഴിയോരങ്ങളിൽ ചുമടുതാങ്ങി കൾ സ്ഥാപിച്ചിരുന്നു.

പഞ്ചായത്തുവക 50 സെന്റ് സ്ഥലത്താണ് മാർക്കറ്റ് പ്രവർത്തിക്കുന്നത്. ആഴ്ചചന്ത തിങ്കൾ, വ്യാഴം ദിവസ ങ്ങളിലാണ 6 മുറികളോടുകൂടിയ പഞ്ചായത്തുവക ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിച്ചിട്ടുണ്ട്. മാംസ വ്യാപാര ത്തിനും പ്രത്യേക സ്റ്റാൾ ഉണ്ടെങ്കിലും സ്ലോട്ടർ ഹൗസ് നിലവിൽ ഇല്ല. മറ്റ് വ്യാപാരങ്ങൾക്ക് താല്കാലിക ഷെഡുകൾ ആണുള്ളത്. മത്സ്യ വ്യാപാരത്തിനു പ്രത്യേ കമായ മാർക്കറ്റില്ല. തുറസ്സായ സ്ഥലത്തു മത്സ്യ വ്യാ പാരം നടത്തിവരുന്നതുകൊണ്ട് പരിസര ശുചിത്വത്തി നു വിഘാതം സൃഷ്ടിക്കുന്നു.

പുറമറ്റം ചന്തയുടെ പ്രതാപ കാലത്ത് കല്ലുപാ പൂവത്തിളപ്പ് എന്നീ സ്ഥലങ്ങൾ ഇടത്താവളങ്ങളാ രുന്നു. 1955 ഓടുകൂടി പൂവത്തിളപ്പ് ഒരു സ്വകാ മാർക്കറ്റായി. കൂടാതെ വെണ്ണിക്കുളം, പുറമറ്റം ടൗ കളിൽ വഴിയോരങ്ങളിൽ അന്തിച്ചന്തമാതിരി പച്ചക്ക യുടെയും മത്സ്യത്തിന്റെയും വിപണനം നടത്തിവരു പൂവത്തിളപ്പ് മാർക്കറ്റിൽനിന്നും ലൈസൻസ് ഇനത്തി മാത്രം പഞ്ചായതത്തു തുച്ഛമായ വരുമാനമാണ് ലഭി ന്നത്. പഞ്ചായത്ത് സ്വന്തമായി ഭൂമി കണ്ടെത്തി പബ്ലി മാർക്കറ്റായി വിപുലപ്പെടുത്തേണ്ടത് അത്യാവശ്യമാ

മറ്റൊരു മാർക്കറ്റായ മാമനാൽ കാളച്ചന്തയ സ്വകാര്യ മാർക്കറ്റാണ്. മലയാള മാസത്തിന്റെ ഒ ഇരുപത് തീയതികളിൽ ചന്ത നടത്തിവരുന്നു. 15 ഓളം കന്നുകാലികളെ വിപണനത്തിനെത്തിക്കാറു ഇവിടുത്തെ ഗേറ്റ് ഫീസ് പഞ്ചായത്തിന് ഒരു പ്രധ വരുമാന മാർഗ്ഗമാകേണ്ടതാണ്. സ്വന്തമായി സ്ഥ കണ്ടെത്തുന്നതിനുള്ള പ്രശ്നങ്ങൾ കാരണം ഇവിടെ ലൈസൻസ് ഇനത്തിൽ പഞ്ചായത്തിന് ഒരു വർ ത്തേക്ക് 4800 രൂപ മാത്രമാണ് വരുമാനമായി ലഭി ന്നത്.

ഈ മാർക്കറ്റിന് ആവശ്യമായ സ്ഥലങ്ങൾ ക ത്തുകയും ഓരോ വർഷവും ഗേറ്റ് ഫീസിനുള്ള അ കാശം ലേലം ചെയ്തു കൊടുക്കുകയും ആണെങ്ക പഞ്ചായത്തിന്റെ വരുമാനത്തിൽ ഗണ്യമായ മാറ്റം ക്കുവാൻ കഴിയും.

പഞ്ചായത്തിലെ പ്രധാന മാർക്കറ്റുകൾ

ക്രമ നമ്പർ	മാർക്കറ്റിന്റെ പേര്	ഉടമസ്ഥത	പ്രവർത്തി ദിവസം
1	പുറമറ്റം	പബ്ലിക്	തിങ്കൾ-വ്യാഴം
2	പൂവത്തിളപ്പ്	സ്വകാര്യം	തിങ്കൾ-വ്യാഴം
3	മാമനാൽ കാളച്ചന്ത	സ്വകാര്യം	മലയാളമാസം1,20 തീയതികളി

1995-96-ലെ വരുമാനത്തെ സംബന്ധിക്കുന്ന വിവരം

പുറമറ്റം മാർക്കറ്റ്	26700
ഷോപ്പിംഗ് കോംപ്ലക്സ്	22882
ഇറച്ചിക്കട	40,000
ഇറച്ചിക്കടയ്ക്കുള്ള ലൈസൻസ്	15,000
മാമനാൽ കാളച്ചന്ത	4,800
പൂവത്തിളപ്പ് ചന്ത	2,200
ആകെ	**1,11,582**

മാർക്കറ്റിന്റെ വികസനത്തിന് പരിഗണിക്കേണ്ട കാര്യങ്ങൾ

1. പൂവത്തിളപ്പ്, മാമനാൽ കാളച്ചന്ത ഇവയ്ക്കു പഞ്ചായത്തുവക ഭൂമി എത്രയും വേഗം കണ്ടെത്തുവാൻ കഴിയണം

2. മത്സ്യച്ചന്തയും പരിസരവും കോൺക്രീറ്റ് ചെയ്ത് വൃത്തിയായി സൂക്ഷിക്കുകയും മത്സ്യ സ്റ്റാളുകൾ പണിതീർക്കുകയും വേണം.

3. പുറമറ്റം മാർക്കറ്റിൽ കൂട്ടിയിട്ടിരിക്കുന്ന ചപ്പുചവറുകൾ നീക്കംചെയ്ത് മാർക്കറ്റ് വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള സംവിധാനം അടിയന്തിരമായും ഉണ്ടാവണം.

4. ഗേറ്റ്ഫീസ് പിരിവ് കാലാനുസൃതമായി പരിഷ്കരിക്കുകയും അന്യായമായി പിരിവു നടത്തുന്നില്ല എന്ന് ഉറപ്പു വരുത്തുകയും ചെയ്യുക.

5. റോഡുവക്കിലെ വ്യാപാരം പൂർണ്ണമായും നിയന്ത്രിച്ച് മാർക്കറ്റിനുള്ളിലേക്ക് മാറ്റുക.

6. അറവുശാല പഞ്ചായത്തിൽ ഉണ്ടാവേണ്ടത് അത്യാവശ്യമാണ്. ഇതിന്റെ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം പൊതുജനങ്ങൾക്ക് അസൗകര്യം ഉണ്ടാകത്തക്ക വിധത്തിൽ കണ്ടെത്താൻ കഴിയണം. പരിസ്ഥിതിപ്രശ്നം ഉണ്ടാകാത്ത വിധത്തിൽ വൃത്തിയായി സൂക്ഷിക്കുവാനും കഴിയണം.

7. ഇടത്തട്ടുകാരെ ഒഴിവാക്കുന്നതിനും പുറം കച്ചവടക്കാരെ ആകർഷിക്കുന്നതിനും അവർക്കാവശ്യമായ സാധനങ്ങൾ സംഭരിച്ചു വിപണനം നടത്തുന്നതിന് ഫാർമേഴ്സ് മാർക്കറ്റിംഗ് സൊസൈറ്റിയുടെ രൂപീകരണം.

മുകളിൽ പറഞ്ഞ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് പഞ്ചായത്തു സമിതികൾ നേതൃത്വം കൊടുക്കുകയും അതിനാവശ്യമായ സഹായ സഹകരണങ്ങൾ ജനങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതും മാർക്കറ്റിന്റെ വികസനത്തിന് അനിവാര്യമാണ്.

4-7

പാർപ്പിടം

ഗ്രാമവാസികളുടെ അടിസ്ഥാന സൗകര്യങ്ങളിൽ മുഖ്യമാണ് പാർപ്പിടം. ശാരീരികമായ വിശ്രമത്തിനും സുഖത്തിനും വേണ്ടി ഒരു കൊച്ചുവീട് എന്ന ആശയം മാറി അത്യാധുനിക സൗകര്യങ്ങളോടു കൂടിയ മണിമന്ദിരങ്ങൾ നിർമ്മിക്കുന്നതിനാണ്. ഇന്നത്തെ തലമുറ മുൻതൂക്കം കൊടുക്കുന്നത്.

കൃഷിയിടങ്ങളിലും മറ്റു തൊഴിൽ മേഖലകളിലും പണി ചെയ്യുന്ന തൊഴിലാളി വർഗ്ഗം ഉൾപ്പടെയുള്ള ഇടത്തരക്കാർക്കും സാധാരണ ജനങ്ങൾക്കും അന്തിയുറങ്ങാൻ ഇടം തേടുന്ന മറ്റൊരു വിഭാഗത്തെയും സമൂഹത്തിൽ കാണാം.

വിദേശ രാജ്യങ്ങളിൽ നിന്നും ഈ ഗ്രാമപ്രദേശത്തേക്കു ഒഴുകി വരുന്ന പണമാണ് അത്യാധുനിക മണിമന്ദിരങ്ങൾ നിർമ്മിക്കുന്നതിന് ഉള്ള മോഹം ഉണ്ടാകുന്നത്.

കൃഷിയിൽ നിന്നും കച്ചവടത്തിൽ നിന്നും ഇടത്തരം ജോലിയിൽ നിന്നും ലഭിക്കുന്ന മിച്ചംകൊണ്ട് ഇടത്തരം വീടുകൾ നിർമ്മിക്കുന്ന സാധാരണക്കാരായ കുടുംബങ്ങൾ ധാരാളമുണ്ട്. ഇത്തരം വീടുകളിൽ അത്യാധുനിക സൗകര്യങ്ങൾ ഇല്ലെങ്കിലും ഒന്നോ രണ്ടോ കിടക്കമുറികളും അടുക്കളയും വരാന്തയും ഉൾപ്പെട്ട ഓടുമേഞ്ഞ വീടുകളാണ് അധികവും ഈ പഞ്ചായത്തിൽ

വിവിധ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളും മറ്റു ദുർബ്ബല വിഭാഗങ്ങളും പാർപ്പിട സൗകര്യം കണ്ടെത്തുന്നതിനുവേണ്ടി വളരെ ക്ലേശം അനുഭവിച്ചു ആരംഭിച്ചു വരുന്നു. സ്വന്തമായി സ്ഥലം വാങ്ങി വീടു വയ്ക്കുന്നതിനുള്ള സാമ്പത്തിക ശേഷി ഇവർക്കില്ല. ഇവരിൽ ഭൂരിഭാഗവും പിതൃസ്വത്തിൽ നിന്നും ലഭിക്കാവുന്ന തുച്ഛമായ ഇടങ്ങളിൽ കുടിലുകൾ കെട്ടി താമസിച്ചുവരുന്നു. ഇത്തരത്തിലുള്ള പ്രദേശങ്ങൾ ദുർബ്ബല വിഭാഗങ്ങളും തൊഴിലാളികളും താമസിക്കുന്ന കോളനി പ്രദേശങ്ങളായി പിൽകാലങ്ങളിൽ രൂപാന്തരപ്പെട്ടുവരുന്നു. ഇവർക്ക് ജീവിത സൗകര്യം വളരെ കുറവാണ്.

സ്വന്തമായി ഭൂമി വാങ്ങി പാർപ്പിടം നിർമ്മിക്കുവാൻ ശേഷി ഇല്ലാത്ത ആളുകൾക്ക് വീട് നിർമ്മിക്കുന്നതിന് ഗവൺമെന്റിൽ നിന്നും നടപ്പിലാക്കി വരുന്ന ''ഭൂരഹിത ഭവന രഹിത'' ആൾക്കാർക്കുള്ള പാർപ്പിട പദ്ധതി ഈ പഞ്ചായത്തിലും നടപ്പിലാക്കിയിട്ടുണ്ട്.

ഈ പദ്ധതി പ്രകാരം ഗവൺമെന്റിൽ നിന്നും അനുവദിച്ച തുക ഉപയോഗിച്ച് 8-ാം വാർഡിൽ കാവുങ്കൽ പ്രദേശത്ത് ഒരു ഏക്കർ എഴുപത്തിയഞ്ച് സെന്റ് വാങ്ങി നാൽപ്പത് കുടുംബങ്ങൾക്ക് വീടു വയ്ക്കുവാനുള്ള സ്ഥലം സൗജന്യമായി നൽകിയിട്ടുണ്ട്. അടുത്ത കാലത്ത് ഈ കോളനിയിൽ I.H.D.P പദ്ധതി പ്രകാരം വികസന പ്രവർത്തനങ്ങൾ നടത്തി വരുന്നു.

ദുർബ്ബല വിഭാഗങ്ങൾക്കുള്ള പാർപ്പിട പദ്ധതി അനുസരിച്ച് 1967-69 കാലഘട്ടങ്ങളിൽ കേരളത്തിൽ നിലനിന്നിരുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി മന്ത്രിസഭയിലെ ഭവന നിർമ്മാണ വകുപ്പ് മന്ത്രി ആയിരുന്ന എം.എൽ. ഗോവിന്ദൻ നായരുടെ നൂതന ആശയ ഫലമായി ഈ സംസ്ഥാനത്തു നടപ്പിലാക്കിയ ''വൺ ലാക്ക് ഹൗസിംഗ് കോളനി''. ഈ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ നടപ്പിലാക്കുകയുണ്ടായി. സ്ഥിതിവിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കോളനിയുടെ പേര്	താമസിക്കുന്ന കുടുംബങ്ങളുടെ എണ്ണം	സ്ഥിതി ചെയ്യുന്ന വാർഡുകൾ
1	പാണ്ടിയാങ്കൽ		1
2	പൊട്ടൻമല	35	2
3	ചേറ്റുതടം	38	5
4	ചീനിക്കാല	10	8

ഗവൺമെന്റ് പ്രഖ്യാപിച്ച സെറ്റിൽമെന്റ് കോളനികളും ഈ പഞ്ചായത്തിലുണ്ട്. അവയുടെ സ്ഥിതിവിവരം ചുവടെ ചേർക്കുന്നു. മറ്റു കോളനികളെപ്പോലെതന്നെ ഇവിടെയും ദുർബ്ബല വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്നു. അടിസ്ഥാന സൗകര്യങ്ങൾ വളരെ കുറവാണ്.

സെറ്റിൽമെന്റ് കോളനി സ്ഥിതിവിവരം

പട്ടിക

ക്രമനമ്പർ	കോളനിയുടെ പേര്	താമസിക്കുന്ന കുടുംബങ്ങളുടെ എണ്ണം	സ്ഥിതിചെയ്യുന്ന വാർഡ്
1	ഉമിക്കുന്ന്		1
2	വരിക്കാപ്പള്ളി		1
3	പുല്ലേലി		4
4	തോണിപ്പാറ M.T. കോളനി		5
5	തോയാട്ടുമല		7
6	പിച്ചാത്തിക്കല്ല്		7
7	കട്ടച്ചിറ		2

പഞ്ചായത്തിലെ കെട്ടിടങ്ങളെ സംബന്ധിച്ച വിവരം

പട്ടിക

(പഞ്ചായത്തു രജിസ്ട്രറിൽ നിന്നും ഉള്ള വിവര ശേഖരണം)

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	1-ൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം	മേൽക്കൂരയുടെ സ്വഭാവം				വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം
			കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ	
I	657	29	199	323	120	15	16
II	647	20	118	397	118	14	-
III	507	26	131	323	46	7	1
IV	364	5	59	227	75	3	8
V	570	12	149	317	96	8	3
VI	612	29	194	345	66	7	2
VII	448	20	109	284	44	11	1
VIII	549	15	131	372	41	4	1

നമ്മുടെ പഞ്ചായത്തിലെ ഹരിജൻ കോളനിയെ സംബന്ധിക്കുന്ന വിവരം ചുവടെ ചേർക്കുന്നു.

പട്ടിക

(പഞ്ചായത്തു രജിസ്ട്രറിൽ നിന്നും ലഭിച്ച അടിസ്ഥാന വിവരം)

ക്രമനമ്പർ	കോളനിയുടെ പേര്	താമസിക്കുന്ന കുടുംബങ്ങളുടെ എണ്ണം	സ്ഥിതി ചെയ്യുന്ന വാർഡ്
1	കണ്ണേറ്റിൽ ഭാഗം	69	1
2	ഡോ.അംബേദ്കർ കോളനി	15	5
3.	കൊച്ചുഴം ചവർണക്കാട്	12	6
4	കല്ലുവാഹ	16	7
5	പന്ത്രണ്ടുപറ കോളനി	20	8

പാർപ്പിട സൗകര്യം വ്യാപകമാക്കുന്നതിനുവേണ്ടി ഇന്ന് നിലവിലുള്ള പല പദ്ധതികളും ഈ പഞ്ചായത്തിൽ നടപ്പിലാക്കി വരുന്നു. ബ്ലോക്കു പഞ്ചായത്തിൽ നിന്നും ഗ്രാമ പഞ്ചായത്തിൽ നിന്നും മുഴുവൻ തുകയ്ക്കും സബ്സിഡിയോടുകൂടിയും തവണ വ്യവസ്ഥയിലുമുള്ള സാമ്പത്തിക സഹായം ദുർബല വിഭാഗങ്ങൾക്കു നൽകി വരുന്നു.

താഴ്ന്ന വരുമാനക്കാർക്കും ഇടത്തരക്കാർക്കും സാമ്പത്തിക ശേഷി ഉള്ളവർക്കും വിവിധ തോതിലുള്ള ഭവന നിർമ്മാണ വായ്പകൾ രാജീവ്ഗാന്ധി ദശലക്ഷ പാർപ്പിട പദ്ധതി മുഖാന്തരം വിതരണം ചെയ്യുന്നു. ഇന്ന് മൈത്രീ ഭവന നിർമ്മാണ പദ്ധതി എന്ന പേരിൽ അറിയപ്പെടുന്ന പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് 30,000 രൂപവരെ വായ്പ കൊടുക്കുന്നു. ഇതിൽ 9000 രൂപ സബ്സിഡിയും 1000 രൂപ ഉപഭോക്താവിന്റെ വിഹിതവുമാണ്.

ഇടത്തരം വരുമാനക്കാർക്കും പാവപ്പെട്ടവർക്കും ഭവന നിർമ്മാണത്തിനു ധനസഹായം ലഭിക്കുന്ന നിരവധി പദ്ധതികളിൽ ചിലതുമാത്രമാണ് മുകളിൽ സൂചിപ്പിച്ചത്.

വിവിധ പദ്ധതികളിൽക്കൂടി അർഹതയുള്ളവരെ കണ്ടെത്തി ധനസഹായം എത്തിക്കുന്നതിന് തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തു സമിതി ഒരു ഏജൻസിപോലെ പ്രവർത്തിച്ചെങ്കിൽ മാത്രമെ പാർപ്പിട പ്രശ്നം ഒരു പരിധിവരെ പരിഹരിക്കുവാൻ സാധിക്കുകയുള്ളൂ.

പ്രശ്നങ്ങളും പരിഹാരവും

വിദേശ പണത്തിന്റെ സ്വാധീനം ഈ പഞ്ചായത്തിൽ വർദ്ധിച്ചുവരുന്നു. ഉയർന്ന കൂലി കൊടുത്തും ലക്ഷക്കണക്കിനു രൂപ ചിലവഴിച്ചും മനോഹാരിത തുളുമ്പുന്ന മണി മന്ദിരങ്ങൾ നിർമ്മിക്കുന്നതിനുള്ള വ്യഗ്രത പലരിലും കണ്ടുവരുന്നു. തന്മൂലം കെട്ടിട നിർമ്മാണം ഏറ്റവും കൂടുതൽ തൊഴിൽ സാധ്യതയുള്ള മേഖലയായി മാറിക്കഴിഞ്ഞു. വിദേശ പണത്തിന്റെ ഈ ഒഴുക്കുമൂലം ഉയർന്ന കൂലി നല്കി കെട്ടിട നിർമ്മാണം നടത്തുന്നതിന് ഇടത്തരക്കാരും സാധാരണ ജനങ്ങളും ബുദ്ധിമുട്ടനുഭവിക്കുന്ന സ്ഥിതിയിൽ എത്തിച്ചേർന്നിരിക്കുന്നു.

കെട്ടിട നിർമ്മാണ രംഗത്ത് മൽസര പ്രവണത നിലനിൽക്കുന്നു എന്നുതന്നെ പറയാം. ആവശ്യത്തേക്കാൾ ഉപരി കെട്ടിടത്തിന്റെ പ്രൗഡിക്കാണ് ഇത്തരത്തിലുള്ള ആൾക്കാർ മുൻഗണന നല്കുന്നത്. ക്രിയാത്മകമായ മറ്റേതെങ്കിലും മേഖലകളിൽ പണം വിനിയോഗിക്കുവാൻ അവർ താല്പര്യം കാണിക്കും എങ്കിൽ കാർഷിക വ്യവസായിക മേഖലകളിലടക്കം നിരവധി വികസന പദ്ധതികൾക്ക് തുടക്കം കുറിക്കുവാനും അവ വളർത്തിയെടുക്കുവാനും സാധിക്കും.

വിദേശത്തുപോയി ജോലി നോക്കി കിട്ടുന്ന പണം വീടു നിർമ്മാണത്തിന് ഉപയോഗിച്ച ശേഷം നാട്ടിൽ തിരിച്ചെത്തിയ പലരും പിന്നീട് വീടിന്റെ അറ്റകുറ്റ പണികൾ നടത്തുവാൻ പണമില്ലാതെ വലയുന്ന കാഴ്ചയും കാണാൻ കഴിയും.

കെട്ടിട നിർമ്മാണ രംഗത്തെ വിദഗ്ദ്ധരും അവിദഗ്ദ്ധരുമായ തൊഴിലാളികളുടെ കൂലിയിൽ വർദ്ദിച്ച വർദ്ധനവാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. കെട്ടിട നിർമ്മാണത്തിനുപയോഗിക്കുന്ന അസംസ്കൃത സാധനങ്ങളുടെ വിലയിലും വൻപിച്ച വർദ്ധനവാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

കെട്ടിട നിർമ്മാണത്തെ നിയന്ത്രിക്കുന്ന യാതൊരു നിയമവും ഈ പഞ്ചായത്തിൽ ഇന്ന് പ്രാബല്യത്തിൽ ഇല്ലാത്തതു മൂലം യാതൊരു മാനദണ്ഡവും നോക്കാതെ പൊതു സ്ഥലങ്ങൾ കൈയ്യേറിയും റോഡുവക്കിലേക്കിറക്കിയും. അയൽപക്കക്കാരന്റെ വസ്തുവിനോടും കെട്ടിടത്തോടു ചേർന്നും കെട്ടിടങ്ങൾ നിർമ്മിക്കുന്ന ധാരാളം അനുഭവങ്ങൾ ഈ പഞ്ചായത്തിലുണ്ട്. റോഡു ഗതാഗതത്തിനു തടസ്സം ഉണ്ടാക്കുവാനും വെള്ളം ഒഴുക്കു തടയുവാനും വിവിധ തരത്തിലുള്ള പരിസ്ഥിതി പ്രശ്നം സൃഷ്ടിക്കാനും ഇത് കാരണമാകുന്നുണ്ട്.

പരിഹാരം

ഭവന നിർമ്മാണത്തിനു ധനസഹായം ലഭ്യമാക്കുന്ന ഒരു സഹകരണ സംഘം ഈ പഞ്ചായത്തിൽ സ്ഥാപിച്ചു പ്രവർത്തിക്കുന്നതിന് രൂപം നൽകുക. ഭവന നിർമ്മാണ വായ്പാ പദ്ധതികളുടെ നടപടിക്രമങ്ങൾ ലഘൂകരിക്കുക. സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകുവാനുള്ള അധികാരം പഞ്ചായത്തിനെ ഏൽപ്പിക്കുക. അപേക്ഷകൾ പഞ്ചായത്തുവഴി സ്വീകരിക്കുക.

പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതിയുടെ തുക വർദ്ധിപ്പിക്കുക.

ചെലവു കുറഞ്ഞ വീടുകളുടെ നിർമ്മാണത്തിന് കൂടുതൽ പ്രചാരം നൽകുക. 'നിർമ്മിതി' പോലെയുള്ള ഏജൻസികളുടെ പ്രവർത്തനം കൂടുതൽ വ്യാപകവ കാര്യക്ഷമവുമാക്കുക.

കെട്ടിട നിർമ്മാണത്തിനുപയോഗിക്കുന്ന അസ സ്കൃത വസ്തുക്കളായ പാറ, മണൽ, സിമന്റ് എന്നി യുടെ അമിതമായ വിലക്കയറ്റം തടഞ്ഞു നിർത്താ സർക്കാരിന്റെ ഭാഗത്തുനിന്നും നടപടി സ്വീകരിക്കു

കെട്ടിട നിർമ്മാണ നിയന്ത്രണ നിയമം ഈ പഞ്ച യത്തിൽ നടപ്പിൽ ആക്കേണ്ടതു അത്യാവശ്യമാണ്.

പാർപ്പിട രംഗത്ത് ഇന്ന് നിലനിൽക്കുന്ന പ്രശ്നങ്ങ ക്ക് പരിഹാരം കാണുവാൻ ഒൻപതാം പഞ്ചവത്സ പദ്ധതിയുടെ ആസൂത്രണത്തിനു കഴിയും എന്ന് നമുക ആഗ്രഹിക്കാം.

4-8

സംസ്കാരം

ഇടു പ്രകൃതികൊണ്ടും, പ്രകൃതി സൗന്ദര്യംകൊണ്ടും, അനുഗ്രഹിക്കപ്പെട്ട പുറമറ്റം പഞ്ചായത്ത് പത്തനംതിട്ട ജില്ലയിലെ ഏറ്റവും ചെറിയ പഞ്ചായത്തുകളിൽ ഒന്നാണ്. മദ്ധ്യ തിരുവിതാംകൂറിന്റെ മനോഹാരിണിയായ മണിമലയാറിന്റെ ലാളനയേറ്റ് പുളകംകൊള്ളുന്ന ഈ ഗ്രാമത്തിന് നൂറ്റാണ്ടുകളുടെ ചരിത്ര പാരമ്പര്യം അവകാശപ്പെടാനുണ്ട്. താരും തളിരും നിറഞ്ഞ കുന്നിൽ ചരിവുകൾ, പച്ചപ്പട്ടു വിരിച്ച വിശാലമായ നെൽപ്പാടങ്ങൾ, വെള്ളപ്പൂക്കളേന്തി കാവടി തുള്ളുന്ന കരിമ്പിൻ തോട്ടങ്ങൾ, സമൃദ്ധിയുടെ നിറകുടങ്ങളേന്തി നിൽക്കുന്ന തെങ്ങിൻ തോപ്പുകൾ, പച്ചപ്പിന്റെ പര്യായമായി പിച്ചവെച്ചാടുന്ന വാഴത്തോപ്പുകൾ - ഇവയെല്ലാം ചേർന്ന ചേതോഹരമായ ഈ ഗ്രാമത്തിന് മഹത്തായ ഒരു സാംസ്കാരിക പൈതൃകംകൂടി കൈമുതലായുണ്ട്.

പുറമറ്റത്തിന്റെ പുരാണേതിഹാസം ഇടപ്പള്ളിത്തമ്പുരാക്കന്മാരുടെ രാജവാഴ്ചയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. പഴയ തിരുവിതാംകൂറിന്റെ പ്രതാപവാനായ ചേരമാൻ പെരുമാൾ തന്റെ കൊട്ടാര വാസിയായിരുന്ന ഇടപ്പള്ളിത്തമ്പുരാന് ഇഷ്ടദാനമായി നല്കിയ അഞ്ചു ഭൂപ്രദേശങ്ങളിൽ ഒന്നായിരുന്നു കല്ലൂപ്പാറ പ്രദേശം. കല്ലൂപ്പാറ, പുറമറ്റം, മല്ലപ്പള്ളി, ആനിക്കാട്, കോട്ടാങ്ങൽ എന്നിങ്ങനെ അഞ്ചു ഗ്രാമങ്ങൾ ചേർന്നതായിരുന്നു ഈ വിസ്തൃത പ്രദേശം. ഇവയിൽ പുറമറ്റം എന്ന ഗ്രാമത്തിലായിരുന്നു ഇടപ്പള്ളിത്തമ്പുരാക്കന്മാരുടെ ആസ്ഥാനമാളിക സ്ഥാപിച്ചിരുന്നത്. പൂർണ്ണമായും തടിയിൽ പണിതീർത്ത മാളികയിൽ എഴുന്നെള്ളിയിരുന്നാണ് രാജാക്കന്മാർ ഭരണ നിർവ്വഹണം നടത്തിയിരുന്നത്. മാളികയെ തഴുകിയൊഴുകുന്ന മണിമലയാറിന്റെ മറുകരയിലായിരുന്നു ചരിത്രപ്രസിദ്ധമായ കല്ലൂപ്പാറ ദേവീ ക്ഷേത്രം. അരയിൽ അണിഞ്ഞ അരഞ്ഞാൺപോലെ ഗ്രാമത്തെ കെട്ടിപ്പുണർന്നൊഴുകുന്ന, മണിമലയാറിന്റെ കുഞ്ഞോളങ്ങളിൽ പുറമറ്റം ഗ്രാമത്തിന്റെ സാംസ്കാരിക ചരിത്രം ഇന്നും തത്തിക്കളിക്കുന്നു. ഓരത്തെ ഉമ്മവച്ചൊഴുകുന്ന ഓളങ്ങളുടെ താളലയങ്ങൾ ഓർമ്മകളിൽ ഒരായിരം ചരിത്രപ്പൂക്കൾ വിരിയിക്കുന്നു.

വിസ്തൃതമായ കല്ലൂപ്പാറ പ്രദേശത്തിന്റെ ഭരണ നിർവ്വഹണത്തിന് മണിമലയാറ്റിലൂടെയുള്ള സഞ്ചാരമേ അന്നു സാധ്യമായിരുന്നുള്ളൂ. ഈ മാർഗ്ഗമദ്ധ്യേ ഇടത്താവളങ്ങളായി പല മഠങ്ങളും അക്കാലത്ത് സ്ഥാപിച്ചിരുന്നു. അവയിൽ പ്രസിദ്ധമായ ഒരു മഠമായിരുന്നു പുറമറ്റം പഞ്ചായത്തിൽ കവുങ്ങുംപ്രയാറിനു സമീപം സ്ഥാപിച്ചിരുന്ന 'ചെറുനാട്ടു' മഠം. പിൽക്കാലത്ത് ഈ മഠവും അതിനോടു ചേർന്നുള്ള പ്രദേശവും ഒരു സ്വകാര്യ വ്യക്തിയുടെ കൈവശാവകാശത്തിലായി. ചെറുനാട്ടു മഠം അതോടെ ചെറുനാട്ടു ഇല്ലമായി മാറി. പ്രസിദ്ധമായ ഈ ഇല്ലമാണ് മലയാളികളുടെ മഹാകവിയായ വെണ്ണിക്കുളം ഗോപാലക്കുറുപ്പിന് ജന്മമേകിയത്.

കൊല്ലവർഷം 990-ൽ ഇടപ്പള്ളി രാജാക്കന്മാർ കണ്ടെഴുത്തു നടത്തി, പ്രജകളിൽനിന്നും കരം പിരിച്ചിരുന്നെങ്കിലും, 1956 ജനുവരിയിൽ ആ അവകാശാധികാരം ജനകീയ സർക്കാരിൽ നിക്ഷിപ്തമായി. എണ്ണൂറോളം

വർഷം കല്ലൂപ്പാറ ദേശത്തിന്റെ ഭരണചക്രം തിരിച്ച ഇടപ്പള്ളി രാജാക്കന്മാർക്ക് ഇതോടെ അധികാരം വിട്ടൊഴിയേണ്ടിവന്നു. തുടർന്ന് കല്ലൂപ്പാറ ദേശം 5 വ്യത്യസ്ത ഗ്രാമങ്ങളായി വേർതിരിക്കപ്പെടുകയും അവ ഓരോന്നും സ്വതന്ത്ര ഭരണാധികാരമുള്ള പഞ്ചായത്തുകളായി രൂപപ്പെടുകയും ചെയ്തു. പുറമറ്റത്തിന്റെ പുരാതന ചരിത്രത്തിന്റെ പുറന്താളുകളിൽ കാണുന്ന ചിത്രമിതാണ്.

അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനത്തിലൂടെയാണ് പഞ്ചായത്തിലെ സാംസ്കാരിക പ്രവർത്തനത്തിനു തുടക്കമിട്ടത്. നിലത്തെഴുത്തു കളരികൾ, ആയോധന കളരികൾ, മതപാഠശാലകൾ, ഗ്രന്ഥാലയങ്ങൾ, മഹിളാസമാജങ്ങൾ, ബാലവാടികൾ തുടങ്ങിയവ ഇതിനു സഹായകമായി. റേഡിയോ, വർത്തമാന പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ടെലിവിഷൻ തുടങ്ങിയവയുടെ സ്വാധീനം വിനോദത്തിനും വിദ്യാഭ്യാസത്തിനും ശക്തമായ പ്രേരകമായി ഭവിച്ചു. അടുത്ത കാലത്ത് ആരംഭിച്ച കേബിൾ ടി.വി. ശൃംഖലയും ഈ രംഗത്ത് കൂടുതൽ കരുത്ത് പകരുന്നു. വെണ്ണിക്കുളത്തെ ജവഹർ തിയേറ്ററാണ് പഞ്ചായത്തിലെ ഏക സിനിമാ പ്രദർശന ശാല.

കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ പ്രവർത്തനങ്ങൾ പഞ്ചായത്തിലുടനീളം വർഷങ്ങളായി സജീവമാണ്. സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിൽ പരിഷത്ത് കാര്യമായ പങ്കാളിത്തം വഹിച്ചു. പഞ്ചായത്തിലെ നിരക്ഷരരിൽ 95 ശതമാനം ആളുകളേയും അക്ഷരത്തിന്റെ ലോകത്തിലേക്ക് കൈപിടിച്ചാനയിക്കുവാൻ ആ പ്രവർത്തനങ്ങൾ പര്യാപ്തമായി. സാക്ഷരതാ യജ്ഞത്തിന്റെ രണ്ടാം ഘട്ടമായ തുടർ വിദ്യാഭ്യാസ പരിപാടിയിലും ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ പ്രവർത്തകർ ക്രിയാത്മകമായി പങ്കെടുത്തുവരുന്നു.

ഗ്രന്ഥശാലാ സംഘത്തിന്റെ പ്രവർത്തനങ്ങൾ തുലോം മന്ദഗതിയിലാണ് ഈ പഞ്ചായത്തിൽ നടക്കുന്നത്. 3 ഗ്രന്ഥശാലകൾ മാത്രമേ സജീവമായി ഇന്നു പ്രവർത്തനരംഗത്തുള്ളൂ.

ഗ്രന്ഥശാലകളിലെ പുസ്തകങ്ങളുടെ എണ്ണവും പരിമിതമാണ്. ബഹുജന പങ്കാളിത്തത്തോടുകൂടി കൂടുതൽ പുതിയ പുസ്തകങ്ങൾ വാങ്ങുവാനുള്ള സംവിധാനം ഉണ്ടാകേണ്ടിയിരിക്കുന്നു. വായനാശീലമുള്ള ആളുകളുടെ എണ്ണം വിരളമാണ്.

"വായിച്ചു വളർന്നാൽ വിളയും

വായിക്കാതെ വളർന്നാൽ വളയും"

എന്ന കവി കുഞ്ഞുണ്ണി മാഷിന്റെ വരികൾ ജനഹൃദയങ്ങളിൽ തട്ടി പ്രതിഫലിക്കേണ്ട സമയം വളരെ വൈകിയിരിക്കുന്നു.

കായിക രംഗത്തെ പ്രവർത്തനങ്ങളും പൊതുവെ നിർജ്ജീവമാണ്. വളർന്നുവരുന്ന യുവതലമുറയ്ക്ക് മികച്ച കായിക പരിശീലനം നൽകുവാനുള്ള സംവിധാനം ഇല്ലെന്നുതന്നെ പറയാം. ഈ രംഗത്ത് അല്പമെങ്കിലും മുന്നോട്ടു പോകുവാൻ കഴിഞ്ഞിട്ടുള്ളത് വെണ്ണിക്കുളം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന 4-H സ്പോർട്ട്സ് ക്ലബ്ബിനാണ്. ഈ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഫുട്ബോൾ, വോളിബോൾ, ബാസ്കറ്റ്ബോൾ എന്നിവയിൽ കാര്യമായ പരിശീലനം നല്കി വരുന്നുണ്ട്. പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും സ്പോർട്ട്സ് ക്ലബ്ബുകൾ ഉണ്ടെങ്കിലും അവയുടെ പ്രവർത്തനങ്ങൾ പൊതുവെ നിരാശാജനകമാണ്. നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ഒരു ജിംനേഷ്യം അടുത്ത കാലത്തായി പ്രവർത്തന രഹിതമാണ്.

കലാരംഗത്ത് എടുത്തു പറയത്തക്ക നേട്ടങ്ങളൊന്നും കൈവരിക്കുവാൻ ഈ പഞ്ചായത്തിനു കഴിഞ്ഞിട്ടില്ല. നാടക കലാസമിതികളും, നൃത്താലയങ്ങളും ഒരു കാലത്ത് ജനശ്രദ്ധ പിടിച്ചു പറ്റിയിരുന്നെങ്കിലും ഇന്നവയെല്ലാം മൃതപ്രായത്തിലായിരിക്കുന്നു. നാടൻ കലാരൂപങ്ങളുടെ കാര്യവും വ്യത്യസ്തമല്ല. മൺമറഞ്ഞുകൊണ്ടിരിക്കുന്ന കേരളീയ കലാരൂപങ്ങൾക്ക് പുനരുജ്ജീവനം നൽകാൻ അടിയന്തിര ശ്രദ്ധ അനിവാര്യമായിരിക്കുന്നു.

വൈ.എം.സി.എ., വൈസ്മെൻസ് ക്ലബ്ബ്, ജേസീസ്, എസ്.ഇ.ഡി.എസ്. തുടങ്ങിയ സാമൂഹ്യ സന്നദ്ധ സംഘടനകൾ പഞ്ചായത്തിൽ കാര്യക്ഷമമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നുണ്ട്.

ഔപചാരിക വിദ്യാഭ്യാസ മേഖലയിൽ കരുത്തുറ്റ സംഭാവന നൽകാൻ ഈ പഞ്ചായത്തിന് കഴിയുന്നുണ്ട്. മല്ലപ്പള്ളി താലൂക്കിലെ ഏക സർക്കാർ സാങ്കേതിക സ്ഥാപനമായ വെണ്ണിക്കുളം ഗവ:പോളിടെക്നിക്, സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ ഒരു മികച്ച നേട്ടമാണ്. ഒരു വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാലയം ഉൾപ്പെടെ രണ്ടു ഹൈസ്കൂളുകൾ, മൂന്നു യു.പി. സ്കൂളുകൾ, നാല് എൽ.പി. സ്കൂളുകൾ, നാല് പ്രീ-പ്രൈമറി വിദ്യാലയങ്ങൾ എന്നിവയാണ് പഞ്ചായത്തിലെ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ.

സാംസ്കാരിക കേരളത്തിന് മറക്കാനാവാത്ത സംഭാവനകൾ നൽകിയ മഹാത്മാക്കൾ ഈ പഞ്ചായത്തിന്റെ സന്താനങ്ങളായുണ്ട്. ആ കൂട്ടത്തിൽ എന്തുകൊണ്ടും അഗ്രഗണ്യനാണ് മലയാളികളുടെ മഹാകവിയായ ശ്രീ. വെണ്ണിക്കുളം ഗോപാലക്കുറുപ്പ്. മലയാള പദ്യ സാഹിത്യത്തിന് അമൂല്യമായ പോഷണം നൽകിയ മഹാകവി ഈ നാടിന്റെ അഭിമാന സ്തംഭമാണ്. അദ്ദേഹത്തിന്റെ പ്രസിദ്ധ പദ്യകൃതിയായ 'മാണിക്യവീണ'ക്ക് 1967-ലെ കേരള സാഹിത്യ അക്കാഡമി അവാർഡും, 'കദളീ വന'മെന്ന സാഹിത്യ കൃതിക്ക് കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരവും ലഭിച്ചിട്ടുണ്ട്.

'മലയാള കവിതാ സാഹിത്യ ചരിത്രം' എന്ന നിരൂപണ ഗ്രന്ഥത്തിൽ ഡോ:എം.ലീലാവതി ശ്രീ.വെണ്ണിക്കുളത്തെപ്പറ്റി ഇങ്ങനെ പരാമർശിക്കുന്നു. ''പ്രിയങ്കരങ്ങളായ ജീവിത ഭാവങ്ങളിൽ അഭിരമിക്കുന്ന മനോവിധാനവും അക്ലിഷ്ട നിബന്ധനത്തിൽ അസാമാന്യമായ സാമർത്ഥ്യവുമുള്ള അദ്ദേഹത്തിന്റെ കാവ്യങ്ങൾ അടിത്തട്ടുവരെ തെളിഞ്ഞു കാണാവുന്ന ആഴം കുറഞ്ഞ തെളിനീർ കുളങ്ങളുടെ പ്രതീതിയാണ് ജനിപ്പിക്കുന്നത്.'' 'വെൺ നീർക്കുളം' ലോപിച്ചാണ് 'വെണ്ണിക്കുളം' ഉണ്ടായതെങ്കിൽ മഹാകവി വെണ്ണിക്കുളത്തെപ്പറ്റി പ്രൊഫ: എം. ലീലാവതിയുടെ പരാമർശം എത്രമാത്രം അന്വർത്ഥമായിരിക്കുന്നു.

മാതൃഭൂമിയോടുള്ള ഭക്തി പ്രകടമാക്കുന്ന അദ്ദേഹത്തിന്റെ ചില വരികൾ ഹൃദയ തന്ത്രികളെ തരിപ്പിക്കുന്നതും ദേശപ്രേമത്തെ ജ്വലിപ്പിക്കുന്നതുമാണ്!

''വിളിക്കേണ്ട വിളിക്കേണ്ട വിണിലേക്കില ഞാൻ സഖേ
മഹിയാണെന്റെ പെറ്റമ്മ മറ്റെങ്ങും ബന്ധമിലമ്മേ''

എന്ന വരികൾ ആരുടെ ഹൃദയവികാരങ്ങളെയാണ് വിജൃംദിപ്പിക്കാതിരിക്കുക!

മലയാള സാഹിത്യ നഭസ്സിൽ ജ്വലിച്ചു നിൽക്കുന്ന പ്രൊഫ:ഹരീന്ദ്രനാഥക്കുറുപ്പ്, പ്രൊഫ:ടോണി മാത്യു തുടങ്ങിയവരും സാഹിത്യ ലോകത്തിന് ഈ പഞ്ചായത്ത് നല്കിയ വിലപ്പെട്ട സംഭാവനകളാണ്.

ജാതി-മത-വർണ്ണ-വർഗ്ഗ വ്യത്യാസങ്ങൾക്കതീതമായി തികഞ്ഞ സൗഹാർദ്ദത്തോടെ ജീവിക്കുന്ന ഒരു ജനതതിയാണ് ഈ നാടിന്റെ ഏറ്റവും വലിയ സമ്പാദ്യം. ഹൈന്ദവ-ക്രൈസ്തവ-മുസ്ലീം സമുദായാംഗങ്ങൾ ഏകോദര സഹോദരങ്ങളേപ്പോലെ വർത്തിക്കുന്നത് അനുപമമായ ഒരു അനുഭവമാണ്. നാല് ഹൈന്ദവ ക്ഷേത്രങ്ങളും 16 ക്രൈസ്തവ ദേവാലയങ്ങളും ഒരു മുസ്ലീം പള്ളിയും ഈ പഞ്ചായത്തിൽ ഉണ്ട്. എൻ.എസ്.എസ്, എസ്.എൻ.ഡി.പി, പി.ആർ.ഡി.എസ്, കെ.പി.എം.എസ്, വിശ്വകർമ്മ മഹാസഭ, സാംബവ മഹാസഭ, വേട്ടുവർ മഹാസഭ, അയ്യപ്പ സേവാസംഘം, വിളക്കിത്തല നായർ സമാജം തുടങ്ങിയ സാമുദായിക സംഘടനകളും ഇവിടെ സജീവമായി പ്രവർത്തിച്ചുവരുന്നു.

പഞ്ചായത്തിലെ ഏറ്റവും പ്രമുഖമായ ക്ഷേത്രമാണ് തൃക്കയിൽ ക്ഷേത്രം. ശിവരാത്രിയോടനുബന്ധിച്ചാണ് ഇവിടുത്തെ ഉത്സവം ആചരിക്കുക. തൃക്കയിൽ ക്ഷേത്രത്തിലെ 'കാവടിയാട്ടം' വളരെ പ്രസിദ്ധമാണ്.

1841-ൽ സ്ഥാപിതമായ സെന്റ് ബഹനാൻസ് ഓർത്തഡോക്സ് വലിയ പള്ളിയാണ് പഞ്ചായത്തിലെ ഏറ്റവും പഴക്കംചെന്ന ക്രൈസ്തവ ദേവാലയം.പഴമകൊണ്ട് തൊട്ടടുത്ത സ്ഥാനം 1845-ൽ സ്ഥാപിതമായ കവുങ്ങുംപ്രയാർ സെന്റ് തോമസ് മാർത്തോമ്മാ പള്ളിക്കാണ്.

അനുഗ്രഹീതരായ ആത്മീയ പിതാക്കളെ സഭയ്ക്കു സംഭാവന ചെയ്യാൻ ഈ പഞ്ചായത്തിനു ഭാഗ്യം സിദ്ധിച്ചിട്ടുണ്ട്. കാലംചെയ്ത ഏബ്രഹാം മാർത്തോമ്മാ മെത്രാ

പ്പോലീത്താ, മാർത്തോമ്മാ സഭയുടെ ഇപ്പോഴത്തെ സഫ്രഗൻ മെത്രാപ്പോലീത്താ റൈറ്റ് റവ:ഫീലിപ്പോസ് മാർ ക്രിസോസ്റ്റം തിരുമേനി, ഇവാൻജലിക്കൽ സഭയുടെ പ്രിസൈഡിംഗ് ബിഷപ്പായിരുന്ന കാലം ചെയ്ത റൈറ്റ് റവ:പി.എസ്.വർഗ്ഗീസ് തിരുമേനി എന്നിവർ ഈ പട്ടികയിൽപെടുന്നു.

ദേശീയ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിന് മുന്നണി പ്പോരാളികളായി ചിലരെയെങ്കിലും സംഭാവന ചെയ്യാൻ ഈ ഗ്രാമത്തിനു കഴിഞ്ഞിട്ടുണ്ട്. സ്വാതന്ത്ര്യ സമരത്തിൽ ആവേശപൂർവ്വം പങ്കെടുത്ത് ജയിൽശിക്ഷ അനുഭവിക്കേണ്ടിവന്ന അടങ്ങപ്പുറത്ത് ശ്രീ.എ.ജി.ജോർജ്ജ് പണിക്കർ, മുൻ എം.എൽ.എ. ശ്രീ.എം.എം.മത്തായി എന്നിവർ സ്മരണീയരാണ്. ഇരുവർക്കും താമ്രപത്രം നല്കി രാഷ്ട്രം അവരെ ആദരിക്കുകയുണ്ടായി.

മുൻ കേന്ദ്ര മന്ത്രിയും ഇപ്പോൾ ലോകസഭാംഗവുമായ പ്രൊഫ:പി.ജെ.കുര്യൻ ഈ പഞ്ചായത്തിന്റെ അംഗമാണെന്നുള്ളത് അഭിമാനപൂർവ്വം അനുസ്മരിക്കുന്നു.

ഈ നാടിന്റെ സാംസ്കാരിക ചരിത്രം അനാവരണം ചെയ്യുമ്പോൾ എടുത്തു പറയത്തക്ക ഒരു സംഭവംകൂടി അനുസ്മരിക്കേണ്ടിയിരിക്കുന്നു. 1965-ൽ കവുങ്ങുംപ്രയാർ മാർത്തോമ്മാ പള്ളിക്കു സമീപം കണ്ടെത്തിയ ഗുഹാപുരാവസ്തു ഗവേഷകർ നടത്തിയ കൂടുതൽ അന്വേഷണത്തിൽ ഈ പ്രദേശത്തിന് സുദീർഘമായ ഒരു ചരിത്ര പാരമ്പര്യം അവകാശപ്പെടാമെന്നതിന്റെ സൂചനയായി. വാള്, പരിച, ചുറ്റിക തുടങ്ങിയ പൗരാണിക യുദ്ധോപകരണങ്ങൾ അവിടെനിന്നും കണ്ടെടുക്കുകയുണ്ടായി. എന്നാൽ കൂടുതൽ ഗവേഷണങ്ങൾ നടത്താൻ പുരാവസ്തു വകുപ്പ് വിമുഖത കാട്ടുകയാണുണ്ടായത്. ഇതു സംബന്ധിച്ച് ഫലപ്രദമായ കൂടുതൽ അന്വേഷണങ്ങൾ അനിവാര്യമാണ്.

ടൂറിസ്റ്റുകളെ ഹഠാദാകർഷിക്കുവാൻ സാദ്ധ്യമായ പ്രകൃതി മനോഹരമായ പല പ്രദേശങ്ങളും ഈ പഞ്ചായത്തിലുണ്ട്. പഞ്ചായത്ത് അഞ്ചാം വാർഡിലെ ചേറ്റുതടം, കരിങ്കുറ്റിമല എന്നീ പ്രദേശങ്ങൾ ഉദാഹരണമാണ്.

നിർദ്ദേശങ്ങൾ

1. നിലവിലുള്ള ഗ്രന്ഥശാലകൾ നവീകരിക്കുകയും പുതിയ ഗ്രന്ഥശാലകൾ ആരംഭിക്കുകയും ചെയ്യുക.
2. ഒരു പബ്ലിക്ക് സ്റ്റേഡിയവും ഒരു സാംസ്കാരിക നിലയവും ഒരു കമ്മ്യൂണിറ്റി ഹാളും നിർമ്മിക്കുക.
3. കലാ-കായിക രംഗത്തെ പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.
4. പഞ്ചായത്ത് സമിതിയുടെ ആഭിമുഖ്യത്തിൽ കലാ-കായിക മേളകൾ സംഘടിപ്പിക്കുക.
5. കവുങ്ങും പ്രയാറിൽ കണ്ടെത്തിയ ഗുഹാവശിഷ്ടങ്ങളെപ്പറ്റി കൂടുതൽ ഗവേഷണം നടത്തുക.
6. പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ ടി.വി. സെറ്റ് സ്ഥാപിക്കുക.
7. കരിങ്കുറ്റിമല, ചേറ്റുതടം എന്നീ പ്രദേശങ്ങളെ ടൂറിസം കേന്ദ്രങ്ങളായി വികസിപ്പിക്കുക.
8. മഹാകവി വെണ്ണിക്കുളത്തിന്റെ സ്മരണ നിലനിർത്തത്തക്കവിധം കവിയരങ്ങ്, അനുസ്മരണാ പ്രസംഗങ്ങൾ എന്നിവ സംഘടിപ്പിക്കുക.
9. ഏറ്റവും മികച്ച മലയാള കവിതയ്ക്ക് ഓരോ വർഷവും 'വെണ്ണിക്കുളം അവാർഡ്' ഏർപ്പെടുത്തുക.
10. മഹാകവിയുടെ ഒരു പൂർണ്ണകായ പ്രതിമ വെണ്ണിക്കുളം ജംഗ്ഷനിൽ സ്ഥാപിക്കുക.

4-9

വനിത

ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിക്കു മുൻപ് ഈ പഞ്ചായത്തിലെ സ്ത്രീയുടെ ജീവിതാവസ്ഥ പുരുഷനേക്കാൾ പിന്നോക്കമായിരുന്നു. വിദ്യാഭ്യാസ മേഖലയിൽ അവരുടെ സാന്നിധ്യം പരിമിതമായിരുന്നു. കുടുംബത്തിൽ ഒതുങ്ങിക്കഴിയുന്ന അവസ്ഥയാണുണ്ടായിരുന്നത്. മരുമക്കത്തായ സമ്പ്രദായവും മക്കത്തായ സമ്പ്രദായങ്ങളും മതനിഷ്ഠാനുസരണം ദൃശ്യമായിരുന്നു. പട്ടിക ജാതിയിലേയും പിന്നോക്ക വിഭാഗത്തിലേയും സ്ത്രീകളുടെ ജീവിതാവസ്ഥ മുന്നോക്കക്കാരേക്കാൾ വളരെ പരിതാപകരമായിരുന്നു. അയിത്തം, തീണ്ടൽ തുടങ്ങിയ ആചാരങ്ങൾ നിലനിന്നിരുന്നു. എങ്കിൽപോലും കുടുംബത്തിൽ സ്ത്രീകൾക്കു പൊതുവേ അഭിപ്രായ സ്വാതന്ത്ര്യവും അംഗീകാരവും നൽകാൻ മടിച്ചിരുന്നില്ല.

സ്ത്രീ സ്വാതന്ത്ര്യം ഒരു പരിധിവരെ നിയന്ത്രിക്കപ്പെട്ടതുകൊണ്ട് സാമൂഹിക പ്രവർത്തന മേഖലയിലും വിദ്യാഭ്യാസ രംഗത്തും അവർക്കുള്ള സ്വാതന്ത്ര്യം വളരെ പരിമിതമായിരുന്നു. തൊഴിൽരംഗത്ത് വളരെ ചുരുക്കം ചില സ്ത്രീകൾ മാത്രമേ കടന്നു വന്നുള്ളൂ. കുടി പള്ളിക്കൂടത്തിൽ കൂടി ആശാന്മാരുടേയും ആശാട്ടിമാരുടെയും ശിക്ഷണത്തിൽ എഴുത്തും വായനയും അഭ്യസിക്കുക എന്നുള്ള പ്രാഥമിക വിദ്യാഭ്യാസം മാത്രമേ സ്ത്രീകൾക്കു ലഭിച്ചിരുന്നുള്ളൂ. വീടു വിട്ടിറങ്ങുന്നതിനോ പൊതു പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനോ അന്യരുമായി സംസാരിക്കുന്നതിനോ സ്ത്രീകൾക്കു സ്വാതന്ത്ര്യം ഇല്ലായിരുന്നു. പ്രത്യേകിച്ച് ഹൈന്ദവ മുസ്ലീം കുടുംബങ്ങളിൽ ഇതു വളരെ പ്രകടമായിരുന്നു.

ഇന്ന് ഇതിനെല്ലാം ഒരു മാറ്റം വന്നിരിക്കുന്നു. വിദ്യാഭ്യാസ-സാമൂഹിക-സാംസ്കാരിക തൊഴിൽ രംഗങ്ങളിൽ സ്ത്രീകൾ ധാരാളമായി കടന്നു വരുന്നുണ്ട്. ഈ പഞ്ചായത്തിലെ ജനസംഖ്യയിൽ പുരുഷന്മാരേക്കാളധികവും സ്ത്രീകളാണ്. വിദ്യാഭ്യാസരംഗത്തും തൊഴിൽരംഗത്തും ഇന്ന് സ്ത്രീകൾ പുരുഷന്മാരെ അധികരിച്ചിരിക്കുകയാണ്. ഈ മാറ്റത്തിന്റെ ഫലമായി സ്ത്രീകൾ നേതൃത്വം കൊടുക്കുന്ന സാമൂഹിക സംഘടനകളും മഹിളാ സമാജങ്ങളും ഈ പ്രദേശത്തിന്റെ മിക്ക ഭാഗങ്ങളിലും പ്രവർത്തിച്ചുവരുന്നു. ദേശാഭിമാനി, മഹിളാ സമാജം, മുണ്ടമല മഹിളാ സമാജം, പടുതോട് പ്രിയദർശിനി മഹിളാ സമാജം, ഗ്രാമസേവിനി മഹിളാ സമാജം എന്നിവ ഇതിനു ദാഹരണങ്ങളാണ്. ഈ മഹിളാ സമാജങ്ങൾ തന്നെ സ്വയം തൊഴിൽ കണ്ടെത്തുന്ന കേന്ദ്രങ്ങളായും പ്രവർത്തിച്ചുവരുന്നു. ഒന്നാം വാർഡിൽ തഴപായ് യൂണിറ്റ്, അഞ്ചാം വാർഡിൽ തയ്യൽ യൂണിറ്റ്, എട്ടാം വാർഡിൽ ഡയറി യൂണിറ്റ്, എന്നിവയുണ്ട്.

സ്ത്രീകൾക്ക് കലാ കായിക രംഗത്ത് വേണ്ടത്ര വളർച്ച ഉണ്ടായിട്ടില്ല. അതിനു കാരണം അതിനാവശ്യമായ പ്രോത്സാഹനവും വേദിയും ലഭിച്ചിരുന്നില്ല എന്നതാണ്. ഇന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും നടത്തുന്ന കലാകായിക വേദികളിൽ സ്വതസിദ്ധവും നൈസർഗ്ഗികവുമായ വാസനകൾ പ്രകടമാക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും സ്ത്രീകൾ കടന്നു വരുന്നുണ്ട്. ശാസ്ത്രീയമായ ശിക്ഷണത്വവും പരിശീലനവും ലഭിക്കുമെങ്കിൽ കൂടുതൽ ഉയർന്ന മാനങ്ങൾ കണ്ടെത്തുവാൻ കഴിവുള്ള സ്ത്രീകൾ നമ്മുടെ ഇടയിലുണ്ട്.

ആധുനിക മലയാള സാഹിത്യത്തിലെ അനുപമമായ രചനകളിലൂടെ, മലയാളികളുടെ പ്രിയങ്കരിയായ ചുരുളുകുഴിയിൽ ബീനാ ജോർജ്ജ് ഈ ഗ്രാമത്തിന്റെ അഭി

മാനമാണ്. 1992-ലെ പൂർണ്ണിമാ പബ്ലിക്കേഷൻസ് അവാർഡു നേടിയ യുവസാഹിത്യകാരി, ഇപ്പോൾ ബാലസാഹിത്യ ഇൻസ്റ്റിട്യൂട്ടിൽ സബ് എഡിറ്ററായി സേവനമനുഷ്ടിക്കുന്നു.

സ്കൂളുകളിൽകൂടി പ്രാഥമിക വിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്ത സ്ത്രീകളും ഈ പ്രദേശത്തുണ്ട്. എന്നാൽ അവരുടെ എണ്ണം വളരെ പരിമിതമാണ്. ദേശീയ തലത്തിൽ നടപ്പാക്കിയ സാക്ഷരത പ്രവർത്തനത്തിലൂടെ ഇവർക്കും സാമാന്യ വിദ്യാഭ്യാസം ലഭിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിൽ മൊത്തം 8435 വനിതകളുണ്ട്. അവരെ സംബന്ധിക്കുന്ന ചില സ്ഥിതിവിരക്കണക്കുകൾ താഴെ ചേർക്കുന്നു.

A. വിദ്യാഭ്യാസം

Sl.No	വിദ്യാഭ്യാസ നിലവാരം	ശതമാനം	എണ്ണം
1	ഉന്നത വിദ്യാഭ്യാസം	15%	1265
2	S.S.L.C. യ്ക്കു മുകളിൽ	45%	3796
3	S.S.L.C. യ്ക്കു താഴെ	35%	2952
4	പ്രാഥമിക വിദ്യാഭ്യാസ	5%	422

B. തൊഴിൽ

Sl.No	തൊഴിൽ നിലവാരം	ശതമാനം	എണ്ണം
1	വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനത്തിൽ ജോലി ലഭിച്ചവർ	15%	1265
2	സ്വയം തൊഴിൽ	10%	844
3	തൊഴിലാളികൾ	35%	2952
4	ജോലി ഇല്ലാത്തവർ	40%	3374

പ്രശ്നങ്ങൾ

1. നേതൃ രംഗത്ത് വനിതകളുടെ പങ്കാളിത്തം കുറവാണ്.
2. വനിതാ വ്യവസായ യൂണിറ്റുകൾ നിലവിലില്ല.
3. പഞ്ചായത്തിൽ മഹിളാ സമാജങ്ങൾ വ്യാപകമായിട്ടില്ല.
4. വിവിധ രൂപത്തിലുള്ള സ്ത്രീ പീഡനവും അവഗണനയും നിലനില്ക്കുന്നുണ്ട്.
5. സാമ്പത്തിക ഞെരുക്കം സ്വയം തൊഴിൽ ആരംഭിക്കുന്നതിന് എതിരായി തടസ്സമാണ്.
6. തുല്യ ജോലിക്ക് തുല്യ വേതനം ലഭിക്കുന്നില്ല.
7. സാമൂഹിക സേവന രംഗത്ത് സ്ത്രീകളെ കൂടുതലായി സഞ്ജരാക്കുന്നില്ല.
8. ദുർബല വിഭാഗത്തിൽപ്പെട്ട തൊഴിലാളി കുടുംബങ്ങളുടെ ബോധവത്കരണത്തിനും മറ്റു പ്രവർത്തനങ്ങൾക്കും ഫാമിലി കൗൺസിലിംഗ് സെന്ററും മറ്റു ബോധവത്കരണ സംഘടനകളും നിലവിലില്ല.

നിർദ്ദേശങ്ങൾ

1. തൊഴിൽ പരിശീലനക്കളരികൾ സംഘടിപ്പിക്കുക.
2. പ്രാദേശിക ആവശ്യത്തിന് അനുസൃതമായ ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.

   ഉദാ: റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, മെഴുകുതിരി നിർമ്മാണം, കറിപൗഡറുകൾ, അച്ചാറുകൾ ഇവയുടെ നിർമ്മാണം, കോഴി, താറാവ് വളർത്തൽ, പശു, ആട്, പന്നി, മുയൽ ഇവയെ വളർത്തൽ.
3. നേതൃത്വ പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുക.
4. വനിതകളിൽ സമ്പാദ്യശീലം വളർത്താൻ ഉതകുന്ന നിക്ഷേപ പദ്ധതികൾ ആവിഷ്കരിക്കുക.
5. വാർഡ് അടിസ്ഥാനത്തിൽ വനിതകളുടെ പങ്കാളിത്തത്തോടെ ഗ്രന്ഥശാലകൾ നിർമ്മിക്കുക.
6. പരമ്പരാഗത കൈത്തൊഴിലുകൾ പ്രോത്സാഹിപ്പിക്കുക.
7. വിവിധ തൊഴിൽ മേഖലകളിൽ പണിയെടുക്കുന്ന സ്ത്രീകളുടെ കുട്ടികളെ സംരക്ഷിക്കുന്നതിന് ഡേകെയർ സെന്ററും പോഷകാഹാര വിതരണത്തിനുള്ള ക്രെഷുകളും സ്ഥാപിക്കുക.
8. പുറമറ്റം കേന്ദ്രീകരിച്ച് ഒരു വൃദ്ധസദനം സ്ഥാപിക്കുക.
9. എപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖാന്തിരവും പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരവും നടപ്പാക്കുന്ന നിയമനങ്ങളിൽ 50% വനിതകൾക്കായി നീക്കി വയ്ക്കുക.
10. അടുക്കളത്തോട്ടങ്ങളിൽ പച്ചക്കറി ഉല്പാദിപ്പിക്കാൻ എല്ലാ വീടുകൾക്കും പഞ്ചായത്തു തലത്തിൽ പ്രോത്സാഹനം നല്കുക.
11. ഫാമിലി കൗൺസിലിംഗ് സെന്ററും ബോധവത്കരണ പഞ്ചായത്തു സംഘടനകളും രൂപീകരിക്കുക.

4-10

സഹകരണം

കേരളത്തിൽ സഹകരണ രംഗത്ത് ഉണ്ടായ മുന്നേറ്റം പുറമറ്റം പഞ്ചായത്തിലും ചലനങ്ങൾ സൃഷ്ടിച്ചു. കാർഷിക-വായ്പ സഹകരണ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് സഹകരണ രംഗത്ത് സാധാരണ ജനങ്ങളുടെ പങ്കാളിത്തം സജീവമായത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ചെറുകിട കർഷകർക്ക് താങ്ങായി നിൽക്കുവാൻ സഹകരണ സംഘങ്ങൾക്ക് കഴിഞ്ഞിരുന്നു. 19...ൽ പുറമറ്റത്ത് ആരംഭിച്ച 291-ാം നമ്പർ പരസ്പര സഹായ സഹകരണ സംഘം തിരുവിതാംകൂറിലെ ആദ്യകാല സഹകരണ സംഘങ്ങളിൽ ഒന്നാണ്. പിൽക്കാലത്ത് ഇതിന്റെ ആസ്ഥാനം വെണ്ണിക്കുളത്തേക്കു മാറ്റി. ഇപ്പോൾ വെണ്ണിക്കുളം സർവ്വീസ് സഹകരണസംഘം എന്നറിയപ്പെടുന്നു. ആദ്യകാലങ്ങളിൽ ഈ സംഘത്തിന് സ്വകാര്യ പണമിടപാടുകാരുടെ ചൂഷണത്തിൽനിന്നും സാധാരണ ജനങ്ങളേയും, കർഷകരേയും സംരക്ഷിക്കുവാനും, പരസ്പര സഹായത്തിലൂടെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുവാൻ കഴിഞ്ഞിരുന്നുവെങ്കിലും പിൽക്കാലത്ത് ഈ സംഘത്തിന്റെ പ്രവർത്തനം നിർജ്ജീവമായി.

സഹകരണ രംഗത്ത് 6 സംഘങ്ങൾ പ്രവർത്തിക്കുന്നു.

1. വെണ്ണിക്കുളം സർവ്വീസ് സഹകരണ സംഘം.
2. പുറമറ്റം ക്ഷീരോല്പാദന സഹകരണ സംഘം.
3. മേമല ക്ഷീരോല്പാദന സഹകരണ സംഘം.
4. വാലാങ്കര ക്ഷീരോല്പാദന സഹകരണ സംഘം.
5. വെണ്ണിക്കുളം സെന്റ് ബഹനാൻസ് ഹൈസ്കൂൾ സഹകരണ സംഘം.
6. പുറമറ്റം ഗവ:ഹൈസ്കൂൾ സഹകരണ സംഘം.

ഇവ കൂടാതെ പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക്, തിരുവല്ല ഈസ്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, തിരുവല്ല കാർഷിക വികസന ബാങ്ക്, ചുങ്കപ്പാറ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി എന്നിവയുടെ പ്രവർത്തന മേഖലയിൽ ഈ പഞ്ചായത്ത് പ്രദേശങ്ങളും ഉൾപ്പെടുന്നു. ജില്ലാ സഹകരണ ബാങ്ക്, തിരുവല്ല ഈസ്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് എന്നിവയുടെ ശാഖകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട അർബൽ ബാങ്ക് ആയ തിരുവല്ല ഈസ്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ സ്ഥാപക പ്രസിഡന്റ് പഞ്ചായത്തിന്റെ മുൻ പ്രസിഡന്റായിരുന്ന കൂടത്തും മുറിയിൽ പരേതനായ ശ്രീ.കെ.വി.വർഗ്ഗീസ് ആയിരുന്നു.

വെണ്ണിക്കുളം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഒരു കാർഷിക വായ്പ സഹകരണസംഘം മാത്രമാണ് ഈ പഞ്ചായത്തിലുള്ളത്. എല്ലാ വാർഡുകളും പ്രവർത്തന പരിധിയുള്ള സംഘത്തിന്, കർഷകർക്കും, ഇടത്തരക്കാർക്കും കാലാകാലങ്ങളിൽ കൃഷിയിറിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിനോ വിത്ത്, വളം, കീടനാശിനി എന്നിവ വിതരണം ചെയ്യുന്നതിനോ, കാർഷിക വിഭവങ്ങൾ ലാഭകരമായി വിറ്റഴിക്കുന്നതിന് വിപണികൾ കണ്ടെത്തി കർഷകരെ സഹായിക്കുന്നതിനോ കഴിഞ്ഞിട്ടില്ല.

2000 അംഗങ്ങളും 20000 ഓഹരി മൂലധനമുള്ള ഈ സൊസൈറ്റി 1.5 ലക്ഷം രൂപാ കാർഷിക വായ്പയായും 6 ലക്ഷം കാർഷികേതര വായ്പയായും നൽകിയിട്ടുണ്ട്. വായ്പകൾ യഥാസമയം തിരിച്ചടയ്ക്കാൻ ഉണ്ടാകുന്ന കാലതാമസം സംഘത്തിന്റെ പ്രവർത്തനത്തെ

പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സ്ഥിര നിക്ഷേപങ്ങളോ, ഹ്യസ്വകാല നിക്ഷേപങ്ങളോ ലഭിക്കാത്തതും നിർഇജ്ജീവാവസ്ഥയുടെ കാരണങ്ങളിൽ ഒന്നാണ്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സംഘത്തിന് വളംഡിപ്പോ, മറ്റ് അനുബന്ധ ബിസിനസ്സുകൾ എന്നിവ നടത്തുന്നതിന് ആവശ്യമായ കെട്ടിടം കിട്ടാത്ത സാഹചര്യം നിലവിലുണ്ട്.

മൂന്നു ക്ഷീരോല്പാദക സഹകരണ സംഘം പ്രവർത്തിക്കുന്നു. പുറമറ്റം ക്ഷീരോല്പാദക സഹകരണ സംഘത്തിൽ 275 അംഗങ്ങളുണ്ട്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സംഘം സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിന് പരിശ്രമിക്കുന്നുണ്ട്. മേമല ക്ഷീരോല്പാദക സഹകരണ സംഘത്തിൽ . . . . അംഗങ്ങളുണ്ട്. വാടക കെട്ടിടത്തിലാണ് ഈ സംഘം പ്രവർത്തിക്കുന്നത്. വാലാങ്കര ക്ഷീരോല്പാദക സഹകരണ സംഘത്തിൽ . . അംഗങ്ങളുണ്ട്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്.

പാൽ ഉല്പാദനത്തിന്റെ അളവ് (1 ദിവസം)			
	രാവിലെ	ഉച്ചയ്ക്ക്	ആകെ
പുറമറ്റം ക്ഷീരോല്പാദന സഹകരണ സംഘം.	175	75	250
മേമല ക്ഷീരോല്പാദന സഹകരണ സംഘം.	280	90	370
വാലാങ്കര ക്ഷീരോല്പാദന സഹകരണ സംഘം.	100	30	130

വെണ്ണിക്കുളം സെന്റ് ബഹനാൻ ഹൈസ്കൂളിലും, പുറമറ്റം ഗവ:ഹൈസ്കൂളിലും സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്തി വരുന്നു. പാഠപുസ്തകങ്ങൾ, നോട്ടുബുക്കുകൾ മുതലായവ ഈ സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്നു. അദ്ധ്യാപകർക്കും മറ്റു ജീവനക്കാർക്കുംവേണ്ടി ഈ സംഘങ്ങൾ ചിട്ടികൾ നടത്തിവരുന്നു.

വിദ്യാർത്ഥികളിൽ സമ്പാദ്യശീലം വളർത്തുന്നതിനു വേണ്ടി ഇത്തരം സംഘങ്ങൾ നടത്തുന്ന പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നത് നല്ലതാണ്.

നിർദ്ദേശങ്ങൾ സാദ്ധ്യതകൾ

1. വെണ്ണിക്കുളം കാർഷിക സഹകരണ സംഘത്തിന്റെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിന് കഴിയണം. കർഷകർക്ക് സബ്സിഡി നിരക്കിൽ കൃഷി ഭവനിൽ നിന്നും ലഭിക്കുന്ന വളവും, വിത്തും കീടനാശിനിയും വിതരണം ചെയ്യുന്നതിന് സംഘത്തിന് കഴിയണം. സ്ഥിര നിക്ഷേപങ്ങളും, ഹ്യസ്വകാല നിക്ഷേപങ്ങളും ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകണം. വായ്പകൾ യഥാസമയം തിരിച്ചടയ്ക്കുവാൻ വായ്പ എടുത്തിട്ടുള്ളവർ താല്പര്യം കാണിക്കണം.
2. പഞ്ചായത്തിലെ 1,2.3 വാർഡുകൾ പ്രവർത്തന പരിധിയാക്കി ഒരു വായ്പാ സഹകരണസംഘം കൂടിരജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്തുവാനുള്ള സാധ്യത വളരെയാണ്. പുറമറ്റം കേന്ദ്രമാക്കി പ്രവർത്തിക്കുന്നത് നല്ലതാണ്.
3. പുറമറ്റം പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തനം ഇല്ലാത്ത വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് കഴിയണം. അത്തരം സംഘങ്ങൾക്ക് വലിയ വിജയ സാധ്യത ഉണ്ട്. അവ താഴെ പറയുന്നു.
    1. കൺസ്യൂമർ സൊസൈറ്റി.
    2. ഹരിജൻ സഹകരണ സംഘം.
    3. വ്യവസായ സഹകരണ സംഘം.
    4. ഫാർമേഴ്സ് സഹകരണ സംഘം.
    5. കോഴി വളർത്തൽ സഹകരണ സംഘം.
    6. ചുങ്കപ്പാറ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ ശാഖ.
    7. തിരുവല്ല ഈസ്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് (പുറമറ്റത്ത് ശാഖ)

ഈ പഞ്ചായത്തിൽ ദേശാസാൽകൃത-ഷെഡ്യൂൾഡ് ബാങ്കുകളുടെ എണ്ണം വളരെ കുറവാണ്. ഇത്തരത്തിലുള്ള 3 ബാങ്കുകൾ മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. P.M.R.Y., I.R.D.P. മുതലായ സർക്കാർ വായ്പാ പദ്ധതികളിലും മറ്റ് തൊഴിൽ സംരഭത്തിന് വായ്പ ലഭിക്കുന്നതിനും ബുദ്ധിമുട്ടുണ്ട്. കൂടുതൽ ബാങ്കുകൾ ഇവിടെ സ്ഥാപിക്കുന്നത് ജനങ്ങൾക്ക് പ്രയോജനകരമായിരിക്കും.

നിലവിലുള്ള ബാങ്കുകൾ

ഫെഡറൽ ബാങ്ക് - പുറമറ്റം

സൗത്ത് ഇൻഡ്യൻ ബാങ്ക് - വെണ്ണിക്കുളം

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ - വെണ്ണിക്കുളം ■

4-11

പട്ടികജാതി - പട്ടികവർഗ്ഗം

ചാതുർവർണ്യ വ്യവസ്ഥിതിയുടെ കാലഘട്ടത്തിൽ ഈ രാജ്യത്ത് നിലനിന്നിരുന്ന തീണ്ടൽ, തൊടീൽ തുടങ്ങിയ അയിത്താചാരം മൂലം സമൂഹത്തിലെ ഏറ്റവും അടിത്തട്ടിലേക്ക് വലിച്ചെറിയപ്പെട്ടവരാണ് പട്ടികജാതി/പട്ടികവർഗ്ഗം.

സാമൂഹ്യ നീതി ഇവർക്ക് നിക്ഷേധിക്കപ്പെട്ടിരുന്ന കാലഘട്ടത്തിൽ സാമൂഹ്യ നീതി ലഭിക്കുന്നതിനുവേണ്ടി തൊഴിലാളി വർഗ്ഗ പ്രസ്ഥാനങ്ങൾ സാമൂഹിക പരിഷ്കരണ സംഘടനകൾ, മറ്റ് സാമുദായിക പ്രവർത്തനങ്ങൾ വിദ്യാഭ്യാസ രംഗത്തുകൂടി വന്ന മാറ്റങ്ങൾ ഉണ്ടായിട്ടും ഈ വിഭാഗത്തിന് ഇപ്പോഴും സ്വയം പര്യാപ്തത നേടാൻ കഴിഞ്ഞിട്ടില്ല.

1994 സെൻസസ് പ്രകാരം ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യ **14308** . പട്ടികജാതി **2044**. പട്ടിക വർഗ്ഗം**16** നിവസിക്കുന്നു. പട്ടികജാതിയിൽപ്പെട്ട ജനങ്ങളുടെ ശതമാനം 14-24-ഉം പട്ടിക വർഗ്ഗം ശതമാനം 11-വും ഈ പഞ്ചായത്തിലെ എട്ടു വാർഡുകളിലുമായി താമസിച്ചു വരുന്നു.

പട്ടിക ജാതിയിൽ പല ജാതിയിൽപ്പെട്ടവരും ഈ പഞ്ചായത്തിൽ ഉൾപ്പെടുന്നു. (പുലയൻ, ചേരമർ-സാംബവർ, പതിയാൻ, വേലൻ എന്നിവരും പട്ടിക വർഗ്ഗത്തിൽ വേടർ ജാതിയിൽപ്പെട്ടവർ മാത്രവും ഇവർ. ഈ പഞ്ചായത്തിലെ ഒരു വാർഡിൽ മാത്രം ഒതുങ്ങിക്കഴിയുന്നു.

പട്ടിക ജാതിയിൽ നിന്നും മതപരിവർത്തനം ചെയ്യപ്പെട്ട ക്രിസ്ത്യാനികൾ വളരെ കൂടുതലായി ഈ പ്രദേശങ്ങളിലെ വാർഡുകളിൽ കോളനികളിലും ഒറ്റപ്പെട്ടുമായി താമസിക്കുന്നു. ഇവരുടെ പ്രധാന തൊഴിൽ കാർഷിക മേഖലകളിലെ കൂലിപ്പണിയും നിർമ്മാണ പ്രവർത്തനത്തിലും പരമ്പരാഗതമായ കുടിൽ തൊഴിൽ (പായ്, പരമ്പ്, കൊട്ട, മുറം, കരകൗശല സാധനങ്ങൾ ഉണ്ടാക്കുക) ഇവയിൽ നിന്നും ലഭിക്കുന്ന വരുമാനംകൊണ്ട് മാത്രം കുടുംബത്തെ സംരക്ഷിച്ചു കഴിയുന്നത്.

മൊത്തം ജനസംഖ്യ

വാർഡ്	ആകെ കുടുംബങ്ങൾ	കുടുംബം ST	ആകെ ജനസംഖ്യ	പുരുഷന്മാർ	സ്ത്രീകൾ	പട്ടികജാതി കുടുംബങ്ങൾ	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ
1	513	83	2231	1082	1189	374	183	191		
2	572	959	2355	1145	1212	265	130	135		
3	480	36	1913	928	985	162	80	82		
4	365	71	1733	849	884	319	157	162		
5	508	127	2183	1061	1122	572	280	292		
6	488	16	2073	958	1114	74	36	38		
7	388	64	1649	812	837	288	141	147	8	8
8	518	78	2201	1085	1116	355	175	180	16	

സമൂഹത്തിൽ പിന്നോക്കം നില്ക്കുന്ന പട്ടികജാതി പട്ടികവർഗ്ഗം പട്ടികജാതിയിൽ നിന്ന് പരിവർത്തനം ചെയ്ത ക്രിസ്ത്യാനി കുടുംബങ്ങളും അടങ്ങിയ കോളനി പ്രദേശങ്ങൾ എല്ലാ വാർഡിലും ഉണ്ട്. ഇരുപത്തിയഞ്ച് വർഷത്തിൽ കൂടുതൽ സ്ഥിരമായി താമസിക്കുന്ന ഇവർക്ക് സ്വന്തമായി പട്ടയം ഇല്ലാത്തതിനാൽ സർക്കാരിന്റെ വിവിധ മേഖലകളിൽ നിന്ന് ലഭിക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ ലഭിക്കാതെ ഇപ്പോഴും കുടിൽ കെട്ടിക്കഴിയുന്നവർ ധാരാളമുണ്ട്.

എല്ലാ വാർഡുകളിലും പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങൾ 14 -സെറ്റിൽമെന്റ് കോളനി 12 ഇതിൽ I-H-D-P കോളനി 3

വാർഡ്		വീട് നമ്പർ	ജനസംഖ്യ	പുരുഷൻ	സ്ത്രീകൾ	
1.	കണ്ണേറ്റിൽ ഭാഗം	83	374	183	191	I-H-D-P
2.	ഉമിക്കുന്ന്, വരിക്കാപ്പള്ളി	59	265	130	135	
3.	കരിംകുറ്റി (അംഗീകാരം ലഭിക്കാനുള്ളത്)	36	162	80	82	
4.	പുല്ലേലി	71	319	157	162	
5.	ചേറ്റുതടം, തോണിപ്പാറ അംബേദ്കർ കോളനി	127	572	280	292	I-H-D-P
6.	കൊച്ചുഴം	16	74	36	88	
7.	കല്ലുവാഹ, പിച്ചാത്തിക്കല്ല്, തോയാട്ടുമല	64	288	141	147	
8.	കാവുങ്കൽ കോളനി, പന്ത്രണ്ടുപറ	78	365	175	180	I-H-D-P

വിദ്യാഭ്യാസം

പൊതുവേ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. S.S.L.C. യ്ക്കു ശേഷം തുടർന്ന് പഠിക്കുന്നതിന് പല കുട്ടികളും താല്പര്യം കാണിക്കുന്നില്ല. രക്ഷിതാക്കൾ ഈ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. വളരെയേറെ കുടുംബ ബാധ്യത ഏറ്റെടുക്കേണ്ടി വരുന്നതിനാൽ പഠനം നിർത്തേണ്ടി വരുന്ന നിരവധി കുട്ടികൾ ഉണ്ട്. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് വിദ്യസമ്പന്നരായ ആളുകളെ ഉപയോഗപ്പെടുത്തി ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. യു.പി. യിലും S.S.L.C. യ്ക്ക് പരാജയപ്പെട്ടാൽ തുടർന്ന് പഠിക്കുന്നതിന് തയ്യാറാവുന്നില്ല. S.S.L.C. യ്ക്ക് ഉപരിയായി തുടർന്ന് പഠിക്കുന്നവരുടെ എണ്ണം വളരെ കുറവാണ്. ഇതിന് വളരെ മാറ്റം ഉണ്ടാവേണ്ടതാണ്.

തൊഴിൽ

പട്ടികജാതി കുടുംബത്തിൽ ഭൂരിപക്ഷവും കാർഷിക മേഖലയിൽ തൊഴിലെടുത്ത് ഉപജീവനം കഴിച്ചുവരുന്നവരാണ്. എന്നാൽ അടുത്ത കാലത്തായി കാർഷിക മേഖലയിൽ വന്ന തകർച്ച ഈ വിഭാഗത്തിന്റെ തൊഴിൽ നഷ്ടപ്പെടുത്തുകയും ജീവിക്കാനുള്ള തൊഴിലിനുവേണ്ടി മറ്റു മേഖലകളിലേക്ക് കടന്നു കൂടാൻ നിർബന്ധിതരാക്കുകയും ചെയ്തു. ഇതിൽ ഭൂരിഭാഗവും നിർമ്മാണ രംഗത്താണ് എത്തിച്ചേർന്നിട്ടുള്ളത്. ഈ മേഖലയിൽ സ്ത്രീക്ക് 80 രൂപയും പുരുഷന് 125 രൂപയും കൂലി ലഭിക്കുന്നുണ്ട്. തൃപ്തികരമായ കൂലി ലഭിക്കുന്നതിനാൽ പുതിയ തലമുറ പൂർണ്ണമായും കാർഷിക മേഖലയിൽ നിന്നും മാറി.

പാടങ്ങളിൽ മാത്രം പണി ചെയ്തു കൊണ്ടിരിക്കുന്ന നടീൽ, കളമാറ്റുക എന്നീ പ്രവൃത്തികൾക്ക് സ്ത്രീ തൊഴിലാ

ളികളെ ലഭിക്കുവാൻ വളരെ ബുദ്ധിമുട്ട് ഏറിവരുന്നു. ഈ ആവശ്യകത മനസ്സിലാക്കി കാർഷിക മേഖലയെ ഉണർത്തുന്നതിന് ഈ തൊഴിലിൽകൂടി ഉപജീവനം നടത്തുന്ന വിഭാഗത്തിന് തൊഴിൽ ഉറപ്പു വരുത്തുകയും പുതിയ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്യേണ്ടതാണ്.

പാർപ്പിടം

ഈ പഞ്ചായത്തിലെ പാർപ്പിട പ്രശ്നം ഒരു പരിധി വരെ മാത്രമേ പരിഹരിക്കപ്പെടാൻ കഴിഞ്ഞിട്ടുള്ളൂ. സർക്കാരിൽ നിന്ന് നടത്തിവരുന്ന പല ഏജൻസികൾ നടപ്പാക്കി വരുന്ന പദ്ധതികൾ ഇന്ന് മിക്ക ഹരിജൻ കോളനികളിലും പരിമിതമായ സൗകര്യങ്ങളാണെങ്കിലും കുടിലുകളിൽ നിന്ന് മോചനം നേടാൻ കഴിഞ്ഞിട്ടില്ല. എന്നാൽ പല കോളനികളിലും ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശത്തും വളരെയേറെ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്.

പല ഏജൻസികൾ നടപ്പാക്കി വരുന്ന ഭവന നിർമ്മാണ ബോർഡിൽനിന്ന് വായ്പയെടുത്ത് വലിയ കടക്കെണിയിൽ അകപ്പെട്ടു പോയിട്ടുണ്ട്. ഭൂമിയുടെ രേഖ ഓഫീസുകളിൽപെട്ടുപോയതിനാൽ മറ്റു ആനുകൂല്യങ്ങൾ സർക്കാരിൽനിന്ന് ലഭിക്കാതെ വരുന്നു

വീട് പണിയുന്നതിന് ലഭിക്കുന്ന തുക വളരെ കുറയുന്നതു കാരണം പലരും പണി പൂർത്തിയാക്കാതെ ഇട്ടിരിക്കുന്നത് കാണാൻ കഴിയുന്നു. സർക്കാർ മുഖാന്തരം സ്ഥലം വാങ്ങിയും വീടു പണിതും ഇവരെ പുനരധിവസ പദ്ധതിപ്രകാരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുത്തിക്കൊടുക്കണം

മിക്ക കോളനികളിലും വെള്ളം, വെളിച്ചം, വഴി, കക്കൂസ് ഇങ്ങനെയുള്ള പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് സ്വയം പര്യാപ്തത നേടാൻ കഴിഞ്ഞിട്ടില്ല.

പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ രംഗത്ത് അഭ്യസ്തവിദ്യരായവരുടെ സേവനം കോളനികളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ഇവരുടെ സേവനം പ്രയോജനപ്പെടുത്തണം.
2. വട്ടക്കോട്ടാൽ ഗവ:യു.പി. സ്കൂളിലെ വിദ്യാർത്ഥികൾ കുറഞ്ഞത് കാരണം ഈ സ്കൂൾ പട്ടികജാതി വർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്കുവേണ്ടി ഒരു പ്രീ മെട്രിക് ഹോസ്റ്റൽ ആക്കി മാറ്റണം.
3. കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞു വരുന്നതിനാൽ തൊഴിലാളി കുടുംബങ്ങൾ കൂടുതൽ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നു.
4. ഈ പഞ്ചായത്തിലെ പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ടവർക്കും ദുർബ്ബല വിഭാഗത്തിൽ ഉള്ള കുടുംബത്തിനും വീടുകൾ നല്കണം.
5. വീടിന് ലഭിക്കുന്ന ധനസഹായം വളരെ കുറവായതിനാൽ പണി പൂർത്തീകരിക്കുന്നതിന് കഴിയുന്നില്ല.
6. വീട് പണിക്ക് കിട്ടുന്ന സഹായം പലരും ദുർവിനിയോഗം ചെയ്യുന്നു.
7. കോളനി പ്രദേശങ്ങളിൽ മറ്റ് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ല.
8. റോഡ്, വൈദ്യുതി, കുടിവെള്ളം മിക്ക കോളനികളിലും ലഭിച്ചിട്ടില്ല. ഉടൻ പരിഹാരം ഉണ്ടാകണം.
9. വർഷങ്ങൾ കൈവശം ഇരിക്കുന്ന ഭൂമിക്ക് നാളിതുവരെ ആയിട്ടും പട്ടയം ലഭിച്ചിട്ടില്ല.
10. ആരോഗ്യ സംരക്ഷണത്തിന് ഈ പഞ്ചായത്തിലെ എല്ലാ വാർഡിലും പ്രൈമറി ഹെൽത്ത് സെന്റർ സ്ഥാപിക്കുക.
11. പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സയ്ക്കും വിവാഹ പ്രായമായ പെൺകുട്ടികൾക്ക് സാമ്പത്തിക സഹായം അർഹതപ്പെട്ടവർക്ക് കൊടുക്കുക.
12. കോളനികളിൽ താമസിക്കുന്ന പുരുഷനും സ്ത്രീകൾക്കും വാർദ്ധക്യകാല പെൻഷൻ വിധവ, കർഷക തൊഴിലാളി പെൻഷൻ ഇവ സർക്കാരിൽനിന്ന് തക്കസമയത്ത് ലഭിക്കുന്നില്ല.
13. ഈ ആനുകൂല്യങ്ങൾ കൂടുതൽ ആൾക്കാർക്ക് പ്രയോജനപ്പെടുത്തിക്കൊടുക്കുവാൻ കഴിയണം.

14. സ്ത്രീകൾ ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാര മാർഗ്ഗങ്ങൾ ഉണ്ടാകണം.

15. സ്വയം തൊഴിൽ പദ്ധതിയിൽ വേണ്ടത്ര മുൻഗണന ലഭിക്കുന്നില്ല

16. ഈ പഞ്ചായത്തിലെ പല കോളനികളിലും മഹിളകളെ സംഘടിപ്പിച്ചു D.W.C.R.A പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബത്തെ സംരക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.

17. I.R.D.P പദ്ധതിയിൽനിന്ന് ലഭിക്കുന്ന സ്കീം ബാങ്കിൽ പല ഉപാധികളും പറഞ്ഞ് തള്ളിവിടുന്നു. യഥാർത്ഥമായ തുക ലഭിക്കാതെ വരുമ്പോൾ പല പദ്ധതികളും ഫലപ്രദമായ രീതിയിൽ എത്തിക്കാൻ കഴിയുന്നില്ല

18. പട്ടികജാതി പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾ ഉടൻ രൂപീകരിക്കപ്പെടണം.

സാധ്യതകൾ

കോളനികളിൽ നിലവിലുള്ള വൈദ്യുതി പ്രശ്നവും കുടിവെള്ള പ്രശ്നവും പരിഹരിക്കപ്പെടുന്നതിനുവേണ്ടി പഞ്ചായത്ത്, ബ്ലോക്ക് എന്നീ ഏജൻസികൾ വേണ്ടത് ചെയ്യണം. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിനുവേണ്ടി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തി തൊഴിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ട നടപടികൾ ഉണ്ടാകണം. റോഡ് മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഉടൻ നടപ്പിൽ വരുത്തണം. പട്ടികജാതി കോർപ്പറേഷൻ നടപ്പാക്കിവരുന്ന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാൻ ഇതിന്റെ മാനദണ്ഡങ്ങളിൽ കാര്യമായ മാറ്റങ്ങൾ ഉണ്ടാകുന്നതിന് ആവശ്യമായ ബോധവത്കരണ പരിപാടികൾ നടപ്പാക്കുന്നതോടൊപ്പം ക്ഷേമ പദ്ധതികൾ അർഹതപ്പെട്ടവർക്ക് കൃത്യ സമയത്ത് ലഭ്യമാക്കാൻ സഹായകരമായ രീതിയിൽ ഇത്തരം പദ്ധതികൾ ഗ്രാമ പഞ്ചായത്ത് മുഖേന നടപ്പാക്കണം. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം മുൻനിർത്തി സമഗ്രഗ്രാമ പദ്ധതിയേണ്ട ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. പഞ്ചായത്ത് കോളനികളിലെ പെൺകുട്ടികൾക്ക് കൈത്തൊഴിൽ പരിശീലിപ്പിക്കുകയും അവരുടെ സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും ചെയ്യുക. ഇതിന് എല്ലാവിധ സഹായവും നല്കുക.

2. കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിന് വേണ്ട നടപടികൾ പഞ്ചായത്ത് മുഖേന സർക്കാരിൻറെ ശ്രദ്ധയിൽക്കൂടി നടപ്പിലാക്കും.

3. എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പഞ്ചായത്ത് സമിതികളെ ചുമതലപ്പെടുത്തുകയും മേൽനോട്ടത്തിന് സംവിധാനം ഉണ്ടാക്കുകയും ചെയ്യും.

4. നാല് കോളനികളിലും ലക്ഷംവീട് കോളനിയിലും ഭൂമിക്ക് പട്ടയം നല്കുക.

5. പട്ടികജാതിവികസന വകുപ്പ് നടപ്പിലാക്കിവരുന്ന മൂന്ന് മുതൽ അഞ്ച്വരെ പ്രായമുള്ള കുട്ടികൾക്ക് ബാലവാടികളും നഴ്സറികളും എല്ലാ കോളനികളിലും ഏർപ്പെടുത്തുക.

6. കുടുംബ സാധ്യത ഏറ്റെടുത്ത് പഠനം അവസാനിപ്പിക്കേണ്ടിവരുന്ന കുട്ടികളെ കണ്ടെത്തി പഠനം തുടരുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തുന്നതിന് പഞ്ചായത്ത് ശ്രമിക്കും

7. S.S.L.C. വരെയും തുടർന്ന് പഠനം നടത്തുന്നതിന് പ്രോത്സാഹനം നല്കുന്നതിന് ആവശ്യമായ പദ്ധതികൾ ഗ്രാമപഞ്ചായത്ത് ആസൂത്രണം ചെയ്യും.

8. ബോധവത്കരണത്തിനുവേണ്ടി കോളനികളിൽ ടി.വി. സെറ്റുകൾ സ്ഥാപിക്കുക.

9. ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഗ്രൂപ്പിൽ നിർദ്ദേശിച്ചിരിക്കുന്ന ആവസ്യാധിഷ്ഠിത സഹായ പദ്ധതി നിർദ്ദേശിക്കുന്നു. ഈ പട്ടികയിൽ പട്ടികജാതി വർഗ്ഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകണം.

10. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ സ്വയം തൊഴിലിലൂടെ സാമ്പത്തിക പുരോഗതിക്കുവേണ്ടി കോർപ്പറേഷൻ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ കുറെ ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

കേരളത്തിലെ ദാരിദ്ര രേഖയ്ക്ക് താഴെയുള്ള സാമൂഹിക സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരെ സാമൂഹികവും സാമ്പത്തികവുമായ വികസനത്തിലൂടെ മുഖ്യ ധാരയിലേക്ക് കൊണ്ടുവരുന്നതിനുവേണ്ടി പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നതു സുഗമമായി നടത്തുന്നതിനുമായി കോർപ്പറേഷൻ മേഖലകൾ താഴെ ചേർക്കുന്നു.

കാര്യാലയങ്ങൾ

1. തിരുവനന്തപുരം - പന്തളം - കോട്ടയം - തൃശൂർ- പാലക്കാട് - മലപ്പുറം - കണ്ണൂർ - വയനാട്

ഈ കാര്യാലയങ്ങൾ പ്രവർത്തിക്കുന്നത് സർക്കാരിന്റെയും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെയും ഗ്രാമവികസനം, ജില്ലാ സ്ഥാനങ്ങളുടെയും സഹകരണം ലഭിക്കുന്നു.

രണ്ട്തരം പദ്ധതികൾ കോർപ്പറേഷൻ നടപ്പിലാക്കുന്നത്

1. നേരിട്ടുള്ള വായ്പ നല്കുന്ന പദ്ധതികൾ.
2. മറ്റ് ധനകാര്യ സ്ഥാപനങ്ങളിലൂടെയും വായ്പ കോർപ്പറേഷനിൽ നിന്ന് സബ്സിഡിയും നല്കുന്നു.

കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ

വീഡിയോ ക്യാമറ- ഹോളോഗ്രാഫിക്സ് - 2 / 3 വീലർ വർക്ഷോപ്പ് - എസ്.റ്റി.ഡി ബൂത്ത് - ഫോട്ടോ കോപ്പികൾ - റ്റി,വി, വി.സി.ആർ. വർക്ഷോപ്പ് - വാഹന വായ്പാ പദ്ധതി - ഓട്ടോറിക്ഷ - ലോഡ് കാരിയർ - ടെംപോ, ജീപ്പ്, കാർ - കോഴി വളർത്തൽ - പച്ചക്കറിക്കട - കൃഷി വായ്പാ പദ്ധതി - പരമ്പരാഗത തൊഴിൽ - പ്രഫഷണൽ സർവ്വീസ് പദ്ധതി - പുതിയ അംബേദ്കർ ഭവന നിർമ്മാണ പദ്ധതി

കോർപ്പറേഷൻ നേരിട്ടു നടപ്പിലാക്കുന്ന പദ്ധതി

I. വിദേശ തൊഴിൽ വായ്പാ പദ്ധതി

വിദേശ രാജ്യങ്ങളിൽ തൊഴിൽ തേടിപ്പോകുന്നവർക്ക് ധനസഹായം നൽകിവരുന്നുണ്ട്. 10000/ രൂപ സഹായം നല്കുന്നു.

II. പ്രഫഷണൽ സർവ്വീസ് / സ്പീഡ് മണി പദ്ധതി.

സാങ്കേതിക പരിജ്ഞാനമുള്ള വെൽഡേഴ്സ് ഇലക്ട്രീഷൻസ് ലാബോറട്ടറി-ടെക്നീഷ്യൻസ് എന്നിവർക്കും ഡോക്ടർമാർ എൻജിനീയർമാർ എന്നിവർക്കും അതാതു മേഖലകളിൽ സംരഭങ്ങൾ തുടങ്ങുന്നതിനുവേണ്ടി ധനസഹായം നല്കുന്നു. 50000/

III. മാർജിൻമണി ഡെപ്പോസിറ്റ് പദ്ധതി

ദാരിദ്ര രേഖയ്ക്ക് താഴെ ഉള്ളവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി ബാങ്കുകളുടെ സഹായത്തോടെ ധനസഹായം നല്കുന്നു. 11000 രൂപ വാർഷിക വരുമാനമുള്ളവർക്ക് പരമാവധി 35000/ രൂപ

IV. മാർജിൻമണി ലോൺ സ്കീം

സ്വയം തൊഴിൽ പദ്ധതികൾ തുടങ്ങുന്നതിനുവേണ്ടി ബാങ്കുകളും കോർപ്പറേഷനും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ്. പരമാവധി 50000/ രൂപ വായ്പ.

V. ഭവന നിർമ്മാണ പദ്ധതി

18 മുതൽ 50 വയസ്സുവരെ പ്രായമുള്ള സ്വന്തമായി വീടില്ലാത്ത 3 സെന്റ് ഭൂമിയെങ്കിലും സ്വന്തമായിട്ടുള്ളവർക്ക് ഇൻകം റേഷൻലിങ്ക്സ് ഹൗസിംഗ് സ്കീം എന്ന പേരിൽ പുതിയ ഭവന പദ്ധതി തുടങ്ങാൻ ഉദ്ദേശിക്കുന്നു.

നിബന്ധനകൾ

സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന കേരളത്തിലെ പട്ടികജാതി പട്ടികവർഗത്തിൽപ്പെട്ടവർക്ക് മാത്രമാണ് കോർപ്പറേഷൻ വായ്പ നല്കുന്നത്. അപേക്ഷിക്കുന്നവർ 18 വയസ്സിനും 45 വയസ്സിനും ഇടയിൽ പ്രായമുള്ളവരും കുടുംബ വാർഷിക വരുമാനം ദേശീയ പട്ടികജാതി പട്ടിക വർഗ്ഗ ധനകാര്യ വികസന കോർപ്പറേഷനുമായി സഹകരിച്ച് നടപ്പാക്കുന്ന പദ്ധതികൾക്ക് ഗ്രാമപ്രദേശങ്ങളിൽ ഉള്ളവർക്ക് 22000/ രൂപയിൽകവിയാത്ത വരുമാനമായിരിക്കണം.

നേരിട്ടു നടപ്പിലാക്കുന്ന പദ്ധതി 11000/ രൂപ വാർഷിക വരുമാനം ഉള്ളവർക്ക് 6% നിരക്കിൽ ഭവന നിർമ്മാണ പദ്ധതികൾക്ക് ഹഡ്കോ 60 മാസംകൊണ്ട് തുല്യ ഗഡുക്കളായി തിരിച്ചടയ്ക്കേണ്ടതാണ്.

പദ്ധതി നടപ്പിലാക്കുമ്പോൾ യഥാസമയം വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. വിജ്ഞാപനത്തിനുശേഷം അപേക്ഷ സ്വീകരിക്കുകയുള്ളൂ.

4-12

വിഭവ സമാഹരണം

ഗ്രാമം സ്വയം പര്യാപ്തമാകാൻ പുറമേ നിന്നുള്ള വിഭവ ലഭ്യത മാത്രമല്ല, ആന്തരിക വിഭവശക്തിയും മതിയായ തരത്തിലാവണം. മുഖ്യമായും കൃഷിയെ ആശ്രയിക്കുന്ന നമ്മുടെ പഞ്ചായത്തിൽ വിശാലമായ പാടശേഖരവും തെങ്ങിൻ തോപ്പുകളും റബ്ബർ തോട്ടങ്ങളും ഘടനയനുസരിച്ച് ദൃശ്യമാണ്. കൃഷിചെയ്യാതെ തരിശിട്ടിരിക്കുന്ന പ്രദേശങ്ങളും കൃഷിയിറക്കാതെ വന്ധ്യമായി കിടക്കുന്ന പാടങ്ങളും ഇതോടൊപ്പമുണ്ട്.

കൃഷിയിൽ നിന്നും പ്രതീക്ഷിക്കുന്ന തരത്തിൽ ആദായമില്ലാത്ത അവസ്ഥ കർഷകനെ നിരാശനാക്കുന്നു. കന്നുകാലി വളർത്തൽ, കോഴിവളർത്തൽ എന്നിവയും ആധുനികവും പ്രതീക്ഷാവഹവുമല്ല. കൃഷിപ്പണിയേക്കാൾ മെച്ചപ്പെട്ട വേതനം ലഭിക്കുന്ന തൊഴിൽ മേഖലകൾ തേടി തൊഴിലാളികൾ നീങ്ങുന്നതിൽ അത്ഭുതപ്പെടാനില്ല.

ഗൾഫ് മേഖലയുടെ സ്വാധീനവും, നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ന്യൂനതകളും യുവജനങ്ങളിൽ തൊഴിലിനോടുള്ള ആഭിമുഖ്യം ''വെള്ളക്കോളർ സംസ്കാരാ'' ധിഷ്ഠിതമാക്കുന്നു. പുതിയ തൊഴിൽ മേഖലകൾ സൃഷ്ടിക്കപ്പെടുന്നില്ല. പണം, ബാങ്ക് നിക്ഷേപത്തിൽ ഒതുങ്ങുന്നതിനാലും, ചത്ത പണമായി വൻ ബംഗ്ലാവുകളുടെ രൂപത്തിൽ മാറുന്നതിനാലും കാർഷികേതര മേഖല പൊതുവേ ശുഷ്കമാണ്. വിഷമ സാഹചര്യങ്ങളെ നേരിട്ട് പുത്തൻ വ്യാവസായിക സംരംഭങ്ങൾ ആരംഭിക്കാനുള്ള കരുത്ത് സാമ്പത്തിക ഭദ്രതയുള്ളവർ പ്രകടിപ്പിക്കാത്തത് പുരോഗതിയുടെ പാത അടഞ്ഞു കിടക്കാൻ ഇടയാക്കുന്നു.

കെട്ടിട നിർമ്മാണ മേഖലയിൽ തൊഴിൽ സാധ്യത ശക്തമെങ്കിലും തെക്കൻ കേരളത്തിലേയും, തമിഴ്നാട്ടിലേയും തൊഴിലാളികളുടെ സജീവ സാന്നിധ്യമാണ് ദൃശ്യമാകുന്നത്. റബ്ബർ ടാപ്പിംഗ് തൊഴിലാളികളിൽ പലരും ഇതേ പ്രദേശങ്ങളിൽ നിന്നുള്ളവരാണെന്നുള്ളതും ശ്രദ്ധേയമാണ്. ഈ പ്രവണതയുടെ കാരണവും, പ്രത്യേകതകളും പഠനവിധേയമാക്കേണ്ടതുണ്ട്.

സർക്കാർ ജീവനക്കാർ, സ്വകാര്യ മേഖലയിലെ ജീവനക്കാർ, താല്കാലിക ജീവനക്കാർ, സ്വയം തൊഴിൽ തേടിയവർ, തൊഴിലാളികൾ, കൃഷിക്കാർ എന്നിവരെല്ലാം സജീവ മനുഷ്യ വിഭവങ്ങളാണ്. ഇന്ത്യയിലും വിദേശത്തുമായി പലവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നുള്ള വരുമാനം ഗ്രാമാന്തരങ്ങളിൽ എത്തുന്നു. എങ്കിലും തൊഴിലില്ലായ്മ രൂക്ഷ പ്രശ്നമായി നിലനില്ക്കുന്നു.

ഗ്രാമ പഞ്ചായത്തിന്റെ വർദ്ധിച്ചു വരുന്ന സാമ്പത്തിക ആവശ്യങ്ങൾ നേരിടുന്നതിന് ലഭ്യമായിക്കൊണ്ടിരിക്കുന്ന വരുമാനങ്ങൾ മതിയാകുന്നില്ല. കേന്ദ്ര-സംസ്ഥാന വിഹിതവും ഈ കുറവ് പരിഹരിക്കുന്നില്ല. വരവിൽ കവിഞ്ഞുള്ള ചെലവ് ബഡ്ജറ്റ് കമ്മി വർദ്ധിപ്പിക്കുന്നു.

പഞ്ചായത്തിന്റെ വരവു സംബന്ധിച്ച വിവരങ്ങൾ (1995 - 96)

	ഇനം	ധനാഭ്യർത്ഥന Rs.	പിരിച്ചത് Rs.	ബാക്കി Rs.
1	കെട്ടിട നികുതി	2,76,270.00	2,76,270.00	
2	സർവ്വീസ് ചാർജ്ജ്	40,351.70	40,351.70	
3	തൊഴിൽ നികുതി	1,10,980.00	1,10,980.00	
4	വിനോദ നികുതി	9,037.00	9,037.00	
5	അഡീ.വിനോദ നികുതി	5,425.00	5,425.00	
6	പ്രദർശന നികുതി	1,204.00	1,204.00	
7	പ്രദർശന നികുതിയിന്മേലുള്ള സർചാർജ്ജ്	301.00	301.00	
8	ചന്ത വരവ്	26,700.00	26,700.00	
9	ലൈസൻസ്	5,332.00	5,332.00	
10	വസ്തു കൈമാറ്റ നികുതി 75%	1,03,776.00	1,03,776.00	
11	സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ	2,17,790.00	2,17,790.00	
12	സംഭാവന	4,69,484.50	4,69,484.50	
13	ഡെപ്പോസിറ്റ്	8,899.00	8,899.00	
	ആകെ	**12,75,550.20**	**12,75,550.20**	

വിവിധ ഗ്രാന്റുകളും, പഞ്ചായത്ത്രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും അനുവദിക്കുന്ന തുകയും ഇതര പ്രതിവർഷ വരുമാനങ്ങളാണ്.

ഗ്രാന്റ് വിവരങ്ങൾ

VRM രൂ	MI രൂ	അടിസ്ഥാന നികുതി 75%	സ്പെഷ്യൽ ഗ്രാന്റ് (രൂ)	JRY രൂ	Untied Found	ആകെ
18,214/-	2700/-	13,457/-	10,000/-	2,18,552/-	2,75,000/-	537923/-

പഞ്ചായത്ത്രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽനിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ

വകുപ്പ്	തുക		ആകെ (രൂ)
	പദ്ധതി വിഹിതം (രൂ)	പദ്ധതിയേതര വിഹിതം (രൂ)	
ആരോഗ്യം	36,990	--	36,990
കൃഷി	1,36,132	1,13,228	2,49,360
PWD	15,870	--	15,870
ഹരിജനക്ഷേമം	428	--	428
C.D. പ്രോഗ്രാം	3,000	--	3,000
ആകെ	**1,92,420**	**1,13,228**	**3,05,648**

പഞ്ചായത്തിനുള്ളിൽ ലഭ്യമാകുന്ന വരുമാന മാർഗ്ഗങ്ങൾ വർദ്ധിക്കേണ്ടതുണ്ട്. അങ്ങനെ സ്വയം പര്യാപ്തതയിൽ എത്തുന്ന ഒരു സാഹചര്യം ഉണ്ടായെങ്കിലേ കൂടുതൽ വികസനോന്മുഖ സംരംഭങ്ങൾ ഏറ്റെടുത്തു നടത്താൻ കഴിയുകയുള്ളൂ.

ചെലവു സംബന്ധിച്ച വിവരങ്ങൾ

ഇനം	തുക
ഭരണം	4,45,727.00
പൊതുമരാമത്ത്	5,66,926.00
ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം	43,987.00
തെരുവു വിളക്കുകൾ കത്തിക്കുന്നതിന്	1,15,416.00
മറ്റുള്ളവ	1,11,751.00
ആകെ	**12,83,807.00**

പഞ്ചായത്തിലെ കെട്ടിടങ്ങളുടെ എണ്ണം 91-92 സാമ്പത്തിക വർഷത്തിൽ 3954 ആയിരുന്നുവെങ്കിൽ 95-96 വർഷത്തിൽ 4353 ആയി ഉയർന്നു. കെട്ടിട നികുതി പിരിച്ചെടുക്കുന്നതിൽ നിന്നും കെട്ടിടത്തിന്റെ ഭിന്നസ്വഭാവങ്ങൾ വ്യക്തമാകുന്നുണ്ട്. വാർഡ് തിരിച്ചുള്ള കെട്ടിടത്തിന്റെ പ്രത്യേകതകൾ ചുവടെ ചേർത്തിരിക്കുന്നു.

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	ഒന്നിൽ കൂടുതൽ നിലകളുള്ള കെട്ടിടങ്ങൾ	മേൽപ്പുരയുടെ സ്വഭാവം			
			കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ
I	657	29	199	323	120	15
II	647	20	118	397	118	14
III	507	26	131	323	46	7
IV	364	5	59	227	75	3
V	570	12	149	317	96	8
VI	612	29	194	345	66	7
VII	448	20	109	284	44	11
VIII	548	15	131	372	41	4
ആകെ	**4353**	**156**	**1090**	**2588**	**606**	**69**

കെട്ടിട നികുതി പഞ്ചായത്തിന്റെ നല്ല ഒരു വരുമാന മാർഗ്ഗമാണ്.

പഞ്ചായത്തിന്റെ സ്ഥിരം വരുമാനത്തിന് പുറമറ്റം പബ്ലിക്ക് മാർക്കറ്റ്, മാർക്കറ്റ് സ്റ്റാൾ പുറമറ്റം എന്നിവ സഹായകമായി നിലകൊള്ളുന്നു. കൂടാതെ വെയിറ്റിംഗ് ഷെഡ് & സ്റ്റാൾ മേമല, വെണ്ണിക്കുളം വെയിറ്റിംഗ് ഷെഡ്, പുറമറ്റം പഞ്ചായത്താഫീസ്, ശ്മശാനം (കൊച്ചെഴുത്തുമല), ആസ്പത്രിക്കായി നീക്കിവച്ച 40 സെന്റ് സ്ഥലം (വാർഡ് 2), മൃഗാശുപത്രി വെണ്ണിക്കുളം, ഹെൽത്ത് സെന്റർ പുറമറ്റം എന്നിവ പഞ്ചായത്തിന്റെ നിലവിലുള്ള സ്ഥാവര സ്വത്തുക്കളാണ്.

മണിമലയാറ്റിലെ മണൽ വാരുന്നതിൽ നിന്നും നമുക്ക് ലഭിക്കുന്ന വിഹിതം കല്ലൂപ്പാറ പഞ്ചായത്തിന്റെ മണലിൽ നിന്നും ലഭിക്കുന്ന വരുമാനത്തിന്റെ 40% മാത്രമാണ്. എന്നാൽ അടുത്ത കാലത്ത് നദിയുടെ 'മിഡ്ലൈൻ' അടിസ്ഥാനമാക്കിയുണ്ടായ മണൽവാരൽ ക്രമീകരണം വരുമാനം വർദ്ധിപ്പിക്കുന്നതിനിടയാക്കുന്നതാണ്.

പ്രശ്നങ്ങൾ

1. വിദേശ നാണ്യ ലഭ്യത വ്യാവസായിക-കാർഷിക പുരോഗമന പ്രവർത്തനങ്ങളിലേക്ക് തിരിച്ചു വിടുവാൻ കഴിയുന്നില്ല.
2. വർദ്ധിച്ച തോതിലുള്ള തൊഴിലില്ലായ്മ.
3. പാറമടകൾ ധാരാളമുണ്ടെങ്കിലും റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ നിയന്ത്രണത്തിലായതിനാൽ പഞ്ചായത്തിനു യാതൊരുവിധ വരുമാനവും ലഭിക്കുന്നില്ല.
4. വസ്തു കൈമാറ്റം നടത്തപ്പെടുമ്പോൾ യഥാർത്ഥ വിലയേക്കാൾ കുറഞ്ഞ നിരക്കിൽ വ്യവഹാരം നിർവ്വഹിക്കപ്പെടുന്നതിനാൽ ആ ഇനത്തിലുള്ള നികുതി യഥാർത്ഥ തോതിൽ ലഭ്യമാകുന്നില്ല.
5. മണൽ വാരലിന് ടെൻഡർ രീതി നിലനിൽക്കുന്നതിനാൽ വരുമാനം വളരെ കുറയുന്നു.
6. മനുഷ്യ വിഭവശേഷി ശരിയായ വിധത്തിൽ ഉപയോഗപ്പെടുത്താൻ പര്യാപ്തമായ സംഘാടനമില്ല.

നിർദ്ദേശങ്ങൾ

1. വെണ്ണിക്കുളം വെയിറ്റിംഗ് ഷെഡിനോടനുബന്ധിച്ച് ഷോപ്പിംഗ് കോപ്ലക്സ് പണിയുക.
2. മണൽ വാരുന്നതിന് ടെൻഡർ രീതി ഒഴിവാക്കി, നേരിട്ടുള്ള നികുതി, വാഹനത്തിന്റെ എണ്ണം (ലോഡ്) അനുസരിച്ച് നിശ്ചിത തുകയായി ഏർപ്പെടുത്തുക.
3. പാറമടകളിൽ ലൈസൻസ് ഏർപ്പെടുത്തുന്നതിനുള്ള അധികാരം പഞ്ചായത്തിൽ നിക്ഷിപ്തമാക്കുക.
4. വസ്തുവിൽ നിന്ന് പച്ചമണ്ണ് ലോഡ് ചെയ്യുമ്പോൾ നികുതി ഏർപ്പെടുത്തേണ്ടതാണ്.
5. പൊതു കിണറുകൾ, കുളങ്ങൾ, പൊതു സ്ഥാപനങ്ങൾ ഇവയ്ക്കു വേണ്ട സ്ഥലം ഭൂദാന സമ്പ്രദായത്തിലൂടെ നേടാൻ ശ്രമിക്കുക. ഇതിൽ പങ്കാളികളാകുന്നവരുടെ പേര് അതോടൊപ്പം പ്രദർശിപ്പിക്കാൻ അനുവദിക്കുക.
6. പഞ്ചായത്തിന്റെ ഉടമസ്ഥതയിലും, നിയന്ത്രണത്തിലും ഹൗസിംഗ് കോപ്ലക്സുകൾ നിർമ്മിച്ചു നല്കുക.
7. ഒരു പ്രൈവറ്റ് ബസ്സ്റ്റാന്റ് വെണ്ണിക്കുളത്തു സ്ഥാപിച്ച് വാഹനങ്ങൾക്ക് പ്രവേശന ഫീസ് ചുമത്തുക. പുറമറ്റത്ത് ഓട്ടോ, കാർ പാർക്കിംഗ് സൗകര്യം നൽകി ഫീസ് ഏർപ്പെടുത്തുക.
8. വികസന പ്രവർത്തനങ്ങൾ സാമൂഹിക സംഘടനകളെക്കൊണ്ടും, സേവന സന്നദ്ധരെക്കൊണ്ടും ചെയ്യിച്ച് മനുഷ്യ വിഭവം പ്രയോജനപ്പെടുത്തുക.
9. വിപുലമായ ഫണ്ടു ശേഖരണം പഞ്ചായത്തിന്റെ നേതൃത്വത്തിൽ ചെയ്യുക. വായ്പകൾ പലിശരഹിത സംഭാവനയിലൂടെ നേടുക.
10. പുതിയ വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനും, കണ്ടെത്തുന്നതിനും ശ്രമം നടത്തുക.
11. പന്നിവളർത്തൽ, കോഴി വളർത്തൽ, കന്നുകാലി വളർത്തൽ തുടങ്ങിയ മേഖല ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ വിപുലപ്പെടുത്തുക.

12. കോഴിമുട്ട സംഭരണ, വിതരണ സംവിധാനങ്ങൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ യുവജന-വനിതാ പങ്കാളിത്തത്തോടെ നടപ്പാക്കുക.

13. പുറമറ്റം മാർക്കറ്റ് അത്യന്താധുനികവൽക്കരിച്ച്, കെട്ടിട സമുച്ചയത്തോടുകൂടി കൂടുതൽ സജീവമാക്കുക.

14. റബ്ബർകൃഷി വ്യാപകമായതിനാൽ അനുബന്ധ വ്യവസായിക സംരംഭങ്ങൾക്ക് തുടക്കമിടുക.

15. വിദേശ ഇന്ത്യക്കാരുടെ നേതൃത്വത്തിൽ പഞ്ചായത്തിനുള്ളിൽ വ്യവസായങ്ങൾ ആരംഭിക്കുക.

16. കല്ലൂപാലം പുറമ്പോക്ക് സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് പണിയുകയോ ആദായകരമായ മറ്റു സംരംഭങ്ങൾ തുടങ്ങുകയോ ചെയ്യുക.

17. പാറമടകളിലേക്കുള്ള പഞ്ചായത്തു റോഡുകളിൽ കൂടി പോകുന്ന കരിങ്കല്ല്, മിറ്റൽ മുതലായവ കയറ്റുന്ന ലോറികൾക്ക് നികുതി ചുമത്തണം.

18. പൂവത്തിളപ്പ് സ്വകാര്യ മാർക്കറ്റിനു പകരം പഞ്ചായത്ത് സ്വന്തമായി ഭൂമി കണ്ടെത്തി പബ്ലിക്ക് മാർക്കറ്റ് ആക്കി മാറ്റുക.

19. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന വാമനാൽ കാളച്ചന്തയ്ക്ക് പഞ്ചായത്തുവക സ്വന്തമായി ഭൂമി കണ്ടെത്തി പബ്ലിക്ക് മാർക്കറ്റാക്കി മാറ്റുക.

ഒരു ഗ്രാമ പഞ്ചായത്തിനെ സ്വയംഭരണ സ്ഥാപനം എന്നു വിവക്ഷിക്കുന്നത്, നികുതി ചുമത്തുവാനും, നികുതി പിരിച്ചെടുക്കുവാനും, പിരിച്ചെടുക്കുന്ന നികുതി വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുവാനും സ്വയാധികാരം ഉള്ളതുകൊണ്ടാണ്.

എന്നാൽ പിരിച്ചെടുക്കുന്ന നികുതികൊണ്ടു മാത്രം പഞ്ചായത്തിലെ വികസന പ്രവർത്തനം പൂർണ്ണമായും നടപ്പാക്കുവാൻ സാധിക്കുന്നില്ല. പദ്ധതി വിഹിതങ്ങൾക്കു ഗ്രാന്റ് ലഭിക്കുന്നുണ്ടെങ്കിലും അതും വികസനത്തിനു പര്യാപ്തമാകുന്നില്ല. വികസന പ്രക്രിയയ്ക്ക് 9-ാം പഞ്ചവത്സര പദ്ധതിയിലൂടെ ലഭിക്കുന്ന 40% തുകയുടെ ഫലപ്രദമായ വിനിയോഗം ജനങ്ങളുടെ പൂർണ്ണമായ സഹകരണത്തെ ആശ്രയിച്ചാണിരിക്കുന്നത്. ആയതിനാൽ 9-ാം പഞ്ചവത്സര പദ്ധതി വിജയത്തിന് ജനങ്ങളുടെ കായികവും സാമ്പത്തികവുമായ പങ്കാളിത്തത്തിൽ നിന്നും വിഭവ സമാഹരണം നടത്തുവാൻ കഴിയണം.

ഉപസംഹാരം

ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ രണ്ടാംഘട്ട പ്രവർത്തനം പഞ്ചായത്ത് വികസന സെമിനാർ നടക്കുന്നതോടുകൂടി സമാപിക്കുകയാണ്. പഞ്ചായത്ത്‌രാജ് നിയമ പ്രകാരം നടന്ന തെരഞ്ഞെടുപ്പിനെ തുടർന്ന് 1996 ഒക്ടോബർ 4-ന് പുതിയ പഞ്ചായത്ത് ഭരണ സമിതി നിലവിൽ വന്നു. പുതിയ ത്രിതല പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ സംബന്ധിച്ച് ജനങ്ങൾക്ക് വമ്പിച്ച പ്രതീക്ഷയാണുള്ളത്. എന്നാൽ ജനങ്ങളുടെ പ്രതീക്ഷയ് ക്കൊത്ത് ഉയരാൻ തുടർന്നുള്ള നാളുകളിൽ പഞ്ചായത്തുകൾക്ക് കഴിഞ്ഞു എന്നു അ വകാശപ്പെടാ നാവില്ല.

ഈ സാഹചര്യത്തിലാണ് 9-ാം പദ്ധതി ജനകീയ പദ്ധതിയാക്കി ആവിഷ്കരിച്ച് നട പ്പിലാക്കാൻ കേരള സർക്കാർ തീരുമാനിച്ചത്.

ആസൂത്രണ പ്രസ്ഥാനം എത്രമാത്രം ജനകീയമാകുന്നുവോ അതനുസരിച്ച് അതിന്റെ വിജയ സാദ്ധ്യത വർദ്ധിക്കുകയാണ്. അതിന്റെ പ്രതിഫലനം ആറുമാസം മുൻപ് നടന്ന ഗ്രാമസഭയിലും വിശേഷാൽ ഗ്രാമസഭകളിലും കാണാൻ കഴിഞ്ഞു.

സംസ്ഥാന ആസൂത്രണ ബോർഡ് നിർദ്ദേശിച്ച രീതിയിലും, ഗൗരവത്തിലും പരിപാടികൾ ഏറ്റെടുക്കാൻ ഈ പഞ്ചായത്തിലെ ഭരണസമിതി തയ്യാറായിട്ടുണ്ട്. എങ്കിലും പല പരിമിതി കളിൽകൂടിയാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയത്. സമയ പരിധി, മുൻ ധാരണയുടെ കു റവ്, ഇതെല്ലാം പ്രശ്നങ്ങളായിരുന്നു. എന്നാൽ നമ്മുടെ നാടിന്റെ അടിസ്ഥാന സൗകര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് സമഗ്രമായി പഠിച്ച് പ്രതിപാദിച്ച് പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ റിപ്പോർട്ടിലൂടെ ശ്രമിച്ചിട്ടുണ്ട്. തൊഴിൽ രഹിതരായ വിദ്യാസമ്പന്ന വിഭാഗ ത്തിന്റെയും സമൂഹത്തിലെ ദുർബ്ബല വിഭാഗത്തിൽപ്പെട്ട ദാരിദ്ര രേഖയ്ക്കു താഴെ ജീവിത നിലവാരമുള്ള അടിസ്ഥാന വർഗ്ഗത്തിന്റെയും പട്ടികജാതി പട്ടികവർഗ്ഗത്തിന്റെയും ഉന്നമന ത്തിനും മോചനത്തിനും മുൻതൂക്കം നല്കിക്കൊണ്ടുള്ള ഒരു വികസന സമീപന മാണ് സ്വീകരിച്ചിട്ടുള്ളത്.

പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് സമയ പരിധിക്കുള്ളിൽതന്നെ റിപ്പോർട്ട് തയ്യാറാ ക്കാൻ സാധിച്ചത് ദ്വിതീയ വിവരണ ശേഖരണത്തിനും പഠന പര്യടനം നടത്തുന്നതിനും, വിവിധ ഗ്രൂപ്പുകൾ തയ്യാറാക്കി സമർപ്പിച്ച റിപ്പോർട്ടുകൾ പരിശോധിച്ച് വികസന രേഖ തയ്യാറാക്കുന്നതിനും കഴിഞ്ഞതിനാലാണ് പഞ്ചായത്തിന്റെ സാമൂഹിക ചരിത്രം തയ്യാറാ ക്കാൻവേണ്ടി സഹായിച്ച മാന്യ സുഹൃത്തുക്കളേയും, പൂർവ്വകാല സംഭവം അറിയാൻവേണ്ടി സഹകരിച്ച മാന്യ വ്യക്തികളേയും, സ്ഥിതിവിവരക്കണക്കുകൾ, സെൻസസ് റിപ്പോർട്ട്, സർക്കാറിന്റെ വിവിധ ആഫീസ് രേഖകൾ എന്നിവ നല്കിയവരേയും ആസൂത്രണ പ്രവർത്തന ങ്ങളിൽ പങ്കാളികളാവാൻ എല്ലാ നാട്ടുകാരുടേയും കലവറയില്ലാത്ത സഹകരണവും, ആ ത്മാർത്ഥതയും, കൂട്ടായ്മയും നല്കി റിപ്പോർട്ട് തയ്യാറാക്കുന്നതിന് സഹകരിച്ച എല്ലാവരുടേയും പേര് എടുത്തു പറയുന്നതിന് സ്ഥലപരിധി അനുവദിക്കുന്നില്ല. അതു കൊണ്ട് അത്തരം പരാമർശത്തിന് മുതിരുന്നില്ല.

ആസൂത്രണ പ്രവർത്തനങ്ങളിലും, ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിനും സഹകരിച്ച, സഹായിച്ച, ഉത്തരവാദിത്വമേറ്റെടുത്ത എല്ലാ ബഹുമാന്യ വ്യക്തികളോടും, നാട്ടുകാരോടും പുറമറ്റം ഗ്രാമ പഞ്ചായത്തു കമ്മിറ്റിക്കുള്ള നിസ്സീമമായ നന്ദി രേഖപ്പെടുത്തികൊള്ളുന്നു.

എന്ന്

റ്റി.എസ്. മന്മഥൻ
പ്രസിഡന്റ്
പുറമറ്റം ഗ്രാമ പഞ്ചായത്ത്

''ഭാവി തലമുറയ്ക്കുവേണ്ടി പ്രകൃതിയെ സംരക്ഷിക്കുക എന്നത് ഇന്നത്തെ തലമുറയുടെ സാമൂഹ്യ ഉത്തരവാദിത്വവും ബാദ്ധ്യതയും''

''മനുഷ്യന്റെ ചെറിയ ഇടപെടലുകൾ പോലും ജൈവ വൈവിധ്യത്തെ ദോഷമായി ബാധിക്കും''

4217

''ഇൻഡ്യ ജീവിച്ചാൽ പിന്നെ ആരു മരിക്കും''
''ഇൻഡ്യ മരിച്ചാൽ പിന്നെ ആരു ജീവിക്കും''

ഒൻപതാം പദ്ധതി ജനകീയ പദ്ധതി

ജനകീയ ആസൂത്രണ പ്രസ്ഥാനം ജന നന്മയ്ക്ക്

അധികാര വികേന്ദ്രീകരണവും
വികേന്ദ്രീകൃത ആസൂത്രണവും
ജനകീയ ആസൂത്രണത്തിന്റെ മുഖമുദ്ര

വിഭവം വികസന നിദാനം
ഗ്രാമവികസനം വിഭവ ലഭ്യതയിലൂടെ

ജനകീയ ആസൂത്രണ പ്രസ്ഥാനത്തിൽ
നിങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുക.